
പുസ്തകം 9 ലക്കം 6
മെയ് 2019
വില 15 രൂപ
പുതുതലമുറയ്ക്കായ്
Eka Thathwa
മാസിക
എല്ലാം അവന്റെ സൃഷ്ടി...

## ഏക തത്ത്വ പുസ്തകപ്രകാശനം 2019 മാർച്ച് 28. പാലക്കാട്ടിലെ വേദി...



# പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ് പിന്നിട്ട നാൾവഴികൾ

ശ്രീ. ടി. വി. നാരായണൻ കുട്ടി സാറുടെ ‘പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ് പിന്നിട്ട നാൾവഴികൾ’ എന്ന പുസ്തകം 2019 മാർച്ച് 28ന് പ്രകാശിതമായി. പാലക്കാട് ഗവ. പോളിടെക്നിക് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പാൾ ശ്രീ. എൻ. രാമചന്ദ്ര പിഷാരടി ഇപ്പോഴത്തെ പ്രിൻസിപ്പാളായ ശ്രീ. എം. ചന്ദ്രകുമാറിന് നൽകിക്കൊണ്ട് രാവിലെ 11 മണിക്ക് പോളിടെക്നിക്കിൽ വെച്ച് പ്രകാശനകർമ്മം നിർവ്വഹിച്ചു. പോളിടെക്നിക്കിലെ അദ്ധ്യാപകരും ജീവനക്കാരും അഭ്യുദയകാംക്ഷികളും ചടങ്ങിന് സാക്ഷ്യം വഹിച്ചു. ഏക തത്ത്വയാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.



*സദസ്സ്*


**HOLY HIMALAYA**

**TOURS & TRAVELS**

"KAILASAM", PONOTH ROAD, KOCHI-682 017

9961 200 400, 9961 200 500, 0484-4020399

**OUR PILGRIMAGES - 2019**

2019 JUNE

**കൈലാസ – മാനസസരോവർ**

ശിവപാർവ്വതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരസും കാഠ്മണ്ഡുവിലെ പശുപതിനാഥ്, സ്വയംഭൂനാഥ്, മുക്തിനാഥ് ക്ഷേത്രങ്ങളും കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു

HELICOPTER TRIP - RS. 1,99,800/-

**അമർനാഥ് – വൈഷ്ണോദേവി**

ശിവകോടി ഗുഹാക്ഷേത്രം, ശ്രീനഗർ, ഗുൽമാർഗ്

FLIGHT TRIP - 2019 ജൂലൈ - RS. 39,800/-

**ലേ, ലഡാക്ക്, കാർഗിൽ, ശ്രീനഗർ, ഗുൽമാർഗ്**

(ജൂലൈ)

Flight Trip - Kochi to Leh & Sri Nagar to Kochi

യാത്രാനിരക്ക്: Rs. 27,800/- + Flight Fare

**കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി**

(സെപ്തംബർ)

ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ജോഷിമഠം, വ്യാസഗുഹ, ഗണേഷ്ഗുഹ, ഉത്തരകാശി

(Including Kedarnath Helicopter) Rs. 31,800/- (From Delhi)

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 9 ലക്കം 6**
**മെയ് 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 – വരവുചിലവുകണക്കിന്റെ ഒരാധുനിക വിധം
– എം. എം.മേനോൻ
8 – ഭൗതിക-ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം
– വി. കെ. എം. നായർ
15 – അല്പം നാടകക്കാര്യം – മുക്കം ഭാസി
26 – നിളയുടെ ദുഃഖം – മനോഹരി സി. ബി.

**കഥ**
20 – പാർട്ട് ടൈം കുട്ടികളും മൂന്നീസ ടീച്ചറും – അബ്ദുറബ്ബ് പറളി
21 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
28 – കൂട്ടുകാർ – ടി. കെ. ഉണ്ണികൃഷ്ണൻ
29 – പ്രണയച്ചൂട് – ഉണ്ണി വിശ്വനാഥ്
31 – ഒരു മയിൽപ്പീലി സ്പർശം – ജിഷ രതീഷ്
34 – എല്ലാം ഒരു സ്വപ്നം പോലെ – കൃഷ്ണ എഴക്കാട്
34 – വല അയഞ്ഞാൽ – പി. ആർ. ജോസ്
36 – നീന്തൽ വിജ്ഞാനകോശം – വാസുദേവൻ തച്ചോത്ത്
39 – ദർപ്പണം – പങ്കു ജോബി
42 – ഗതിവിഗതികൾ അഥവാ പൊന്നിൻകുരിശ് – ഇന്ദു മാരാത്ത്

**കവിത**
19 – ബ്രോയ്ലർ – വിനോദ് ചെത്തല്ലൂർ
20 – അപനിർമ്മിതി, പരിമിതി – മുകുന്ദൻ കുറുവട്ടൂർ
21 – സുവർണ്ണ വിശ്വം – എം. കെ. ശശിധരൻ
29 – രഹസ്യം – ഹാഷ് രഷി
41 – മഴക്കാലസന്ധ്യകൾ – ശങ്കരൻ കോറോം
41 – മഴ മേഘങ്ങളേ – ശ്രീപ്രകാശ് ഒറ്റപ്പാലം

**മഹാത്മ**
11 – ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള ഒരുക്കം – ബിന്ദു . കെ

**കാഴ്ച്ചപ്പുറങ്ങൾക്കപ്പുറം**
13 – ഓർമ്മച്ചെപ്പിലെ നാട്ടുമണങ്ങൾ – രാജേന്ദ്രൻ വയല

**ആരോഗ്യം**
14 – ലോക്കോമോട്ടോർ അറ്റാക്സിയ – ഡോ. സി. രാമകൃഷ്ണൻ

**യാത്രാവിവരണം**
16 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**വിജ്ഞാനച്ചെപ്പ്**
24 – വിദ്യാധനം സർവ്വധനാൽ പ്രധാനം – ഡോ. ഒ. സി. പ്രമോദ്

**പാചകം**
27 – കാബേജ് വട – തുളസി അച്ചൻ
27 – മസാലക്കറി – ജയ ചന്ദ്രൻ

**ഗായകരത്നങ്ങൾ**
22 – മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല
നക്ഷത്രങ്ങൾ – ടി. വി. നാരായണൻ കുട്ടി

**പൊതുവിജ്ഞാനം**
35 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**പുസ്തകപരിചയം**
38 – മനസ്സാക്ഷിയുടെ തടവുകാർ – രോഹിണി

**ദൈവനാമത്തിൽ**
42 – പൂർത്തീകരണം – മുഹമ്മദ് കനി



# എല്ലാം അവന്റെ സൃഷ്ടി...!

ഇ. ടി. മുരളീധരൻ

**അ**ഞ്ചക്ക ശമ്പളമൊന്നും പോരാ, ആറ് അക്ക ശമ്പളം വേണം. ചെറുപ്പക്കാർ പരക്കം പാച്ചിലിലാണ്. കിട്ടിയ ജോലിയേ നിഷ്പ്രയാസം ഉപേക്ഷിച്ച് ശമ്പളം കൂടുതലുള്ള ജോലിയിലേയ്ക്ക് പ്രവേശിച്ചുകൊണ്ടേ ഇരിക്കുന്നു. ജോലിയുടെ സ്വഭാവത്തെ പരിഗണിക്കാതെ തീരെ വ്യത്യസ്തങ്ങളായ ജോലികളിലേയ്ക്ക് മാറാനും തയ്യാറാണ്. പണി അറിയേണ്ട, അടുത്തൊരു എം. എൻ. സി. കമ്പനിയിൽ ജോലി കിട്ടും വരെ എങ്ങിനെയെങ്കിലുമൊക്കെ പിടിച്ചുനിന്ന് ശമ്പളം പറ്റണം, ആർഭാടമായി ജീവിക്കണം അത്രയേയുള്ളു.

കൈയിൽ പതിനായിരങ്ങൾ ഉള്ളപ്പോൾ ഫൈവ് സ്റ്റാർ ഹോട്ടലിലേ ഭക്ഷണം കഴിക്കൂ. പിന്നെ കാശൊന്ന് കുറയുമ്പോൾ ഹോട്ടലിന്റെ സ്റ്റാൻഡേർഡ് കുറഞ്ഞുകുറഞ്ഞു വരും. പിന്നെ രണ്ടു രൂപയ്ക്ക് കപ്പലണ്ടി കഴിച്ച് വെള്ളം കുടിച്ചുജീവിക്കേണ്ട സ്ഥിതി വരുമ്പോഴാണ് ചെയ്തുപോയ ധൂർത്തിനെക്കുറിച്ച് ചിന്തിക്കുകയുള്ളു. ജീവൻ നിലനിർത്താൻ അല്പം ഭക്ഷണം മതി. അമിതമായി കഴിക്കുന്നത് രോഗങ്ങൾ ഉണ്ടാക്കും. പണം ഉണ്ടല്ലോ രണ്ടിനും. അപ്പോൾ പിന്നെ കുഴപ്പമില്ല. ഇതുപോലെയാണ് വസ്ത്രവും വാഹനവും എല്ലാം. മാനം മറയ്ക്കാനുള്ള വസ്ത്രത്തിന് വിലകുറവാണ് പക്ഷെ ഫാഷൻ ഡ്രസ്സുകൾക്ക് തുണി കുറവ് മതി. നല്ല വിലയും കൊടുത്ത് അതേ വാങ്ങൂ, എന്നിട്ട് എല്ലാം പ്രദർശിപ്പിച്ച് നടക്കും. ഒടുവിൽ പീഡിപ്പിച്ചെന്ന് പരാതിയും കേസുമായി ജീവിക്കും. അതുപോലെ ചിലർ നല്ല സ്പീഡിൽ ഓടിച്ചുപോകാവുന്ന വാഹനം നല്ല വില കൊടുത്തുവാങ്ങി അതിൽ കയറി പതുക്കെ ഓടിച്ചുപോകും ആളുകളെ കാണിക്കാൻ. മറ്റൊരുവൻ അതിലും നല്ല വണ്ടിയുമായി മുന്നിൽ വന്നാൽ അയാളോട് മത്സരിച്ചുജയിക്കാനായി അതിവേഗത്തിൽ ഓടിച്ച് മരത്തിലും കടകളിലും ഇടിച്ചുമറിഞ്ഞ് തന്നോടൊപ്പം പരോക്ഷമായി സ്പീഡ് ഡ്രൈവിങ്ങ് ആസ്വദിച്ചിരുന്ന, ഇഷ്ടപ്പെട്ടിരുന്ന വ്യക്തികളെക്കൂടി കുരുതി കൊടുത്ത് അവസാനിക്കും. നമ്മളോളം വിലയില്ല നമ്മൾ നിർമ്മിച്ച പലതും എന്ന് തിരിച്ചറിയാതെ ജീവിക്കുന്നല്ലോ പലരും.

നിങ്ങൾക്ക് ദൈവം നല്കിയ കണ്ണുകൾക്കെന്താ വില, കാതുകൾക്കെന്താ വില, ഹൃദയത്തിനെന്താ വില, കിഡ്നിക്കെന്താ വില എല്ലാം അറിയുന്നത് ഇതുപോലെ അമിതവേഗതയിൽ വണ്ടിയോടിച്ച് അപകടത്തിൽപ്പെട്ട് ഇവ നഷ്ടപ്പെടുമ്പോഴാവാം. അനങ്ങാനാവാതെ കിടക്കുമ്പോൾ മീതെ പുതയ്ക്കാൻ ഒരു തുണ്ട് തുണി മാത്രമേ വേണ്ടൂ. വില കൂടിയ വസ്ത്രങ്ങൾ ആവശ്യമില്ലല്ലോ. എല്ലാം തിരിച്ചറിയാനാണ് ഇവിടെ ഈ ജീവിതം തന്നിരിക്കുന്നത്. പലതും അനുഭവിച്ചുതന്നെ പഠിക്കണം. അങ്ങിനെ പാഠങ്ങൾ പലതും കിട്ടിയിട്ടും പഠിക്കാത്തവരും ഇവിടെയുണ്ട്.

വിശന്നുവലഞ്ഞ് ഒരു ഹോട്ടലിൽ കയറിയാൽ കിട്ടിയ ഭക്ഷണം ആസ്വദിച്ച് കഴിക്കും നാം. പക്ഷെ വിശന്നിട്ടല്ലല്ലോ നമ്മൾ പലപ്പോഴും ഹോട്ടലിൽ കയറാറ്. അതുകൊണ്ടുതന്നെ ഭക്ഷണം കിട്ടും വരേയും കിട്ടിക്കഴിഞ്ഞാലും അടുത്തുള്ളവർ മറ്റു ടേബിളിലുള്ളവർ എന്താണ് കഴിക്കുന്നത് എന്ന് നോക്കും. എല്ലാം മാറി മാറി കഴിക്കാൻ തോന്നും. ഇതാണ് എല്ലാ കാര്യത്തിലുമുള്ള നമ്മുടെ അവസ്ഥ. ദൈവം നമുക്കുതന്ന ആരോഗ്യത്തെയല്ല അടുത്തവീട്ടിലെ അനാരോഗ്യത്തെയാണ് നമ്മൾ നോക്കുന്നത്. എന്നിട്ട് അവരെ പരിചരിക്കാനോ ആശ്വസിപ്പിക്കാനോ അല്ല നമ്മൾ ശ്രമിക്കാറ്. ആ വഴിക്ക് പോകാതിരിക്കാനും അവർക്ക് വന്നത് നന്നായി, അങ്ങിനെത്തന്നെ വേണം എന്നതുമാണ് നമ്മുടെ ചിന്ത. എല്ലാ കാര്യത്തിലും നാം അടുത്തവനെ നോക്കി സമയം കളയുന്നതിലും ഭേദം സ്വന്തം കഴിവുകളെ കുറിച്ചും കഴിവുകേടുകളെക്കുറിച്ചും അർഹതയില്ലാതെ ലഭിച്ച സൗഭാഗ്യങ്ങളെക്കുറിച്ചും തിരിച്ചറിഞ്ഞ് ഏവർക്കുമായി ജീവിക്കുകയാണ് വേണ്ടത്.

വേദനിക്കുന്നവനെ നിരുപാധികം ആശ്വസിപ്പിക്കാനായാൽ അത് നല്കുന്ന സംതൃപ്തി വേറൊന്നിൽ നിന്നും ലഭിക്കില്ല. നമുക്കുചുറ്റും ജീവിക്കുന്നവരെ ശ്രദ്ധിക്കുക. ഭൂരിഭാഗം ആളുകളും ജാട കാട്ടിയാണ് ജീവിക്കുന്നത്. മനഃപൂർവ്വമല്ല എങ്കിലും അതിൽ നിന്ന് താഴാനവർക്കിനി ആകില്ല. ഇത്തരം ഒരു സമൂഹത്തെക്കണ്ട് അതിലെത്തിപ്പെടുന്ന പുതുതലമുറകളും അങ്ങിനെയാകുന്നു. ഇതിന് മാറ്റം വരുത്താൻ ചിന്തകരും കലാകാരൻമാരുമായ ചിലർക്കെങ്കിലും സാധിക്കണം. അറിയാതെ വലിഞ്ഞുകയറി കൊമ്പത്ത് എത്തിയതാണ്. അവർക്ക് താഴെ ഇറങ്ങണമെന്നുണ്ട് പക്ഷെ എന്തുകൊണ്ടോ ഈ സമൂഹം അനുവദിക്കുന്നില്ല. ചെയ്യുന്ന പലതും തെറ്റാണെന്ന് ഏവർക്കും അറിയാം പക്ഷെ അങ്ങിനെ ചെയ്യാതെ പിടിച്ചുനിൽക്കാനാകില്ല എന്ന് കരുതി ഒഴിക്കിനൊപ്പം പോകുകയാണ് പലരും. ശരിക്കും ഒഴിക്കില്ല. എല്ലാവരും കൂടെ ഒരേ ദിശയിൽ ചലിച്ചപ്പോഴുണ്ടായതാണീ ഓളം. പിന്നെ ചലിക്കാതിരിക്കാൻ പറ്റാതായി. ചലിച്ചുതുടങ്ങിയപ്പോൾ വേഗത നിയന്ത്രിക്കാനാവാതെയുമായി. ഒഴുക്കിനെ നിർത്തണമെങ്കിൽ ഓരോരുത്തരായി നിൽക്കണം. അതിന് നാമോരോരുത്തരും അറിഞ്ഞുകൊണ്ട് ശ്രമിക്കണം. മനുഷ്യനാകാതെ മറ്റെന്തായിട്ടും കാര്യമില്ല. കാണാനും പഠിക്കാനുമായി നമുക്കുചുറ്റും വിന്യസിച്ച കാര്യങ്ങളെ സാവധാനം കണ്ടും നിരീക്ഷിച്ചും പോയില്ലെങ്കിൽ എല്ലാം കാണാനായി വീണ്ടും തിരിഞ്ഞുനടക്കേണ്ടിവരും. അത് വേദന നല്കും. അതുകൊണ്ട് മുന്നോട്ടുതന്നെ സാവധാനം പോയാൽ മതി. ഇതുവരെ വേഗത്തിൽ നടന്ന് കാണാതെ പോയ കാഴ്ചകൾ കാണാനായി ഇനിയും ഒരുപക്ഷെ പുനർജ്ജനിച്ചേക്കാം. പുനർജന്മങ്ങൾ കുറയ്ക്കുന്നതിനായെങ്കിലും ഈ ജന്മം തന്നെ പരമാവധി കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കൂ.

***ഗർഭപാത്രത്തിൽ പുക്കും പുറപ്പെട്ടും***
***കർമ്മം കൊണ്ടു കളിക്കുന്നതിങ്ങനെ...***
**( ജ്ഞാനപ്പാനയിൽ നിന്ന്)**

നേതാവിന് വല്ലാത്ത ആവേശം. ഡിജിറ്റൽ ഡോൾബിയിൽ അലക്കുകയാണ്. അഞ്ചുകൊല്ലത്തിൽ ഒരിക്കൽ മാത്രമേ ഈ വിധത്തിൽ വെയിലുകൊണ്ട്, ആളുകളെ കണ്ടുനടന്ന് ബുദ്ധിമുട്ടേണ്ടതുള്ളു, പിന്നെ പരമസുഖമാണ്. പക്ഷെ കേൾവിക്കാർ നിസ്സംഗരായി കേട്ടിരിക്കുന്ന അവസ്ഥയാണിപ്പോൾ. വേദിയിൽ ഇരിക്കുന്നവർ കൈയ്യടിക്കാൻ ആംഗ്യം കാണിക്കുമ്പോൾ മാത്രമാണ് നിർജ്ജീവമായ കാണികളിൽ ചിലർ കൈയ്യടിക്കുന്നത്. പഴയ കാലത്തേതുപോലെ കരഘോഷത്തിന് തീരെ ശബ്ദമില്ല. കാരണം ജനങ്ങൾ എല്ലാം മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അവർ എല്ലാ സമ്മേളനങ്ങളിലും പോകുന്നു, പല നേതാക്കളുടേയും പൊള്ളത്തരങ്ങൾ മനസ്സിലാക്കിവരുന്നു. ഭരണം ലഭിച്ചാൽ അറുപത് ശതമാനം അല്ലെങ്കിൽ നാൽപ്പതു ശതമാനം കിട്ടും. എന്തായാലും ഇരുകൂട്ടർക്കും കിട്ടും അനധികൃത പണം. അവർ ഒരുമടിയും കൂടാതെ കുഞ്ഞാടുകളെപ്പോലെ വീതിച്ചെടുക്കും. എങ്കിലും നാൽപ്പത് ശതമാനത്തേക്കാൾ നല്ലത് അറുപത് ശതമാനമല്ലേ ? അതിനായൊരു ശ്രമം അത്രയേയുള്ളു ഇലക്ഷൻ സമയത്തെ പരാക്രമങ്ങൾ.

എല്ലാ രാഷ്ട്രീയ പാർട്ടിയിലും കുറച്ച് ആത്മാർത്ഥതയുള്ളവരുണ്ട്. അതുകൊണ്ട് കുറച്ച് വോട്ടുകിട്ടുന്നു. ബാക്കിയെല്ലാം പണത്തിന്റെ പണിയാണ്. ആര് കൂടുതൽ കൊടുക്കുന്നു അവന് വോട്ട്. നേതാവും അങ്ങിനെയാണ്, ആദർശങ്ങളൊന്നുമില്ല. അടുത്ത അഞ്ചുകൊല്ലം ആരാണ് ജയിക്കാൻ സാധ്യത, അവരുടെ കൂടെക്കൂടി സ്തുതി പാടും. ഒരു വ്യവസ്ഥയുമില്ല ആർക്കും. ഒരിക്കൽ ഗാന്ധിജി നല്ലവനാണെങ്കിൽ പിന്നെ ഗോഡ്സെയാവും നല്ലത്. തീർന്നില്ല, പിന്നേയും ഗാന്ധിജി നല്ലവനാകും. 'ഇപ്പ കണ്ടവനെ അപ്പാ' എന്ന് വിളിക്കുന്നവർ രാഷ്ട്രീയത്തിൽ കൂടിവരുന്നു. അവരെ കണ്ടറിഞ്ഞ് ഒറ്റപ്പെടുത്തുക എന്നൊന്നും ഇന്ന് പറയാനാവില്ല കാരണം അത്തരക്കാരാണ് ഭൂരിഭാഗവും. ചെറുപ്പക്കാർ പത്ത് കാശ് അധികം കിട്ടുമ്പോഴേയ്ക്കും പഴയ കമ്പനിയെ കുറ്റം പറഞ്ഞ് പുതിയ കമ്പനിയിലേയ്ക്ക് പോകും പോലെ രാഷ്ട്രീയ പ്രവർത്തനവും ഒരു എം. എൻ. സി. കമ്പനിയാണ് പലർക്കും. അതിനിടയിൽ രാഷ്ട്രവുമില്ല ഇവിടുത്തെ ജനതയുമില്ല, അവർക്ക് സ്വന്തം കാര്യം. എങ്ങിനേയും ആർഭാടമായി ജീവിക്കണം. ഓരോ രാഷ്ട്രീയക്കാരനേയും നോക്കുക. അവർ രാഷ്ട്രീയത്തിൽ വരുമ്പോൾ എന്തായിരുന്നു സ്ഥിതി. ഇപ്പോഴെന്തായി അവന്റെ ജീവിത നിലവാരം. ചോട്ടാ നേതാവിനുപോലും ഇന്നോവ കാറിൽ കുറഞ്ഞ കാറില്ല. കൈയിൽ റാഡോ വാച്ചും ഒരു ബുള്ളറ്റും വേണം. കടം വാങ്ങാൻ ചെല്ലുമ്പോൾ അത് കാണുമ്പോഴേ വായ്പ കൊടുക്കുന്നവൻ പണം നല്കൂ. അതുപോലെ രാഷ്ട്രീയ നേതാവിന് നല്ല സാമ്പത്തിക സ്ഥിതി വേണം അല്ലെങ്കിൽ ആദർശം കൊണ്ടൊന്നും പിടിച്ചുനിൽക്കാനാകില്ല എന്നവിധത്തിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു. നടന്നോ സൈക്കിളിലോ പോകുന്ന നേതാവിനെ ആർക്കുവേണം ? അതുപോലെ പണം വാങ്ങാതെ ചികിത്സിക്കുന്ന ഡോക്ടറെ, പഠിപ്പിക്കുന്ന അദ്ധ്യാപകരെ ആർക്കും വേണ്ട. സ്വന്തം കഴിവുകളിൽ വിശ്വാസമില്ലാത്തവരാണ് അവർ എന്നുകരുതുന്ന സമൂഹമാണിന്നുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരണം. നേരത്തേ പറഞ്ഞതുപോലെ നമ്മൾ ആദ്യം നമ്മുടെ പ്രവർത്തിയെ തന്നെ വിലയിരുത്തി യാത്ര സാവധാനമാക്കണം. അതുപോലെ ഓരോരുത്തരും സ്വയം എന്തെന്ന് മനസ്സിലാക്കി തുടങ്ങുമ്പോൾ പിന്നെ ഈ ഒഴുക്കും (പണത്തിനായുള്ള പരക്കംപാച്ചിൽ) സാവധാനമാകും.

ഓരോ രാഷ്ട്രീയ പാർട്ടികളും പരസ്പരം ചെളി വാരി എറിഞ്ഞു. മറ്റുള്ള പാർട്ടിയിലെ കുറവുകൾ വിളിച്ചുപറഞ്ഞ് വോട്ടിനായി അപേക്ഷിച്ചു. ശരിക്കും മറുഭാഗത്തെ കുറവുകൾ വിളിച്ചുപറയാൻ ഉത്തമൻ ആ പാർട്ടിയിൽ നിന്ന് കാലുമാറി വന്നവർക്കാണ് സാധിക്കുക. കാരണം ഇപ്പോൾ നല്ല കുട്ടിയാണ് എന്നാണ് വെയ്പ്പ്. അധികാരം കിട്ടുകയേ വേണ്ടൂ പണി തുടങ്ങിയിരിക്കും. കോടതിയും രാജ്യസുരക്ഷാനേട്ടങ്ങളും മുൻപെങ്ങുമില്ലാത്തവിധം ഈ രാഷ്ട്രീയക്കാരുടെ വരുതിയിലായി. ഇനി ജനത്തിന് എവിടെനിന്ന് ലഭിക്കും നീതി ? ഓരോരുത്തരും നല്ല മാറ്റത്തിനായി ശ്രമിക്കണം. പതിവുപോലെ ഇത്തവണയും മണ്ടത്തരം പറ്റിയോ എന്നറിയാൻ മെയ് 23 വരെ കാത്തിരിക്കണം. അർഹതപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭരണാധികാരിയേ തന്നെ ലഭിയ്ക്കും തീർച്ച.

അക്രമരാഷ്ട്രീയത്തിലൂടെ ജീവൻ നഷ്ടപ്പെട്ടവരെക്കുറിച്ച് ദയനീയസ്വരത്തിൽ വിളിച്ചുപറഞ്ഞ് രാഷ്ട്രീയപ്രചരണവാഹനങ്ങൾ റോഡുകളിലൂടെ തലങ്ങും വിലങ്ങും ഓടി. രാഷ്ട്രീയകൊലപാതകങ്ങളെ പരസ്പരം ഓർമ്മപ്പെടുത്തി ഭരണനേട്ടങ്ങൾ അല്ലെങ്കിൽ കോട്ടങ്ങൾ പറയുന്നതിനുപകരം വേറെന്തെല്ലാമോ പറഞ്ഞുകൊണ്ട് വലവീശി. ഏപ്രിൽ 23ന് ഓരോരുത്തരായി വലയിൽ സ്വയം അകപ്പെടും. ആരെല്ലാം ഏതെല്ലാം വലയിൽ വീണെന്ന് മെയ് 23ന് വലവലിച്ചു കയറ്റുമ്പോൾ അറിയാം. എന്തായാലും ഏത് വലയിൽ കുടുങ്ങിയ മീനാണെങ്കിലും രക്ഷയില്ല. അവർ നിശ്ചയിക്കും പോലെ, നിശ്ചയിക്കും വരെ മാത്രം ബുദ്ധിമുട്ടി ജീവിക്കാം. രാഷ്ട്രീയത്തിലേക്ക് പലരും കടന്നുവരുന്നതുതന്നെ വല ഏറിയുന്നവനാകാനാണ്. അതാണ് ബുദ്ധിയും. എങ്ങനെ വലയെറിഞ്ഞാലും ആരെങ്കിലുമൊക്കെ അവർക്കും കിട്ടും. അവരെ കൊണ്ട് ഹർത്താലും ബന്ദും കൊലപാതകങ്ങളും നടത്തി ഒന്നുമറിയാത്തതുപോലെ പുതിയ വലകൾ നെയ്യാൻ തുടങ്ങും. പഴയ വലയെ ഉപേക്ഷിച്ചെന്നും വരും.

ഒരു പെണ്ണിനെ കല്യാണം കഴിച്ചു കൊണ്ടുവന്ന് വീട്ടുജോലിക്കാരിയാക്കി ജീവിക്കുന്ന ഭർത്താക്കൻമാർ ഉണ്ട്. ഭക്ഷണം കൊടുക്കാതെ ഒരു കുടുംബിനിയെ ഈയിടെ കൊന്നു. മരിക്കുമ്പോൾ അവൾക്ക് വെറും ഇരുപത് കിലോ മാത്രം തൂക്കം. മനുഷ്യത്വം എവിടെ ?! അതുപോലെ പ്രേമിച്ച പെണ്ണിനെ പെട്രോൾ ഒഴിച്ച് കത്തിച്ചു കാമുകൻ. ആദ്യം സ്നേഹിക്കാനറിയണം എന്നിട്ടുവേണ്ടേ പ്രേമിക്കാൻ? ഇത് ആദ്യം പ്രേമിക്കും പിന്നെ സ്നേഹിക്കാൻ മറക്കും. തമ്മിൽത്തല്ലി പിരിയും, വകവരുത്തും. ഇവനും മനുഷ്യനോ ? ഈയിടെ നടന്ന മറ്റൊരു സംഭവം, മൂന്ന് കുട്ടികളായതിൽ പിന്നെ ഒരു കുടുംബിനിക്ക് മറ്റൊരാളോട് പ്രേമം. അവന്റെ കൂടെ ഉത്തരവാദിത്വമില്ലാതെ ജീവിക്കുന്നത് കണ്ട് സഹികെട്ട അവളുടെ അമ്മ ദേഷ്യം തീർക്കുന്നത് പേരക്കുട്ടിയോട്. അതുപോലെ മറ്റൊരിടത്ത് ഒരു കുട്ടിയുടെ കൈയിലും കാലിലും പിടിച്ചുതൂക്കി പലകുറി എറിഞ്ഞ് തലയ്ക്ക് അടിച്ചുകൊന്നു രണ്ടാനച്ഛൻ. രണ്ടാനച്ഛനാണോ മൂന്നാനച്ഛനാണോ എന്നതല്ല പ്രശ്നം. ഇവൻ മനുഷ്യനാണോ എന്നതാണ്. ഇവിടെ കുട്ടികൾ എന്ത് തെറ്റുചെയ്തു ? കുട്ടികളെ ഓട്ടോയിൽ കുത്തിനിറച്ച് സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്ന ഓട്ടോക്കാരൻ പലപ്പോഴും കൈത്തരിപ്പ് തീർ

ക്കുന്നതും ഈ കുട്ടികളുടെ പുറത്ത്. വേദപഠനത്തിനുപോകുന്ന കുട്ടികളെ അദ്ധ്യാപകർ പീഡിപ്പിക്കുന്നു. എല്ലാ അതിക്രമങ്ങളും സ്ത്രീകളുടേയും കുട്ടികളുടേയും നേർക്ക്. ഇത്തരം സംഭവങ്ങളുടെ പുറകിൽ മദ്യത്തിനും മയക്കുമരുന്നിനും വലിയ പങ്കുള്ളതായി കാണാം. എന്നിട്ടും മദ്യത്തെ സർക്കാർ തന്നെ പ്രചരിപ്പിക്കുന്നുണ്ടല്ലോ. അത് നിർത്താനായി ശ്രമിച്ച് ഒരുപരിധി വരെ സാധിച്ചവരിൽ ഒരുവനെ മരണം വരേയും ബാർ കോഴ കുറ്റം ആരോപിച്ച് ക്രൂശിച്ചില്ലേ ? സോളാർ പെണ്ണിനെ ഇപ്പോൾ ആർക്കുവേണം ? അവൾ ഒരു ഇര മാത്രമായിരുന്നു പലർക്കും. കാര്യം കഴിയുമ്പോൾ കറിവേപ്പിലയാക്കുമെന്ന് മനസ്സിലാക്കാനാവാതെ പോകുന്നിടത്താണ് പ്രശ്നം. അങ്ങിനെ പലവിധത്തിലും ആളുകൾ ഇവിടെ ആകെ കലിതുള്ളി നില്ക്കുകയാണ്. വേണമെങ്കിൽ നീയും സുഖിച്ചോ അല്ലാതെ ആദർശം പറഞ്ഞ് ജീവിതം കളയണോ ? ഈ ജീവിതം ഒന്നേ ഉള്ളു എന്നാണ് ചിലർ പറയുന്നതും കരുതുന്നതും. ഇതിനൊരു മറുജീവിതമുണ്ടെന്ന് ആരറിയുന്നു ? ചിന്തിക്കുന്നു ? കണ്ണുകൊണ്ട് കാണുവാൻ കഴിയുന്നവയേ തന്നെ മുഴുവനായി ശാസ്ത്രം കണ്ടെത്തിയിട്ടില്ല. പിന്നെയല്ലേ പുനർജന്മവും പരലോക ജീവിതവും. സമയം പിടിക്കും മനസ്സിലായിവരാൻ. അപ്പോഴേയ്ക്കും ചെയ്ത തെറ്റുകൾക്കുള്ള ശിക്ഷയെന്നോണം മുക്കിയെടുക്കാനുള്ള എണ്ണ നരകവീഥിയിൽ പിന്നേയും തിളക്കുന്നുണ്ടാകുമോ?

ദൈവം സൃഷ്ടിച്ചതാണ് ഈ മഹാപ്രപഞ്ചമെന്നു വിശ്വസിക്കുന്നു. അതിലെ അത്ഭുതങ്ങളെക്കുറിച്ച് പറയും, പഠിപ്പിക്കും. പിന്നെ നമ്മുടെ ദൈവത്തിനാണ് ശക്തി, ആ ദൈവമാണ് ഇതെല്ലാം സൃഷ്ടിച്ചിരിക്കുന്നത് എന്നും പറയും. ഒരാളെ കൊണ്ട് ഇതെല്ലാം പരിപാലിക്കാനാകുമോ അതുകൊണ്ട് കുറേയേറെ ദൈവങ്ങൾ ഉണ്ടെന്നും പറഞ്ഞേക്കാം. ഇതെല്ലാം കേട്ടും ചിന്തിച്ചും യഥാർത്ഥത്തിൽ ചെയ്തു തീർക്കേണ്ട കർമ്മങ്ങളിൽ നിന്നും വ്യതിചലിച്ച് ദൈവത്തെ അന്വേഷിച്ചുനടക്കും. എന്റെ ദൈവത്തിന്റെ ദൈവരാജ്യം വരണം എന്ന് ശഠിക്കും. അതിനുവേണ്ടി അറുംകൊലകളും കൂട്ടക്കുരുതികളും നടത്തും. എല്ലാം ദൈവത്തിനുവേണ്ടി ചെയ്യുന്ന മഹത്കാര്യങ്ങളാണെന്ന് അവരെ ഈ വിധത്തിലാക്കി സുഖമായി വാഴുന്ന മതപണ്ഡിതൻമാർ പറയും. ഇവരും രാഷ്ട്രീയക്കാരെപ്പോലെയാണ്. ഈയിടെയായി ഇക്കൂട്ടർ രണ്ടുപേരുംകൂടി കൈകോർത്തിരിക്കുകയാണ്. ആരെ കുരുതി കൊടുത്തിട്ടായാലും വേണ്ടില്ല ഈ സ്ഥാനമാനങ്ങൾ നഷ്ടമാവാതെ പിടിച്ചുനിൽക്കണം.

നമ്മൾ പിറന്നുവീഴുമ്പോൾ വസ്ത്രം ധരിച്ചിരുന്നോ ? ഇല്ല, പൂർണ്ണ നഗ്നരായിട്ടാണ് ഇവിടെ ഓരോരുത്തരും പിറന്നുവീഴുന്നത്. അതിനുശേഷം ആരോ ആദ്യമായി വസ്ത്രം ഇട്ടുതരുന്നു. സാമ്പത്തിക ശേഷി അനുസരിച്ച് വസ്ത്രത്തിന്റെ ഭംഗിയും ബലവും കൂടും. പിന്നീട് ഈ വസ്ത്രം എന്റേതായി. അതുപോലെ പലപ്പോഴായി മറ്റുള്ളവർ തരുന്ന ഔദാര്യമാണ് നമ്മുടെ പല സ്ഥാനമാനങ്ങളും എന്ന് തിരിച്ചറിയാതെ അട്ടഹസിച്ചു ജീവിക്കുകയാണ്. എല്ലാം ഭാരമാണ് എന്നാൽ മരിക്കാൻ നേരം തുണിയില്ലാതെ ഒരുപക്ഷെ ഒരു പുതപ്പുമാത്രമിട്ട് ഒരുകിടപ്പുണ്ട്. നേടിയതെല്ലാം എന്തിന് വസ്ത്രംപോലും ഇവിടെ ഉപേക്ഷിച്ച് നഗ്നമായൊരു മടക്കം ഏവർക്കുമുണ്ട്. എന്നാലും അതുവരേയും കിട്ടിയതെല്ലാം വാരി സ്വരൂപിക്കും. അറിവില്ലായ്മ കൊണ്ടല്ലേ പാവം.

ഈയിടെ ഒരു പള്ളിയിൽ ആരാധനയ്ക്കായി എത്തിയ നൂറു കണക്കിന് ആളുകളെ ദാരുണമായി കൊലപ്പെടുത്തിയ മറുഭാഗം കരുതുന്നു ദൈവത്തിനുവേണ്ടി ഇത്രയെങ്കിലും ചെയ്യാനായല്ലോ എന്ന്. എന്താണ് ഇക്കൂട്ടർ ശരിക്കും ചെയ്തത് ? ദൈവം സൃഷ്ടിച്ച കുറേയേറെ ആളുകളെ കൊന്നു അല്ലാതെ പിന്നെന്ത് ? ഒരുപക്ഷെ ദൈവമറിയാതെ മറ്റാരെങ്കിലും സൃഷ്ടിച്ചവരേയാകുമോ ഇവർ കൊന്നത് ? അങ്ങനെ മറ്റാർക്കെങ്കിലും ഇവിടെ സൃഷ്ടികൾ നടത്താനാകുമോ? ചിന്തിക്കില്ല, ഭ്രാന്ത് പിടിച്ചിരിക്കുകയല്ലേ, ഭ്രാന്ത് പിടിപ്പിച്ചിരിക്കുകയല്ലേ. എത്ര പരിശ്രമിച്ചാണ് ഇവിടെ ദൈവത്തിനിരിക്കാൻ, ആരാധിക്കാനായി ദേവാലയങ്ങൾ പണിയുന്നത്. എല്ലാം സൃഷ്ടിച്ച ദൈവത്തിന് വീട് പണിതുകൊടുക്കുന്നവർ കൂടുന്നു. മറ്റുള്ളവർ വന്ന് ആ വീട് തകർക്കുന്നു, വീണ്ടും കെട്ടുന്നു. ഇത് പരസ്പരം ആവർത്തിക്കപ്പെടുന്നു. മണ്ണപ്പം ചുട്ടുകളിക്കുന്ന കുട്ടികളെപ്പോലെയോ അതിലും മോശമായോ. എന്തായാലും തലയ്ക്കകത്ത് ആൾ താമസമില്ലാത്ത കുറേപേരെ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. അവരാണ് ഈ പണി മുഴുവൻ ചെയ്യുന്നത്. എന്തിനെന്നോ ? പഠിക്കാനായി സൃഷ്ടിക്കപ്പെട്ടവർക്ക് കണ്ടും കേട്ടും പഠിക്കാൻ. അനുഭവിച്ചുതന്നെ പഠിക്കാനായി വന്നവരുമുണ്ട്. ശരിക്കും എത്ര ദൈവമുണ്ട് എന്ന് ചോദിച്ചാൽ ഒന്നേയുള്ളു എന്നു പറയും. എന്നിട്ട് അവരെ രക്ഷിക്കുന്നത് അവരുടെ ദൈവമാണെന്ന് വിശ്വസിക്കും. മറ്റുള്ളവരുടെ ദൈവവും ആരാധനകളും തെറ്റാണെന്ന് പറഞ്ഞ് കലഹം സൃഷ്ടിക്കും. പരസ്യമായല്ലെങ്കിലും സ്വകാര്യമായി ഓരോരുത്തരുടെ ഉള്ളിലും എത്തിപ്പെട്ടിടത്തെ, മതത്തിലെ, ജാതിയിലെ ദൈവ സങ്കല്പങ്ങളെയാണ് ഏറെയിഷ്ടം. മറ്റൊന്നും അവർ അംഗീകരിക്കില്ല. നമ്മളെയെല്ലാം വിധത്തിലും തരത്തിലും പല ജാതിയിലും മതത്തിലും രാജ്യത്തിലുമായി സൃഷ്ടിച്ചവനെക്കുറിച്ച് മനസ്സിലാക്കാൻ, സാധിച്ചാൽ നമുക്കെല്ലാറ്റിനേയും അംഗീകരിക്കുവാനും സ്നേഹിക്കുവാനും മാത്രമേ കഴിയൂ. പക്ഷെ അതിനുംവേണ്ടേ ദൈവത്തിന്റെ ക്ഷണം. അത് കിട്ടാനായി പ്രാർത്ഥിക്കുക, ഏകനായ ദൈവത്തോട്... ഏത് ദൈവത്തോടാണ് പ്രാർത്ഥിക്കേണ്ടത് എന്ന് വീണ്ടും ചോദിക്കരുത്, ദൈവമൊന്നേയുള്ളൂ. ആരും ഇതുവരെ കണ്ടിട്ടില്ലാത്ത, എന്നാൽ നിരന്തരം അനുഭവിക്കുന്ന ദൈവത്തെ... ഞാനാരാധിക്കുന്ന ഇന്ന ദൈവത്തെ കണ്ടു എന്നുപറയുന്നവരുണ്ട്. പക്ഷെ ഓർക്കുക, ഏതു രൂപത്തിലും ദൈവത്തെ കാണാം. അതുകൊണ്ട് ആ രൂപത്തിലാണ് ദൈവം എന്ന് പറയാതിരിക്കുക. പേടിപ്പിക്കുന്ന ഒരു സിനിമ കണ്ടുകഴിയുമ്പോൾ അതിലെ പല രംഗങ്ങളും സ്വപ്നത്തിൽ വന്ന് ഉറക്കം കെടുത്താറുള്ളതുപോലെ ആരാധനയുടെ അപാരതയിൽ ഇതുപോലെ തോന്നലുകളുണ്ടാകും. ചിന്തകൾ അവിടെനിന്നും വീണ്ടും പുരോഗമിക്കണം. നമ്മുടെ മനസ്സ് വിശാലമാകും വരെ... എല്ലാറ്റിനേയും ഉൾക്കൊള്ളാനാകണം ഒരു യഥാർത്ഥ വിശ്വാസിയ്ക്ക്. നമ്മുടെ സഹജീവികളെ മനസ്സിലാക്കാതെ ദൈവത്തെ മാത്രമായി തിരിച്ചറിയാനാകില്ല, അനുഭവിക്കാനാകില്ല. അതിനാൽ ഏവരേയും സ്നേഹിക്കുക ഉപാധികളില്ലാതെ. എല്ലാവരും മനുഷ്യരാണ്. ജാതി, മതം, രാഷ്ട്രം ഒന്നിന്റേയും അതിർവരമ്പുകൾ നമ്മുടെ ചിന്തകളെ ബാധിക്കരുത്. നിരന്തരം മനുഷ്യനാവാൻ ശ്രമിക്കണം. അതിനുശേഷം മതി ദൈവത്തെ അന്വേഷിച്ചുള്ള യാത്രകൾ... രാജ്യകാര്യ

ങ്ങളിലെ രാഷ്ട്രീയ ഇടപെടലുകൾ... അല്ലെങ്കിൽ എല്ലാം ബാലിശം !

ഈ നാട്ടിലും തുടങ്ങി ദൈവ രാജ്യത്തിനായുള്ള പണികൾ. നമ്മുടെ ദൈവത്തിനും വേണ്ടേ ഒരു പ്രത്യേക രാജ്യം. നമ്മളെന്താ മോശക്കാരാ ണോ? വക്രബുദ്ധി പ്രവർത്തിച്ചുതുട ങ്ങിയിരിക്കുന്നു. കോടിക്കണക്കിന് പണം ഇലക്ഷനുവേണ്ടി ചിലവഴിക്കു ന്നതെന്തിന് ? ചിലവാക്കുന്നവർക്ക് പ ല കോടികൾ സമ്പാദിച്ച് സുഖമായി വാഴാൻ. അവർക്കുണ്ടോ ദൈവവും ദൈവരാജ്യവും? അത് വെറും പുറംമൂ ടി. എങ്ങിനെയും ജയിക്കണം. ഇതറി യാതെ അവർക്കുവേണ്ടി ഇലക്ഷൻ നാളിൽ എല്ലാ മതവിഭാഗക്കാരും അവ രവരുടെ രീതിയിലുള്ള പ്രത്യേക പ്രാ ർത്ഥനകൾ നടത്തി. ഈ ഭൂമിയുടെ കൊട്ടിക്കലാശം അടുത്തിരിക്കുന്നു. അതിന്റെ ലക്ഷണങ്ങളാണിവ. ഇത്ര നാളും ജീവിക്കാനനുവദിച്ചിട്ടും പഠി ക്കാത്തവരെ ഓർത്ത് ഒരുപക്ഷെ സൃ ഷ്ടാവും വേദനിക്കുന്നുണ്ടാവുമോ ? അതോ നല്ല നാലുപേരേയും കൊണ്ട് ദൈവമെല്ലാം പുനർസൃഷ്ടിക്കുമോ ?


കവർപേജിലെ ചിത്രം നിങ്ങ ൾ ശ്രദ്ധിച്ചുവോ? ഈ പൂവിന് പക്ഷി യുടെ ആകൃതി കൊടുത്തവനുണ്ടിവി ടെ മറക്കരുത്. പക്ഷിയുടെ ആകൃതി മാത്രമേ കൊടുത്തുള്ളു. പക്ഷിയുടെ മറ്റ് സവിശേഷതകൾ കൊടുത്തിട്ടില്ലെ ന്നും ഓർക്കണം. അറിയണം, അറിയേ ണ്ടവർ അറിയണം. അതുപോലെ ദൈ വം നമുക്കുതന്ന പലതും നമ്മൾ ഉദ്ദേ ശിക്കുന്നതുപോലെയാവണമെന്നില്ല. നമ്മൾ കാണുന്ന പോലെയല്ല. എല്ലാ റ്റിലും എല്ലാം ഉണ്ട്. അതിൽ ഒന്നിനെ മാത്രമായി പറയാൻ പാടില്ല. എങ്കിലും ഒന്നായി കാണാൻ ആയാൽ നീ ഭാ ഗ്യവാൻ, കൃപയുള്ളവൻ, ജ്ഞാനത്തി നായി വന്നവൻ...

ഒരു നന്മയെങ്കിലും ചെയ്യാ ത്തവരായി ആരുണ്ട് ? മാതൃകാപരമാ യി ജീവിക്കുക, എഴുതുക. നാലാളു കൾ അറിയട്ടെ, പ്രചോദനമാവട്ടെ. ഏക തത്ത്വ എന്നും നന്മയോടൊപ്പം സമാധാനകാംക്ഷികൾക്കൊപ്പം...

ഗാന്ധിജി, വിവേകാനന്ദൻ, ശ്രീനാരായണ ഗുരു തുടങ്ങി നമ്മുടെ നാട്ടിൽ തന്നെയുണ്ട് ഒരുപാട് നല്ല മാതൃകകൾ. അവരിലെ നന്മകളെ എടുത്ത് മുന്നേറാം... ആദ്യം അവരോ ളം വളരണം, പിന്നെ അവർക്കും മീ തേ. അഹിംസാ സിദ്ധാന്തം മുറുകെ പ്പിടിച്ച് അറിവിന്റെ വഴികളിലൂടെ ജ്ഞാനത്തിലേയ്ക്ക്... •

# Triple Entry System of Book-Keeping

## (വരവു ചിലവു കണക്കിന്റെ ഒരാധുനിക വിധം!)



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

**പൊ**തുവെ സരള ജീവി തരീതി കൈക്കൊണ്ടിരുന്ന മുമ്പുകാ ലത്ത്, സാധാരണക്കാർക്ക് വരവ് ചി ലവ് കണക്കുവെക്കേണ്ട ആവശ്യം കുറവായിരുന്നു. എന്നാൽ (അനാവ ശ്യ!) ആവശ്യങ്ങളുടെ പെരുക്കവും, ചിലവാക്കാനുള്ള മാർഗ്ഗങ്ങളുടെ നി യന്ത്രണമില്ലാത്ത വർദ്ധനവും കാര ണം, ഇത്തരം വരവ് ചിലവു കണ ക്ക് ഒഴിച്ചുകൂടാത്ത ഒന്നായി മാറിയി ട്ടുണ്ട്. സാധാരണക്കാർക്കും, ചെറു തോതു ('പെട്ടിക്കട') വ്യാപാരിക്കും കണക്കു വെക്കൽ എളുപ്പമാണ്. സാ വധാനത്തിൽ, തെറ്റുകൂടാതെ, കുറി ച്ചുവെക്കാനും, അന്യരെ ബോധിപ്പി ക്കേണ്ട ആവശ്യം ഇല്ലാത്തതിനാ ലും, സരള കണക്കെഴുത്തുമതി. എ ന്നാൽ വ്യാപാരം വിപുലീകരിക്കു ന്തോറും, അന്യർക്ക് കണക്ക് സമർ പ്പിച്ച് ബോധിപ്പിക്കേണ്ടിവരുന്ന സ്ഥി തികളിലും, സഹായത്തിനായി ക ണ്ടുപിടിച്ചു സ്ഥാപിച്ച ഒരു വഴിയാ ണ് Double Entry System of Book-Keeping (Accounting) എന്ന ഏർപ്പാട്. ഏതു കൈമാറ്റത്തിലും രണ്ടുവശ ങ്ങൾ ഉണ്ട് (കൊടുക്കുന്ന ഭാഗവും വാങ്ങുന്ന ഭാഗവും). തിരക്കിനാലോ ശ്രദ്ധക്കുറവിനാലോ ചെറു തെറ്റു കൾ സാധാരണമാണ്. എന്നാൽ ഒരേ വിഷയത്തിൽ കൃത്യം ഒരുപോലുള്ള രണ്ടു തെറ്റുകൾ ഉണ്ടാവാൻ സാധ്യ ത കുറവാണ്. ഇത്തരം അബദ്ധങ്ങ ളെ തിരിച്ചറിയാനും മേൽനോട്ടത്തി ൽ എളുപ്പം കണ്ടുപിടിക്കാൻ സഹാ യിക്കാവുന്നതുമായ ഒരു വഴിയെ വി കസിപ്പിച്ചെടുത്ത വിധിയാണ് ഇതും. ഏത് വ്യാപാരം/ഇടപാടിനും Credit (കൊടുത്തവശം), Debit (ലഭിച്ച വശം) ഉള്ളതിനാൽ ഇടപാട് ഒന്നാ ണെങ്കിലും അതിനെ രണ്ടുഭാഗമായി, രണ്ടുവശത്തു കുറിക്കുന്നതുകൊ ണ്ട്, തിരക്ക്/അശ്രദ്ധ കാരണം ഉണ്ടാ കാവുന്ന ചെറു തെറ്റുകളെ കണ്ടുപി ടിക്കാൻ ഇത് സഹായിക്കുന്നു.

### *ഒരു ചെറുവ്യതിയാനം*

ഗാന്ധിജിയുടെ ബഹുമൂല്യ ചെറു പുസ്തകം Hind Swaraj (ഹിന്ദ് സ്വരാജ്), അധ്യായം 7 Why India was lost നോക്കുക. ഫ്രാൻസിലെ ഒരു പ്ര സിദ്ധ ഏകാധിപതി Napolean Britian (ഇംഗ്ലണ്ടിനെ) കട ഉടമകളുടെ (കച്ച വടക്കാരുടെ) രാജ്യം എന്നു പരിഹ സിച്ചു പറഞ്ഞുവത്രെ ! ബ്രിട്ടീഷു കാർ ഇന്ത്യയെ ആക്രമിച്ചു കീഴടക്കി യതല്ല. നമ്മളാണ് ഇന്ത്യയെ അവർ ക്ക് സമർപ്പിച്ചത് ! ഈസ്റ്റ് ഇന്ത്യ കമ്പ നിയുടെ വ്യാപാര ചാതുര്യത്തിൽ മു ഗ്ധരായ നമ്മൾ ബ്രിട്ടീഷുകാരാൽ ര ണ്ടു നൂറ്റാണ്ടുകൾ ഇന്ത്യയെ ഭരി ക്കാൻ അനുവദിച്ചു. (സാരാംശം എ ന്റെ വാക്കുകളിൽ!)

ഇന്ന് ആധുനിക ഭൗതികത യുടേയും ഉപഭോക്താ സംസ്കാര ത്തിന്റേയും പുതുപുതു ആവിഷ്കാ രങ്ങൾ / കണ്ടുപിടിത്തങ്ങൾ എന്നി വയുടെ കാരണത്താലും ജനങ്ങളു ടെ (അനാവശ്യ!) ആവശ്യങ്ങൾ തുട ർന്നു പെരുകിവരുന്നു. നിയന്ത്രണമി ല്ലാതെ വർദ്ധിച്ചുകൊണ്ടുവരുന്ന ഇ വയെ പൂരിപ്പിക്കാൻ അസാധ്യം ആ യിവരുന്നതിനാൽ (വിട്ടാലും വിടില്ല കമ്പിളിക്കെട്ട്!!), നമ്മളെല്ലാവരുടേ യും ഇന്നത്തെ ശ്രമമാണ്, തടസ്സമാ യി വരുന്ന മൗലിക മാനവമൂല്യങ്ങ ളുടെ വിലക്കിൽ അയവുവരുത്തൽ! ചിലപ്പോൾ സത്യം പറയാതിരിക്കുക, ചിലപ്പോൾ ചെറു അസത്യങ്ങൾ പറ

ഞ്ഞുവിടുക എന്നുള്ളത് സാധാരണമായി വരുന്നു. (പണ്ടുകാലത്ത് എല്ലാവരും സത്യവാദി ഹരിശ്ചന്ദ്രന്മാരായിരുന്നു എന്നത് തെറ്റുതന്നെ! അതുപോലെത്തന്നെ എല്ലാവരും അത്യാകർഷകമായ സുവിധാസാമഗ്രികൾ ഉണ്ടായിട്ടും സ്വേച്ഛയാ സരള ജീവിതരീതി തിരഞ്ഞെടുത്തവർ ആയിരുന്നില്ല. അല്ലാത്തപക്ഷം ഹരിശ്ചന്ദ്രനു മാന്യസ്ഥാനം ലഭിക്കുമായിരുന്നില്ല!!) അനാവശ്യമായി വളർത്തിയെടുത്ത 'ഇല്ലായ്മയാലുള്ള വല്ലായ്മ' മനസ്സുകളിൽ അരക്ഷിതത്വത്തെ അധികരിപ്പിച്ചതുകാരണം, കണക്കുവെപ്പിന്റെ അത്യാധുനിക മുറ Triple Entry System of Book Keeping നടപ്പിൽ വന്നിരിക്കുന്നു. അതായത് ഒരേ വസ്തു/സുവിധയുടെ വില മൂന്നു വ്യത്യസ്ത വിധത്തിൽ അറിയിപ്പിക്കുക. കൈക്കലാക്കിയ വസ്തു/സുവിധയുടെ വാസ്തവ വില 1000ക ആണെങ്കിൽ സ്വന്തം 'വിലപേശൽ' സാമർത്ഥ്യത്തെ എടുത്തുകാട്ടാനോ ചിലവധികം ചെയ്തില്ലെന്നു ഭാര്യ/ഭർത്താവിനെ ബോധിപ്പിക്കാനോ, വില 'കേവലം' 700ക ആയി പ്രസ്താവിച്ച ശേഷം, അതേസമയം അന്യർ സമക്ഷം ഭള്ള്/പൊങ്ങച്ച പ്രദർശനമായി ചിലവ് 'വെറും' 1300കയായി പ്രഖ്യാപിക്കുന്നത് ഇന്ന് അത്ര അപൂർവ്വം അല്ലാതായിരിക്കുന്നു !

സത്യം മറയ്ക്കുകയോ കള്ളം പറയുകയോ ചെയ്യുന്നതിനാൽ മനസ്സിലെ അരക്ഷിതത്വം കൂടുകയല്ലാതെ കുറയുകയില്ലെന്ന് നാം മനസ്സിലാക്കണം. ദൃഢമായ ആത്മവിശ്വാസത്തിന്റെ മാതൃകയായ ഗാന്ധിജി, 'ദൈവം സത്യമാണ്' എന്നതിലും ഉയർന്ന് 'സത്യം ദൈവമാണ്' എന്ന് പ്രഖ്യാപിച്ചു ജീവിച്ചുകാട്ടിയത് എല്ലാവർക്കും ഒരുത്തമ പാഠമാണ്. കണക്കുവെപ്പ് എത്തരമായാലും സത്യം വിട്ട് 'Chasing Mirages' (മരീചികയെ പിന്തുടർന്ന്) കൂടുതൽ അസ്ഥിരമായല്ലെ ഇന്നുവരുന്നത് ?

ഉത്തിഷ്ഠത ! ജാഗ്രത ! നമുക്കുതന്നെ നല്ലത് വരുത്താൻ കഴിഞ്ഞില്ലെങ്കിലും ഹാനി ചെയ്യാതിരിക്കാൻ ശ്രമിക്കുക !

# ഭൗതിക-ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം

**വി. കെ. എം. നായർ**
**0491 2501782,**
**9497504782**



**വേ**ദിക്ക് കാലഘട്ടത്തിനുമുൻപും ഇന്ത്യയിൽ ഒരു സംസ്കാരം നിലനിന്നിരുന്നു എന്നതിന് തെളിവാണ് സിന്ധു നദീതട സംസ്കാരത്തിന്റെ കണ്ടുപിടിത്തം. ഇതൊരു ഭൗതിക ആത്മീയ സംസ്കാരമായിരുന്നു എന്നാണ് അഭിജ്ഞമതം. ഇന്ത്യയിലേതുപോലെ മറ്റൊരു രാജ്യത്തിലും ആത്മീയതയുടെ ചർച്ച ഇത്ര ആഴത്തിൽ നടന്നിട്ടുണ്ടായിരുന്നോ എന്നതിന് തെളിവുകൾ ഇല്ല. ഇന്ത്യയുടെ പല ഭാഗങ്ങളിലായി പല സമയത്ത് സംഭവിച്ച ആത്മീയ ഭൗതിക ചിന്തയുടെ ഫലമായി വിവിധ വർഗ്ഗങ്ങൾ ഒരുമിക്കാനും ഒത്തുചേരാനും ഒരു പുത്തൻ സങ്കരവർഗ്ഗം ഉത്ഭവിക്കാനും കാരണമായി. സിന്ധുനദീതട സംസ്കാരത്തിലെ ആദിവാസികൾ, ആര്യൻസ്, ദ്രവീഡിയൻസ്, സൈത്യൻസ്, ഗ്രീക്കുകാർ, ഹുണാസ്, ഇറാനിയൻസ്, മംഗോൾസ്, സെമിറ്റിക് വർഗ്ഗക്കാർ ഇവരെല്ലാം ചേർന്ന് ഒരുപുത്തൻ ജനത ഉണ്ടായി, ഒരു പുത്തൻ സംസ്കാരവും.

മനുഷ്യൻ മനുഷ്യനിൽ നിന്നന്യനാകാതെ മനുഷ്യനും മനുഷ്യനും ഒന്നാണെന്ന ബോധം വളർത്താൻ ഈ പുത്തൻ ജനതയുടെ ഒത്തുചേരൽ സഹായിച്ചു എന്നുവേണം കരുതാൻ. അപ്പോഴും വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും നിലനിന്നിരുന്നു എന്നത് യാഥാർത്ഥ്യം തന്നെ. പക്ഷെ മനുഷ്യൻ പ്രകൃതിയിൽ നിന്നും, സ്വവർഗ്ഗത്തിൽ നിന്നും അന്യനാക്കപ്പെടുന്ന അസ്വാഭാവിക ജീവിതം ഉണ്ടായിരുന്നില്ലായെന്ന് വേണം അനുമാനിക്കാൻ. ആർക്കോ വേണ്ടിയല്ല, സ്വന്തം ആത്മീയ സാക്ഷാത്കാരത്തിന് വേണ്ടിയാണ് ധർമ്മാധിഷ്ഠിത കർമ്മം ചെയ്യേണ്ടതെന്ന ബോധം ഇവർക്കുണ്ടായിരുന്നു എന്നുവേണം കരുതാൻ. അദ്ധ്വാനിക്കുന്ന ജനത അന്യരാക്കപ്പെട്ട സ്ഥിതി വിശേഷം പിന്നീടുണ്ടായി എന്നത് അനിഷേധ്യമാണ്. ഇന്നും ആദിവാസികളുടേയും സാധാരണ ജനതയുടേയും സമ്പത്ത്സ്ഥിതിയിൽ, ഭൗതിക ആത്മീയ നിലവാരത്തിൽ മാറ്റം വരുത്താൻ കാര്യമായ ശ്രമമൊന്നും നടക്കുന്നില്ലായെന്നതും യാഥാർത്ഥ്യം തന്നെ. പ്രസംഗത്തിനൊട്ടു കുറവുമില്ല, പ്രവർത്തി കാണാനുമില്ല. ആദിവാസികൾ സംഘടിച്ച് ഭരണാധികാരികൾക്കെതിരെ സമരം പ്രഖ്യാപിക്കാൻ സമയമായി. ആദിവാസികൾ അന്യരാക്കപ്പെട്ടതിന്റെ പങ്ക് ഭരണാധികാരികൾക്ക് കൂടി ഉള്ളതാണ്. സാധാരണ ജനതയും ആദിവാസികളും ഒരുമിച്ച് ശക്തിതെളിയിച്ചാലെ ഈ ദുഃസ്ഥിതിക്ക് മാറ്റം ഉണ്ടാക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം. പൊള്ളയായ മതേതരത്വവും വോട്ട് ബാങ്ക് രാഷ്ട്രീയവും, കക്ഷിതാല്പര്യ സംരക്ഷണവും രാഷ്ട്രീയ ഹിപ്പോക്രസിയും മതമൗലികവാദവും സാധാരണക്കാരുടെ സ്ഥിതി പ്രത്യേകിച്ച് ആദിവാസികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ സഹായമാവില്ലായെന്ന് സാധാരണ ജനതയും ആദിവാസികളും അറിഞ്ഞ് ഒത്തൊരുമിച്ച് അധികാരവർഗ്ഗത്തിനെതിരെ

സമരം ചെയ്യുന്നതിൽ തെറ്റില്ല. അവരുടെ അടിമത്ത മനോഭാവം ഇല്ലാതാക്കി, ചിന്താശീലം വർദ്ധിപ്പിച്ച് വേണ്ടത്ര ഭൗതികസൗകര്യങ്ങൾ നല്കി അവരെ ഉദ്ധരിക്കേണ്ട കർമ്മം ഭരണാധികാരികളുടേതാണ്. അവരിൽ ആത്മീയ-ഭൗതിക ചിന്ത വളർത്താൻ ജനവും തയ്യാറാകണം. അവരും പൊതുസംസ്കാരത്തിന്റെ ഭാഗമായാലെ രാജ്യം ഉണർന്ന്, ഉയരാൻ വേണ്ട കെല്പ് നേടിയെന്ന് കരുതാനാവൂ, ആദിവാസികളും പൊതുജനത്തിന്റെ ഭാഗമാണല്ലോ.

ജനത്തിന്റെ ചിന്തയും അന്വേഷണവും വീക്ഷണവുമാണ് തത്ത്വശാസ്ത്രത്തിൽ കാണാനാവുക. വീക്ഷണം വിവിധ സമീപനത്തിലൂടാവുമ്പോൾ ഭൗതികവാദികൾ ഒരു പക്ഷത്ത്, ആത്മീയവാദികൾ മറുപക്ഷത്ത് എന്നമട്ടിലാവും. ഭൗതികവാദികൾ വസ്തുവിന് (Matter) പരമ പ്രാധാന്യം നല്കി വസ്തുവിനെ വ്യക്തിബോധവുമായി ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. മാർക്സിസ്റ്റുകൾ വസ്തുവിന് പ്രാധാന്യം നല്കുന്ന ഭൗതികവാദികളാണ്. ഇവർ വ്യക്തിബോധത്തിന് അപ്രധാനമായ പങ്ക് കല്പിക്കാൻ കാരണം വ്യക്തിബോധം വസ്തുവിന്റെ ഗുണവിശേഷങ്ങൾ വെളിപ്പെടുത്തുന്ന ഒരു ഉപാധിമാത്രമാണെന്ന് കരുതപ്പെടുന്നത് മൂലമാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പുരോഗതിയ്ക്കാവശ്യമായ നിയമസംഹിതയും ശാസ്ത്രീയവീക്ഷണവും അടങ്ങിയ മാർക്സിയൻ ചിന്ത പാടെ ഉപേക്ഷിക്കപ്പെടേണ്ടതാണെന്ന് ആരും കരുതുമെന്ന് തോന്നുന്നില്ല. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന ഏർപ്പാടില്ലാതാക്കുകയാണ് തത്ത്വവും ലക്ഷ്യവുമെങ്കിലും അത് നടപ്പിൽ വരുത്തേണ്ട കക്ഷിയിൽപ്പെടുന്നവർതന്നെ സാധാരണക്കാരേയും അന്യവൽക്കരിക്കപ്പെട്ടവരേയും ചൂഷണം ചെയ്യാൻ ഒരുങ്ങുന്നു എന്ന വൈരുദ്ധ്യം ആക്ഷേപാർഹം തന്നെ. ജാതി മത കക്ഷിഭേദമില്ലാത്ത, മുതലാളി തൊഴിലാളിഭേദമില്ലാത്ത ഒരുസമുദായമാണ് ലക്ഷ്യമെങ്കിലും അത് നടപ്പിലാക്കേണ്ടവരുടെ ചൂഷണ മനോഭാവം മാർക്സിയൻ തത്ത്വശാസ്ത്രത്തിന്റെ പ്രായോഗികതയ്ക്ക് വിലങ്ങുതടിയായി മാറുന്ന കാഴ്ച ദയനീയമാണ്. ഭൗതിക നേട്ടങ്ങൾ ഭരിക്കുന്നവരുടേതുമാത്രമാണെന്ന സ്വാർത്ഥചിന്തയാണ് മാർക്സിയൻ തത്ത്വം പ്രാബല്യത്തിൽ വരുത്താൻ തടസ്സമായി നില്ക്കുന്നത്. 'ഞാൻ അല്ലെങ്കിൽ എന്റെ ജാതിയിൽ പെട്ട ബന്ധു' എന്ന നിലയിൽ ഭൗതിക നേട്ടം പങ്ക് വയ്ക്കുന്ന സ്ഥിതി മാർക്സൊ, ലെനിനോ സ്വപ്നം കണ്ടതുപോലുമല്ല. വ്യക്തിതാല്പര്യങ്ങൾ സമുദായോന്നമനത്തിനെ ലക്ഷ്യം വെച്ച് കൊണ്ടാവണമെന്ന് മാർക്സിൻ തത്ത്വസംഹിത അടിവരയിട്ട് സൂചിപ്പിക്കുന്നു. അതിൽ ജാതി മത കക്ഷി സ്നേഹം കല്പിക്കപ്പെടാൻ പാടില്ല. സമുദായം ഒന്നാണ് അതിൽ ജാതി മത കക്ഷിഭേദമില്ല. ഒരുതരത്തിലുള്ള ഭിന്നതയും അനുവദനീയവുമല്ല, സമുദായം ഒന്നാണ്, പലതല്ല. പക്ഷെ അദ്ധ്വാനിക്കുന്ന ജനതയുടെ പുരോഗതിയാണ് പ്രധാനലക്ഷ്യമെന്നത് മറക്കരുത്.

ഹെഗലിന്റെ ആശയവാദത്തിൽ നിന്ന് (Idealism) കമ്മ്യൂണിസ്റ്റ് പ്രായോഗിക രൂപം പൂണ്ടത് പെട്ടെന്നായിരുന്നു. സാമ്പത്തിക വിവേചനം രൂക്ഷമായി, പട്ടിണി പാവങ്ങളുടെ ചൂഷണം ക്രമാതീതമായി വർദ്ധിച്ചു. ചൂഷണ മനോഭാവം വളർത്തിയ മുതലാളിത്ത സമീപനത്തിനെതിരായിരുന്നു പുത്തൻ യുദ്ധ പ്രഖ്യാപനം. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ചരിത്രപരമായ പുരോഗതി അവരുടെ സാമ്പത്തിക, ഭൗതിക പുരോഗതിയെ ആശ്രയിച്ചാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് മാർക്സിസം വളർന്നത്.

ഹെഗലിന്റെ അനുയായികൾ ഇതിനെ എതിർത്തു. അദ്ധ്വാനിക്കുന്ന ജനവിഭാഗം സ്വതവേ അലസരും മടിയന്മാരും ബുദ്ധിവിഹീനരും ജന്മനാ കഴിവുകെട്ടവരും അടിമത്തവാഞ്ച ഉള്ളവരുമാണെന്ന വാദം ഉയർത്തിക്കാട്ടി. മാർക്സും ഏംഗൽസും ഈ വാദത്തെ എതിർത്തു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അദ്ധ്വാനശേഷി ചൂഷണം ചെയ്താണ് മുതലാളിമാരും അവരുടെ അനുയായികളും സുഖജീവിതം ആഘോഷിക്കുന്നതെന്നായിരുന്നു മാർക്സിന്റെ വാദം. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് ഇല്ലാതാക്കാനും, അവരുടെ ഭൗതികാവസ്ഥ മെച്ചപ്പെടുത്താനും എത്രയും വേഗത്തിലുള്ള ശ്രമമാണ് വേണ്ടതെന്ന് മാർക്സും ഏംഗൽസും പ്രസ്താവിച്ചു.

ആത്മീയവും പൊതുബോധവും മറ്റ് സിദ്ധാന്തങ്ങളുമെല്ലാം അപ്രധാനവും ദ്വതീയ സ്ഥാനം മാത്രം അർഹിക്കുന്നവയാണെന്നും ആയിരുന്നു മാർക്സിയൻ സമീപനം. നിലവിലുള്ള വ്യവസ്ഥകളെക്കുറിച്ച് ചിന്തിക്കുക മാത്രമല്ല അവയെ എല്ലാം മാറ്റി പുതിയ വ്യവസ്ഥ സ്ഥാപിക്കുക എന്ന മനോഭാവത്തോടെയാണ് മാർക്സ് പ്രവർത്തിച്ചത്. വെറും കാഴ്ചപ്പാടല്ല, മാറ്റത്തിനുള്ള വിപ്ലവാഹ്വാനമായിരുന്നു മാർക്സിന്റേത്. അദ്ദേഹത്തിന്റെ വസ്തുനിഷ്ഠ സമീപനം മുഴുവനായും ശാസ്ത്രീയാടിസ്ഥാനത്തിലുള്ളതായിരുന്നു. കഴിയുന്നത്ര വ്യക്തിബാഹ്യ യാഥാർത്ഥ്യബോധം വളർത്തുക എന്ന ആശയം തുടർന്നും മുറുകെ പിടിച്ചുകൊണ്ടായിരുന്നു ലെനിൻ ഭരണമേറ്റത്. വ്യക്തിബോധത്തിന് സൃഷ്ടിപരമായ കർമ്മനിർവ്വഹണം സാദ്ധ്യമാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ സമീപനം. വിപ്ലവകരമായ സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനായിരുന്നു അദ്ദേഹം ശ്രമിച്ചത്. ഒതുക്കപ്പെട്ട ജനമദ്ധ്യത്തിൽ മാർക്സിസ്റ്റ് സംഹിതകൾ പ്രചരിപ്പിച്ച് ജനത്തെ ബോധവാന്മാരാക്കുകയായിരുന്നു ആദ്യ ലക്ഷ്യം.

തൊഴിലാളി സർവ്വാധിപത്യം സാദ്ധ്യമാക്കാൻ വേണ്ട സമരമുറകൾ തിരഞ്ഞെടുക്കാനും അവയെ പ്രായോഗിക തലത്തിലെത്തിക്കാനും ലെനിന് കഴിഞ്ഞു. തൊഴിലാളികളുടെ സഹകരണം നിർലോഭം ലഭിച്ചതുകാരണം കാര്യങ്ങൾ ഏറ്റവും വേഗത്തിൽ പ്രായോഗികമാക്കാൻ അദ്ദേഹത്തിന് സാധിച്ചു. കോർപ്പറേറ്റ് സംവിധാനം തൊഴിലാളികളുടെ മേൽക്കോയ്മയിലായാൽ സോഷ്യലിസം താനെ വരുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എ

ന്തും ഏതും നടപ്പിലാക്കാൻ ബുദ്ധി വൈഭവവും കർമ്മശേഷിയുമുള്ള നിസ്വാർത്ഥസേവകർ തലപ്പത്തുണ്ടാകണമെന്ന് അദ്ദേഹം കല്പിച്ചു. മത പുരോഹിതർ മതനേതൃത്വം അവകാശപ്പെടുന്നപോലെ കക്ഷി മേധാവിത്വം കക്ഷി സ്നേഹികൾ കാംക്ഷിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. മത സർവ്വാധിപത്യം തകർന്നാൽ ആസ്ഥാനത്ത് കക്ഷി സർവ്വാധിപത്യം വന്നുചേരുന്നതെങ്ങനെയെന്ന് അദ്ദേഹം വിശദീകരിച്ചു.

മെറ്റീരിയലിസം (ഭൗതികവാദം) നട്ടുവളർത്തിയ മാർക്സും ഏംഗൽസും വിട വാങ്ങിയപ്പോൾ മെറ്റീരിയലിസം ഒരു വൻമരമായി വളർത്തേണ്ട ചുമതല ലെനിന്റേതായിരുന്നു. ചെറുചെറു തൈകൾ ലോകമാകെ നട്ടുവളർത്തി പരിചരിക്കേണ്ട ചുമതലയും അദ്ദേഹത്തിന്റെ തോളിലായി. ഡയലറ്റിക്കൽ മെറ്റീരിയലിസം വസ്തുവിന് സ്ഥിരവും ദൃഢവുമായ ഒരു രൂപവും ഒരുകാലത്ത് ആരും നല്കിയിട്ടില്ല. അത് കണികകളായോ (atoms) അതിലും ചെറിയ അംശങ്ങളായോ ചലിച്ചുകൊണ്ടിരിക്കുന്നതായും അവ മാറ്റത്തിന് വിധേയമാണെന്നും ഉള്ള യാഥാർത്ഥ്യം അപ്പോഴേയ്ക്കും വെളിപ്പെട്ടിരുന്നു. ഒരു വസ്തു (matter) മറ്റൊന്നായി മാറി, അത് വീണ്ടും മറ്റൊന്നായി മാറുന്ന അവസ്ഥ ശാസ്ത്രീയമായും തെളിയിക്കപ്പെട്ടിരുന്നു. ഈ അവസ്ഥ തുടർന്നുകൊണ്ടേയിരിക്കും. ഏംഗൽസിന്റെ അഭിപ്രായം ഈ അവസരത്തിൽ പ്രസ്താവ്യമാണ്: 'For it (dialectical philosophy) nothing is final, absolute, sacred. It reveals the transitory character of everything and in every thing; nothing can endure before it except the uninterrupted process of becoming and passing away' (Selected works of Karl Marx and Frederick Engels, Volume 3 Page 399) പരമാണു ശിഥിലമായി വീണ്ടും ചെറിയ അണുകങ്ങൾ ആകുന്നതും വസ്തു (Matter) പ്രകാശമായി മാറുന്നതും ഭൗതികവാദ തത്ത്വത്തിന് എതിരല്ല. നാം കാണുന്ന വസ്തുക്കൾക്ക് തുടർച്ചയായ ചലനസ്വഭാവമുണ്ടെന്നും, മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണെന്നും ഉള്ള ശാസ്ത്രതത്ത്വം ഭൗതിക വാദത്തിന്റെ പ്രധാന തത്ത്വം കൂടിയാണ്.

മനസ്സിന് (MIND) പുറമെ കാണുന്ന സ്വതന്ത്രവസ്തുക്കളെല്ലാം മാറ്റർ എന്ന സംജ്ഞയ്ക്ക് കീഴിൽ വരും. മാത്രമല്ല അവയ്ക്കെല്ലാം വ്യക്തി ബാഹ്യ സ്വതന്ത്ര നിലനില്പുണ്ടെന്നതും വ്യക്തമാണ്. പരമാണുക്കൾ ചെറിയ ചെറിയ അണുകങ്ങളാകുന്നതും അവയിൽ ചിലത് പ്രകാശതരംഗങ്ങളാകുന്നതും വസ്തുവിന്റെ സവിശേഷ ഗുണമായി വേണം കണക്കാക്കാൻ. ഓരോ വസ്തുവും ഓരോ അവസ്ഥയിലാണ് മാറ്റത്തിന് വിധേയമാകുന്നത്. അത് ശാസ്ത്രീയ തത്ത്വവുമാണ്. ലെനിൻ വസ്തുവിന് നല്കിയ നിർവ്വചനം ഇവിടെ പ്രസക്തമാണ്: Matter is a philosophical category denoting the objective reality which is given to man by his sensations and which is copied, photographed, and reflected by our sensations while existing independently of them. (Lenin, Collected works Volume 14 Page 130) പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ചന്ദ്രനും, സൂര്യനും നക്ഷത്രങ്ങളുമെല്ലാം Matter എന്നതിന്റെ അവാന്തര വിഭാഗങ്ങൾ മാത്രം - Electro magnetic and gravitational fields, electrons, protons, neutrons, atoms, molecules, living organisms including human society. വസ്തു എന്നത് അനേകം വസ്തുക്കളായി മാറി പല പേരിൽ നിലനിൽക്കുന്നു. പലതിനും പരസ്പര ബന്ധമുണ്ടാകാം. ഏംഗൽസ് പറയുന്നത് ശ്രദ്ധിക്കുക: 'The whole of Nature accessible to us form a system, an interconnected totality of bodies and by bodies we understand here all material existences extending from stars to atoms.

ഒരു വസ്തുവിന്റെ ചെറിയ ഒരംശം വസ്തു എന്ന് കരുതാമെങ്കിലും ആ വസ്തുവിന് മൂലവസ്തുവിന്റെ ഗുണഗണങ്ങൾ ഉണ്ടായെന്നും ഇല്ലെന്നും വരാം. രൂപപ്പെട്ട അംശത്തിന് (കഷണത്തിന്) അനശ്വരത്വവും, അനന്തമായ ഗുണവിശേഷവും കല്പിക്കേണ്ടതില്ല. ചില കാലാവസ്ഥയിൽ അങ്ങനെ രൂപപ്പെടുന്നുവെന്നുമാത്രം. കുറച്ചുസമയം അതങ്ങനെ നില നില്ക്കുന്നു, അല്പ സമയം കഴിഞ്ഞ് അത് അപ്രത്യക്ഷമായി മറ്റെന്തെങ്കിലുമായി രൂപപ്പെട്ടുവെന്നും വരാം. പക്ഷെ 'വസ്തു' എന്നത് അനന്തമാണ്. അതിന് സ്ഥലകാലാതിരുകൾ കല്പിക്കാറില്ല. ചുരുക്കിപ്പറഞ്ഞാൽ 'വസ്തു' എന്ന പൊതുസങ്കല്പത്തിന് പ്രപഞ്ചവുമായാണ് ബന്ധം. പ്രപഞ്ചത്തിലെ വസ്തുക്കളുമായാണ് അതിനടുപ്പം. പലതിനും പ്രധാന ഭാഗങ്ങളുണ്ടാകും, അതിൽ നിന്നാവും പിരിഞ്ഞ് പുതിയ ഭാഗങ്ങൾ ഉണ്ടാകുക. പുതിയ ഭാഗങ്ങൾക്ക് ഭിന്ന രൂപങ്ങളാവാം. ഏംഗൽസിന്റെ അഭിപ്രായത്തിൽ 'Heavenly bodies are various nodal points which determine the various qualitative modes of existence of matter in general' from 'Dialectics of Nature' by Engels ചുരുക്കത്തിൽ വസ്തുസംബന്ധമായവയെല്ലാം (materials) നിലനില്ക്കുന്നത് സ്വതന്ത്രമായാണ്. അവയ്ക്ക് ബോധവുമായി (man's consciousness) ഒരുബന്ധവുമില്ല.

ചലനമെന്നത് തത്ത്വ ശാസ്ത്രപരവും ശാസ്ത്രീയവുമായ ഒരു സിദ്ധാന്തമാണ്. അത് വ്യക്തിബാഹ്യ യാഥാർത്ഥ്യമാണ്. ചലനം വസ്തുവിനെ സംബന്ധിച്ചിടത്തോളം മൗലികമായ ഗുണവിശേഷമാണ്. വസ്തുവില്ലാതെ ചലനമില്ല, ചലനമില്ലാതെ വസ്തുവുമില്ല, മാസ്സും (പിണ്ഡം) എനർജിയും (ഊർജ്ജം) തമ്മിലുള്ള ബന്ധം തെളിയിക്കപ്പെടുന്നത് വസ്തുവും ചലനവും തമ്മിലുള്ള ബന്ധമായാണ്. ഈ വിഷയത്തിൽ ശാസ്ത്രീയ അറിവ് വളരെയേറെ പുരോഗമിച്ചു കഴിഞ്ഞിരിക്കുന്നു. Quantum theory, Atomic theory മുതലായവ നോക്കുക. ഊർജ്ജ തന്ത്രത്തിലെ ശാസ്ത്രീയപുരോഗതി പ്രത്യേക പഠനാർഹമായ വിഷയമായി രൂപാന്തരത്വം സംഭവിച്ചുകഴിഞ്ഞതിനാൽ, അത് പ്രത്യേക പഠനവിഷയമാക്കുകയാവും ഉചിതം.

ബോധത്തിന് ദ്വതീയ പ്രാധാന്യമാണ് ഭൗതികവാദികൾ നല്

കുന്നത്. വസ്തുവില്ലെങ്കിൽ ബോധമില്ലായെന്നതാണ് അവരുടെ സങ്കൽപ്പം. വസ്തുസ്വതന്ത്രമാണെന്നും ബോധം വസ്തുവിന്റെ പ്രതിബിംബം മാത്രമാണെന്നുമുള്ള സിദ്ധാന്തം ഭൗതികവാദികളുടേതാണ്. ബോധം പ്രതിബിംബമാകുമ്പോൾ, വസ്തുവില്ലാതെ പ്രതിബിംബം ഉണ്ടായില്ലല്ലോ ! മാത്രവുമല്ല വസ്തുവിന്റെ ഭാരമോ മറ്റേതെങ്കിലും ഭൗതിക ഗുണങ്ങളോ പ്രതിബിംബത്തിൽ ഉണ്ടാകുകയുമില്ല. '..... the ideal is nothing else than the material world reflected by the human mind and translated into forms of thought' എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം മാർക്സ് വെളിപ്പെടുത്തുന്നുമുണ്ട്. (Capital Vol 1 Page 29)

# ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള ഒരുക്കം



**ബിന്ദു. കെ**
**9446422321**

**1887** ൽ ഗാന്ധിജി മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. അഹമ്മദാബാദ്, ബോംബെ എന്നീ രണ്ടു കേന്ദ്രങ്ങളിൽ വച്ചാണ് അന്നത് നടത്തിയിരുന്നത്. നാട്ടിലെ പൊതു ദാരിദ്ര്യം കത്തിയവാറിലെ വിദ്യാർത്ഥികളെ സ്വാഭാവികമായും അടുത്തുള്ള ചെലവുകുറഞ്ഞ കേന്ദ്രം തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചു. വീട്ടിലെ ദാരിദ്ര്യം ഗാന്ധിജിയേയും ഇതേവിധം നിർബന്ധിച്ചു. അങ്ങനെ രാജ്കോട്ടിൽ നിന്ന് അഹമ്മദാബാദിലേക്ക് ഗാന്ധിജി ആദ്യമായി ഒറ്റയ്ക്ക് യാത്ര ചെയ്തു.

ഗാന്ധിജി മട്രിക്കുലേഷൻ കഴിഞ്ഞ് കോളേജിൽ പഠനം തുടരണമെന്നായിരുന്നു രക്ഷാകർത്താക്കളുടെ അഭിപ്രായം. ഭവനഗറിലും ബോംബേയിലും കോളേജുണ്ട്. ആദ്യത്തേതിന് ചെലവ് കുറവാകയാൽ അവിടെ സമൽദാസ് കോളേജിൽ പോയി ഗാന്ധിജി ചേർന്നു. എന്നാൽ അവിടത്തെ ഒന്നാംകിടക്കാരായ പ്രൊഫസർമാരുടെ പ്രസംഗങ്ങളൊന്നും ഗാന്ധിജിക്ക് മനസ്സിലായില്ല. ആദ്യ ടേം കഴിഞ്ഞപ്പോൾ അദ്ദേഹം വീട്ടിലേക്ക് മടങ്ങി.

പഴയൊരു കുടുംബസുഹൃത്തും ഉപദേശകനുമായ മാവ്ജി ദവേ നല്ല ബുദ്ധിയും അറിവുമുള്ള ഒരു ബ്രാഹ്മണനായിരുന്നു. എല്ലാവരും അദ്ദേഹത്തെ ജോഷിജി എന്നാണ് വിളിച്ചിരുന്നത്. ഗാന്ധിജിയുടെ അച്ഛൻ മരിച്ചശേഷവും അദ്ദേഹം ഗാന്ധിജിയുടെ കുടുംബവുമായുള്ള അടുപ്പം നിലനിർത്തിയിരുന്നു. അദ്ദേഹം ഗാന്ധിജിയുടെ വീട് സന്ദർശിച്ചപ്പോൾ ഗാന്ധിജിയുടെ പഠനത്തെപ്പറ്റി അന്വേഷിക്കുകയും ഗാന്ധിജി സമൽദാസ് കോളേജിലാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "കാലം മാറിപ്പോയി. തക്ക വിദ്യാഭ്യാസം കിട്ടാതെ നിങ്ങൾക്കാർക്കും അച്ഛന്റെ സ്ഥാനത്തെത്താൻ സാധ്യമാവില്ല. ഇപ്പോൾ ഈ കുട്ടി പഠിച്ചുകൊണ്ടിരിക്കുന്നതിനാൽ അവനെ അച്ഛന്റെ സ്ഥാനത്തെത്തിക്കാൻ യോഗ്യനാക്കണം. അവന് ബി. എ ഡിഗ്രി കിട്ടാൻ നാലഞ്ചുവർഷം വേണം. അതുകൊണ്ട് പരമാവധി 60 രൂപയുടെ ഒരു ജോലി കിട്ടും. ദിവാനാകാൻ സാധ്യമല്ല. എന്റെ മകനെപ്പോലെ ഇവനും നിയമം പഠിക്കാൻ പോയാൽ അത് കൂടുതൽ സമയമെടുക്കും. അപ്പോഴേക്ക് ദിവാനുദ്യോഗം കൊതിക്കുന്ന ധാരാളം വക്കീലന്മാർ കാണുകയും ചെയ്യും. അതിനാൽ നിങ്ങൾ ഇവനെ ഇംഗ്ലണ്ടിലേയ്ക്കയക്കുന്നതാണ് നല്ലത്. ഒരു ബാരിസ്റ്ററാകാൻ വളരെ എളുപ്പമാണെന്ന് എന്റെ മകൻ കേവൽറാം പറയുന്നു. മൂന്നുവർഷം കൊണ്ട് തിരിച്ചുവരാം. നാലയ്യായിരം രൂപയിലധികം ചെലവും വരില്ല. ഇപ്പോൾ ഇംഗ്ലണ്ടിൽ നിന്നും തിരിച്ചെത്തിയിരിക്കുന്ന ബാരിസ്റ്ററെപ്പറ്റി ആലോചിച്ചുനോക്കുക. അയാൾ എത്ര മോടിയിൽ കഴിയുന്നു! ഒന്ന് ചോദിച്ചാൽ മതി. അയാൾക്ക് ദിവാൻ സ്ഥാനം കിട്ടും. ഈ വർഷം തന്നെ മോഹൻദാസിനെ ഇംഗ്ലണ്ടിലേക്കയക്കാൻ ഞാൻ ശക്തിയായി ഉപദേശിക്കുന്നു. കേവൽറാമിന് ഇംഗ്ലണ്ടിൽ ധാരാളം സ്നേഹിതന്മാരുണ്ട്. അയാൾ അവരെ പരിചയപ്പെടുത്തി കത്തുതരും. മോഹൻദാസിന് അവിടെ സുഖമായി കൂടാം." എന്നിട്ട് ഗാന്ധിജിയുടെ നേരെ തിരിഞ്ഞ് ജോഷിജി ആത്മവിശ്വാസത്തോടെ ചോദിച്ചു: "ഇവിടെ പഠിക്കുന്നതിനേക്കാൾ ഇംഗ്ലണ്ടിൽ പോകുന്നതല്ലേ നിനക്കിഷ്ടം ?" ഇതുകേട്ടപ്പോൾ ഗാന്ധിജി സന്തോഷം കൊണ്ട് തുള്ളിച്ചാടി. ബാരിസ്റ്റർ പരീക്ഷകൾ വേഗത്തിൽ പാസ്സാവുക അത്ര എളുപ്പമുള്ള കാര്യമല്ലെന്നും ആയതിനാൽ ഡോക്ടറാവാൻ പഠിക്കുന്നതിന് തന്നെ അയച്ചുകൂടെ എന്നും ഗാന്ധിജി ചോദിച്ചു.

അപ്പോൾ അദ്ദേഹത്തിന്റെ ഏട്ടൻ പറഞ്ഞു "അച്ഛൻ അത് ഒരിക്കലും ഇഷ്ടപ്പെട്ടില്ല. വൈഷ്ണവരായ നമുക്ക് ശവശരീരങ്ങൾ കീറിമുറിക്കുന്നതുമായി ഒരു ബന്ധവും പാടില്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ മനസ്സിൽ നീയാണുണ്ടായിരുന്നത്. നിന്നെ വക്കീലാക്കാനാണ് അച്ഛൻ ഉദ്ദേശിച്ചത്."

അപ്പോൾ ജോഷിജി അത് ശരിവെച്ചുകൊണ്ട് പറഞ്ഞു : "അച്ഛനുണ്ടായിരുന്നതുപോലെ എനിക്ക് ഡോക്ടറുടെ ജോലിയോട് എതിർപ്പില്ല. നമ്മുടെ ശാസ്ത്രങ്ങൾ അതിനെതിരല്ല. പക്ഷേ ഒരു മെഡിക്കൽ ഡിഗ്രിക്ക് നിന്നെ ദിവാനാക്കാൻ കഴിയില്ല. എനിക്ക് നീ ഒരു ദിവാനോ കഴി

യുമെങ്കിൽ അതിലും മികച്ച എന്തെങ്കിലുമോ ആകണമെന്നുണ്ട്. ആ വിധത്തിലേ നിന്റെ ഈ വലിയ കുടുംബത്തെ നിനക്ക് സംരക്ഷിക്കാൻ കഴിയൂ. കാലം വളരെ വേഗം മാറിക്കൊണ്ടിരിക്കുകയും ദിനംപ്രതി കൂടുതൽ ബുദ്ധിമുട്ടാവുകയുമാണ്. അതിനാൽ ഏറ്റവും ബുദ്ധിപൂർവ്വമായ കാര്യം ഒരു ബാരിസ്റ്ററാവുകയാണ്.' ഗാന്ധിജിയുടെ അമ്മയുടെ നേർക്കു തിരിഞ്ഞു അദ്ദേഹം പറഞ്ഞു: "ഇനി ഞാൻ പോകട്ടെ. ഞാൻ പറഞ്ഞതേപ്പറ്റി ആലോചിക്കാനപേക്ഷിക്കുന്നു. അടുത്ത തവണ ഞാൻ വരുമ്പോൾ ഇംഗ്ലണ്ടിലേക്ക് പോകാനുള്ള ഒരുക്കത്തെപ്പറ്റി കേൾക്കാമെന്നു പ്രതീക്ഷിക്കുന്നു. ഏതെങ്കിലും തരത്തിൽ ഇക്കാര്യത്തിൽ സഹായിക്കാൻ കഴിയുമെങ്കിൽ തീർച്ചയായും അതെന്നെ അറിയിക്കണം."

ഇത്രയും പറഞ്ഞ് ജോഷിജി മടങ്ങിപ്പോയി. ഗാന്ധിജി ആകാശക്കോട്ട കെട്ടാനും തുടങ്ങി. മൂത്ത ഏട്ടനും അമ്മയും കാര്യങ്ങളെക്കുറിച്ച് ഗഹനമായി ആലോചിച്ചുകൊണ്ടിരുന്നു. അമ്മ ആകെ അസ്വസ്ഥയായിരുന്നു. വല്യച്ഛൻ സമ്മതിക്കുകയാണെങ്കിൽ ആ കാര്യം പരിഗണിക്കാം എന്ന് അമ്മ പറഞ്ഞപ്പോൾ ഏട്ടൻ വേറൊരു ആശയം പറഞ്ഞു : 'നമുക്ക് പോർബന്തർ സ്റ്റേറ്റിൽ ഒരു പ്രത്യേക അവകാശമുണ്ട്. മിസ്റ്റർ ലെലിയാണ് അവിടെ അഡ്മിനിസ്ട്രേറ്റർ. അദ്ദേഹം നമ്മുടെ കുടുംബത്തെപ്പറ്റി നല്ല അഭിപ്രായമുള്ള ആളാണ്. വലിയച്ഛനെ ഇഷ്ടവുമാണ്. അദ്ദേഹം നിനക്ക് ഇംഗ്ലണ്ടിൽ പോയി പഠിക്കാൻ സ്റ്റേറ്റിന്റെ വല്ല സഹായത്തിനും ശുപാർശ ചെയ്യാൻ സാധ്യതയുണ്ട്."

ഇതുകേട്ടപ്പോൾ ഗാന്ധിജിയ്ക്ക് സന്തോഷമാവുകയും പോർബന്തറിലേക്ക് പോകാൻ തയ്യാറാകുകയും ചെയ്തു. അക്കാലത്ത് റെയിൽവേ ഉണ്ടായിരുന്നില്ല. അങ്ങോട്ട് അഞ്ചുദിവസം കാളവണ്ടിയിൽ യാത്ര ചെയ്യണം. ധൊരാജി വരെ പോകാൻ കാളവണ്ടി വാടകയ്ക്കെടുത്തു. പോർബന്തറിൽ ഒരു ദിവസം മുമ്പേ എത്താൻ വേണ്ടി ധൊരാജിയിൽ നിന്ന് ഒട്ടകത്തേയും. ഒട്ടകത്തിന്മേലുള്ള ഗാന്ധിജിയുടെ ആദ്യയാത്രയായിരുന്നു അത്. അങ്ങനെ അവിടെയെത്തി വലിയച്ഛനെ വന്ദിച്ച് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ആലോചിച്ചിട്ട് പറഞ്ഞു : "നമ്മുടെ മതകാര്യങ്ങൾക്ക് കോട്ടം തട്ടാതെ ഇംഗ്ലണ്ടിൽ താമസിക്കാൻ കഴിയുമോ എന്ന് എനിക്കുറപ്പില്ല. ഞാൻ കേട്ടിട്ടുള്ളതുവച്ചുപറഞ്ഞാൽ എനിക്കതിൽ എന്റേതായ സംശയങ്ങളുണ്ട്. ഈ വലിയ ബാരിസ്റ്റർമാരെ കാണുമ്പോൾ അവരുടെ ജീവിതവും യൂറോപ്യന്മാരുടേതും തമ്മിൽ ഒരു വ്യത്യാസവും എനിക്ക് തോന്നാറില്ല. അവർക്ക് ഭക്ഷണക്കാര്യത്തിൽ ഒരു കൂസലുമില്ല. അവരുടെ വായിൽ നിന്ന് ചുരുട്ട് ഒരിക്കലും ഒഴിവാകാറുമില്ല. അവർ ഇംഗ്ലീഷുകാരെപ്പോലെ തന്നെ നിർലജ്ജമായി വസ്ത്രം ധരിക്കുന്നു. അവയൊന്നും നമ്മുടെ കുടുംബ പാരമ്പര്യത്തിന് യോജിക്കുകയില്ല. ഞാനുടനെ ഒരു തീർത്ഥാടനത്തിനുപോവുകയാണ്. എനിക്കിനി അധികവർഷം ജീവിതമില്ല. ഇംഗ്ലണ്ടിലേക്ക്, സമുദ്രം കടന്നുപോകാൻ നിന്നെ മരണത്തിന്റെ വക്കിലിരുന്ന് അനുവദിക്കാൻ ഞാനെങ്ങനെ ധൈര്യപ്പെടും ? പക്ഷേ ഞാൻ നിന്റെ വഴി തടയുകയില്ല. നിന്റെ അമ്മയുടെ അനുവാദമാണ് യഥാർത്ഥത്തിൽ പ്രധാനം. അവർ അനുവദിക്കുമെങ്കിൽ എന്റെ വിജയാശംസ ! ഞാനിതിൽ ഇടപെടില്ലെന്ന് അവരോടുപറയൂ. നിനക്ക് എന്റെ അനുഗ്രഹങ്ങളുണ്ടായിരിക്കും."

മറുപടിയായി, ഇനി അമ്മയുടെ സമ്മതത്തിനായി താൻ ശ്രമിക്കാമെന്നും തന്റെ കാര്യം മിസ്റ്റർ ലെലിയോട് വലിയച്ഛനൊന്ന് ശുപാർശ ചെയ്യില്ലേ എന്ന് ഗാന്ധിജി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു : "അതെങ്ങനെ ഞാൻ ചെയ്യും ? പക്ഷെ അദ്ദേഹമൊരു നല്ല മനുഷ്യനാണ്. നിന്റെ കുടുംബബന്ധങ്ങൾ കാണിച്ച് ഒരു കൂടിക്കാഴ്ചയ്ക്ക് ആവശ്യപ്പെടൂ. അദ്ദേഹം തീർച്ചയായും അതനുവദിക്കും. നിന്നെ സഹായിച്ചെന്നും വരും."

അങ്ങനെ വല്യച്ഛന്റെ ഉപദേശപ്രകാരം ഗാന്ധിജി മിസ്റ്റർ ലെലിക്കെഴുതിയതിന്റെ ഫലമായി വീട്ടിൽ ചെന്നുകാണാൻ അദ്ദേഹം ആവശ്യപ്പെട്ടു. വീട്ടിൽ ഗോവണി കയറുന്നതിനിടയ്ക്കാണ് അദ്ദേഹം ഗാന്ധിജിയെ കണ്ടത്. "ആദ്യം ബി. എ. പാസ്സാകൂ. അതുകഴിഞ്ഞ് എന്നെ വന്നു കാണൂ. ഇപ്പോൾ ഒരു സഹായവും ചെയ്യാൻ നിവൃത്തിയില്ല." എന്ന് ചുരുക്കിപ്പറഞ്ഞിട്ട് അദ്ദേഹം തിടുക്കത്തിൽ മുകളിലേക്ക് പോയി. അദ്ദേഹത്തെ കാണുമ്പോൾ പറയാൻ ഏതാനും വാക്യങ്ങൾ ശ്രദ്ധാപൂർവ്വം പഠിച്ചുവയ്ക്കുകയും കണ്ടപ്പോൾ തല കുനിച്ച് രണ്ടു കൈ കൊണ്ടും വന്ദിക്കുകയും ചെയ്തിരുന്നുവെങ്കിലും അതെല്ലാം വ്യർത്ഥമായെന്ന് ഗാന്ധിജിക്ക് മനസ്സിലായി.

ഗാന്ധിജി ഭാര്യയുടെ ആഭരണങ്ങളെപ്പറ്റിയും അദ്ദേഹത്തിനേറ്റവും വിശ്വാസമുണ്ടായിരുന്ന ഏട്ടനെക്കുറിച്ചും ഓർത്തു. ഏട്ടൻ വളരെ ഉദാരനായിരുന്നു. ഗാന്ധിജിയെ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. രാജ്കോട്ടിൽ എത്തി നടന്നതെല്ലാം അറിയിച്ചു. ജോഷിജിയോട് അഭിപ്രായമാരാഞ്ഞപ്പോൾ വേണ്ടിവന്നാൽ കുറേ കടമെടുത്തും പോകുന്നതാണ് ബുദ്ധിയെന്ന് ഉപദേശിച്ചു. ഗാന്ധിജി തന്റെ ഭാര്യയുടെ രണ്ടോ മൂന്നോ ആയിരം രൂപ വില കിട്ടാവുന്ന ആഭരണങ്ങൾ വിൽക്കാമെന്ന നിർദ്ദേശം വെച്ചപ്പോൾ എങ്ങനെയെങ്കിലും പണം കണ്ടെത്തിക്കൊള്ളാമെന്ന് ഏട്ടൻ വാഗ്ദാനം ചെയ്തു. അപ്പോഴും ഗാന്ധിജിയുടെ അമ്മ സമ്മതം മൂളിയില്ല. അവർ സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തിത്തുടങ്ങിയിരുന്നു. ചെറുപ്പക്കാർ ഇംഗ്ലണ്ടിൽ ചെന്നാൽ നശിക്കുമെന്നും മാംസഭക്ഷണം തുടങ്ങുമെന്നും അവിടെ മദ്യം കൂടാതെ ജീവിക്കാനാവില്ലെന്നുമെല്ലാം മറ്റുള്ളവരിൽ നിന്നുമറിഞ്ഞപ്പോൾ അമ്മ ഗാന്ധിജിയോട് അതേപ്പറ്റി ചോദിച്ചു. ഗാന്ധിജി പറഞ്ഞു: "അമ്മ എന്നെ വിശ്വസിക്കില്ലേ ? ഞാൻ അമ്മയോട് കളവ് പറയില്ല. ആ സാധനങ്ങളൊന്നും തൊടില്ലെന്ന് ഞാൻ സത്യം ചെയ്യുന്നു. അത്തരം ആപത്തുവല്ലതും ഉണ്ടായിരുന്നെങ്കി

ൽ ജോഷിജി പോകാൻ സമ്മതിക്കുമോ ?''

ഗാന്ധിജിയെ വിശ്വസിക്കുന്നുണ്ടെന്നും പക്ഷെ വിദൂരത്താവുമ്പോൾ എങ്ങനെ വിശ്വസിക്കുമെന്നും തനിക്ക് പേടിയുണ്ടെന്നും എന്താ ചെയ്യേണ്ടതെന്നറിയില്ലെന്നും ബേചർജി സ്വാമിയോട് ചോദിക്കട്ടെയെന്നും അമ്മ പറഞ്ഞു.

ബേചർജി സ്വാമി ഒരു മോഢ്ബനിയാ ആയിരുന്നെങ്കിലും പിന്നീട് ഒരു ജൈന സന്യാസിയായി മാറി. ജോഷിജിയെപ്പോലെ അദ്ദേഹവും കുടുംബോപദേഷ്ടാവാണ്. അദ്ദേഹം ഗാന്ധിജിയുടെ സഹായത്തിനെത്തി. അദ്ദേഹം പറഞ്ഞു. ''ഞാൻ കുട്ടിയെക്കൊണ്ട് വിധിപ്രകാരം മൂന്നു പ്രതിജ്ഞയും എടുപ്പിക്കാം. അതുകഴിഞ്ഞ് അവനെ പോകാൻ അനുവദിക്കാം' അദ്ദേഹം പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. മദ്യമോ മാംസമോ പരസ്ത്രീയേയോ തൊടില്ലെന്ന് ഗാന്ധിജി സത്യം ചെയ്തപ്പോൾ അമ്മ പോകാൻ അനുവാദം കൊടുത്തു.

ഗാന്ധിജി പഠിച്ച ഹൈസ്കൂളിൽ ബഹുമാനാർത്ഥം ഒരു യാത്രയയപ്പുണ്ടായിരുന്നു. രാജ്കോട്ടിലെ ഒരു ചെറുപ്പക്കാരൻ ഇംഗ്ലണ്ടിൽ പോവുക അസാധാരണമായ ഒരു സംഗതിയായിരുന്നു. നന്ദി പറയുന്ന ഏതാനും വാക്കുകൾ ഗാന്ധിജി എഴുതിയിരുന്നു. പക്ഷെ അവ വായിച്ചുകേൾപ്പിക്കുവാൻ എഴുന്നേറ്റപ്പോൾ തലചുറ്റലും ശരീരം മുഴുവനും വിറച്ചതും കാരണം അദ്ദേഹത്തിന് അത് സാധിച്ചില്ല.

മുതിർന്നവരുടെ അനുഗ്രഹങ്ങളോടെ, ഏട്ടനേയും കൂട്ടി, ഏതാനും മാസം പ്രായമുള്ള കുഞ്ഞിനേയും ഭാര്യയേയും വിട്ട് അമ്മയുടെ അനുവാദാനുഗ്രഹങ്ങളോടെ ഹർഷോന്മത്തനായി ഗാന്ധിജി ബോംബേയിലേയ്ക്ക് യാത്രയായി. അദ്ദേഹത്തിന്റെ ആദ്യ ബോംബേ യാത്രയായിരുന്നു അത്. •

കത്തുകളയക്കേണ്ട വിലാസം :
ഏക തത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001



# ഓർമ്മച്ചെപ്പിലെ നാട്ടുമണങ്ങൾ



**രാജേന്ദ്രൻ വയല**
**9446377201**

വിദേശത്ത് ജോലി ചെയ്യുന്ന സുഹൃത്ത് അരവിന്ദൻ നാട്ടിലെത്തുമ്പോൾ ഞങ്ങളൊരുമിച്ച് കുറേ സഞ്ചാരങ്ങൾ പതിവുണ്ട്. ദൂരെയെവിടെയെങ്കിലുമുള്ള സുഖവാസ കേന്ദ്രങ്ങളോ അവിടുത്തെ കാഴ്ചയുടെ വിഭ്രമങ്ങളോ ഞങ്ങൾ തേടിപ്പോകാറില്ല. കണ്ണിനും മനസ്സിനും വിശ്രാന്തി പകരുന്ന, ബാല്യകൗമാരകുതൂഹലങ്ങളുടെ നിറവും മണവും മനസ്സിലുണർത്തുന്ന ഇടങ്ങളിലേക്കാണ് ഞങ്ങളുടെ യാത്ര. യാത്രയല്ല ഒരു തീർത്ഥാടനമെന്ന് പറയുന്നതാവും കൂടുതൽ ശരി.

ഞങ്ങൾ പഠിച്ച സർക്കാർ സ്കൂളുകൾ, അവിടേക്ക് നടന്നുപോയ നാട്ടിടവഴികൾ, (ആ വഴികളൊക്കെയും ഇന്ന് ടാർറോഡുകളും കോൺക്രീറ്റ് നടപ്പാതകളുമായിരിക്കുന്നു) അക്ഷരങ്ങളിലൂടെ മനസ്സിൽ ഭാവനയും ലോകവീക്ഷണവും വളർത്തിയ വായനശാല, പിന്നെ പാറക്കെട്ടുകളിൽ അവശേഷിച്ചിട്ടുള്ളവ, തോടുകൾ, കുളങ്ങൾ, പൊന്തക്കാടുകൾ...

ഇപ്പറഞ്ഞവയിലേറെയും ഇന്നേക്ക് പഴമയുടെ ആവരണങ്ങളഴിച്ച് നവീനതയുടെ നിയതവൃത്തങ്ങളായിമാറിയിരിക്കുന്നു. അത് കാലത്തിന്റെ ആവശ്യം തന്നെയാവാം. എങ്കിലും ഞങ്ങളുടെ ഓർമ്മക്ക് ചേക്കേറാനുള്ള പഴമയുടെ ചില അവശേഷിപ്പുകൾ അവിടെയൊക്കെ ഇപ്പോഴുമുണ്ട്.

സ്കൂൾ വളപ്പിലുള്ള നാട്ടുമാവ് ഇപ്പോഴും അങ്ങനെ, വായനശാലയിലെ പഴയ റേഡിയോസ്റ്റാൻസ് (പഴയ റേഡിയോ അവിടെ കാണാനില്ല) പഴയ ശാസ്താംപാറ. അവിടെനിന്ന് താഴേക്ക് നോക്കിയാൽ കാണുന്ന മോഹിപ്പിക്കുന്ന വിദൂരദൃശ്യങ്ങൾ, ആ പാറയുടെ ചരുവിലുള്ള പേരറിയാത്ത ഉഗ്രമൂർത്തിയുടെ വിഗ്രഹമുള്ളതുകൊണ്ടാണ് പാറക്കെട്ട് ഇന്നും അവശേഷിക്കുന്നതെന്ന് നാട്ടുകാർ പറയുന്നു. അവിടെയിരുന്ന് ഉഗ്രമൂർത്തിക്കൊരു കുടന്ന പൂക്കല ചെത്തി അർപ്പിച്ച് നിൽകുമ്പോൾ ആ ശില്പത്തിന്റെ ചുണ്ടിൽ 'മൊണാലിസ'യുടെ ഭാവമറിയാത്തൊരു ചെറുചിരിയുടെ അടരുകൾ തുടിക്കും.

അങ്ങനെയൊരു ദിവസം വെയിൽ താണ ഒരു സായാഹ്നവേളയിൽ പാറപ്പുറത്ത് സ്വകാര്യം പറഞ്ഞിരിക്കും വേളയിലാണ് ഒരുമണം അവിടേക്ക് കാറ്റിലൊഴുകി വന്നെത്തിയത്. വല്ലാത്ത ഗൃഹാതുരത പകരുന്ന ഒരുമണമായിരുന്നു അത്.

''ഓർമ്മകളിലുണ്ടൊരു മണം. അതെന്താണെന്ന് പക്ഷെ പറയാനാവുന്നില്ലല്ലോ.'' അരവിന്ദൻ ആ മണത്തിന്റെ ഓർമ്മപ്പുറങ്ങളിലലഞ്ഞു.

''ഒന്നുകൂടി ഓർത്തുനോക്കൂ. നമ്മുടെ ബാല്യകൗമാരങ്ങളുടെ ചെപ്പേടുകളിൽ തിരഞ്ഞാൽ കിട്ടും.'' ഞാൻ പറഞ്ഞു.

എത്ര ശ്രമിച്ചിട്ടും അവന് ആ മണം എന്താണെന്ന് പറയാനായില്ല. അവസാനം ഞാൻ പറഞ്ഞു.

''കശുവണ്ടി കനലിൽ ചുടുന്ന മണം.''

''എനിക്ക് ആ മണം തിരിച്ചറിയാനായില്ലല്ലോടാ...'' എന്നുപറഞ്ഞപ്പോൾ അവന്റെ കണ്ണുകൾ നിറ

ഞ്ഞിരുന്നു.


ഇങ്ങനെ എന്തോരം നാട്ടു മണങ്ങളുണ്ട് നമ്മുടെ ഓർമ്മച്ചെപ്പുകളിലെന്നോർമ്മിച്ച് ആ മണങ്ങളെക്കുറിച്ച് പയ്യാരം പറഞ്ഞ് ചാരിതാർത്ഥ്യരായി ഞങ്ങളിങ്ങനെ.

കശുവണ്ടി കനലിൽ ചുട്ടെടുത്ത് മണലിൽ പൂഴ്ത്തി ചൂടാറ്റി പരന്ന കല്ലിൽ വച്ച് മറ്റൊരു കല്ലുകൊണ്ട് പൊട്ടിച്ച് പരിപ്പെടുത്ത് ഓരോരുത്തരായി വീതിച്ച് കഴിക്കുമ്പോഴുള്ള രുചി ഇന്നത്തെ പായ്ക്കറ്റ് കശുവണ്ടിപ്പരിപ്പിന് ഒട്ടുമില്ല. അതുപോലെ നാട്ടുമാങ്ങയുടെ ഇളം ഉണ്ണിമാങ്ങകൾക്കും ഉപ്പിലിടാൻ പൊട്ടിച്ചെടുക്കുന്നവയ്ക്കും, പഴുത്തുകൊഴിഞ്ഞ് കാറ്റിൽ വീണവയ്ക്കും ഓരോരോ മണങ്ങളാണ്. നാട്ടുമാങ്ങകൾ തന്നെ എന്തോരം തരങ്ങൾ. തത്തച്ചുണ്ടൻ, മൂവാണ്ടൻ തന്നെ പലയിനങ്ങൾ, കപ്പമാങ്ങ, കിളിച്ചുണ്ടൻ, ഈച്ചിക്കുടിയൻ, പുളിമാങ്ങ, ആരൻ. ഓരോ ഇനങ്ങൾക്കും ഓരോ മണങ്ങൾ. അടുത്ത നാട്ടിൽ തന്നെ അവയ്ക്കെല്ലാം പേര് മറ്റൊന്ന്. നെല്ലു പുഴുങ്ങുമ്പോളുയരുന്ന മണം ഇപ്പോഴെത്ര നാളായി ആസ്വദിക്കാനായിട്ടെന്ന് അരവിന്ദൻ പറഞ്ഞപ്പോൾ നാട്ടിലുള്ള ഞാനും അതിലുൾപ്പെടുമെന്നു പറയാൻ മടിച്ചു. നെൽചണ്ടി (മങ്ക്) കത്തിക്കുമ്പോൾ അതിൽ പൂഴ്ത്തിവച്ച് ചുട്ടെടുക്കുന്ന മധുരക്കിഴങ്ങിന്റേയും മരച്ചീനിയുടേയും കാച്ചിലിന്റേയും മണവും രുചിയും ഞങ്ങളുടെ കുട്ടികൾ അനുഭവിക്കാനായിട്ടില്ല. പുന്നെല്ലരിയുടെ ചോറ് ഇലയിൽ വിളമ്പുമ്പോളുയരുന്ന മണവും ഒന്നുവേറെ തന്നെ.

അങ്ങനെ എത്രയോ തരം മണങ്ങളും രുചികളുമാണ് ഓർമ്മകളുടെ ചാരത്തിൽ മൂടിപ്പോയിരിക്കുന്നത്. ആ മണങ്ങളുമായെത്തുന്ന കാറ്റ് ചാരം തൂറ്റിക്കളയുമ്പോൾ അവിടെ തീ കെടാത്ത കനലുകളുടെ രൂപത്തിൽ അവയൊക്കെ പുനർജ്ജനിക്കുന്നു.

ജനിച്ചുവളർന്ന നാടും കളിക്കൂട്ടുകാരുടെ ഇടവേളകളിലെ കൂട്ടായ്മയും വേണം ആ മണങ്ങളേയും രുചിപ്പെരുമയേയും ഉണർത്തിയെടുക്കാൻ. ●

# (Locomotor Ataxia / Tabes Dorsalis)
# ലോക്കോമോട്ടോർ അറ്റാക്സിയ
## ടേബ്സ് ഡോർസാലിസ്



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

നട്ടെല്ലിനെ ബാധിക്കുന്നതും അതുമൂലം ചലനശേഷിയെ തടസ്സപ്പെടുത്തുന്ന ഒരു രോഗമാണ്. ഗൊണോറിയാ, സിഫിലിസ്സ് എന്നീ രോഗങ്ങളുടെ അനന്തരഫലമായിട്ടോ, കൂടാതെ പരിക്ക്, മദ്യപാനം, അമിതശൈത്യം, വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോഴുള്ള അമിത കുലുക്കം ഇവകൾ നിമിത്തമോ ഉണ്ടാകാവുന്ന രോഗവുമാണ്.

***രോഗലക്ഷണങ്ങൾ***

തുടക്കത്തിൽ ശരീരത്തിലെ പിൻഭാഗത്തും കാൽകളിലും വേദന അനുഭവപ്പെടുന്നതായിരിക്കും. ക്രമേണ മാംസപേശികൾക്ക് വഴക്കമില്ലായ്മയും യോജിച്ചുള്ള പ്രവർത്തനങ്ങൾക്ക് ക്രമക്കേടുകളും, ആന്തരീകാവയവങ്ങൾക്ക് തകരാറുകൾ സംഭവിക്കുകയും ചെയ്യുന്നു. ചലനശേഷിയെ നിയന്ത്രിക്കുന്ന ഞരമ്പുകൾക്ക് ക്രമക്കേടുകൾ സംഭവിക്കുന്നു. ഇതുനിമിത്തം കാലുകൾക്കുള്ള പ്രവർത്തനത്തിൽ അനുസരണക്കുറവ് ഉണ്ടാവുന്നു. രോഗി വിചാരിച്ച മാതിരി കാലുകൾ വഴങ്ങാതെ വരിക, കൂടാതെ കാലുകൾക്ക് മിന്നൽ പോലേയും കഠിനവും ജ്വലിക്കുന്നതും തുളയ്ക്കുന്നതും മാതിരിയുള്ള വേദനകൾക്ക് അടിമപ്പെടുന്നു. ക്രമേണ ഈ രോഗലക്ഷണങ്ങൾ കൈകളിലേക്കും വ്യാപിക്കുന്നതായിരിക്കും തുടർന്ന് കാലുകൾക്ക് നിൽക്കുവാനും നടക്കുവാനും സാധിക്കാതെ വരിക എന്നീ രോഗലക്ഷണങ്ങളും കാണപ്പെടുന്നു. രോഗാരംഭത്തിൽ കാഴ്ചശക്തി, കേൾവിക്കുറവ്, തലചുറ്റൽ, കൈകാലുകൾ കോച്ചിവലിക്കൽ, കൂടാതെ പേശികൾക്ക് സ്പർശനശേഷി കുറഞ്ഞുവരിക എന്നിവയെല്ലാം പ്രത്യക്ഷപ്പെടാറുണ്ട്. രോഗം മൂർച്ഛിക്കുമ്പോൾ ശരീരത്തിലെ വയറ്, മൂത്രാശയം, മലദ്വാരം, ശ്വാസകോശം ഇവകളെല്ലാം ബാധിക്കപ്പെടുന്ന കൈകാൽ മുട്ടുകൾക്ക് വേദന അനുഭവപ്പെടുന്നു. ശരീരത്തിന്റെ സാധാരണ പ്രവർത്തികൾ നിർവ്വഹിക്കാനാവാത്ത അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. കൈവിരലുകൾക്ക് സ്പർശനശക്തി കുറഞ്ഞുവരികയും ക്രമേണ ഇല്ലാതാവുകയും തന്നിമിത്തം പ്രവർത്തനരഹിതമാവുകയും ചെയ്യുന്നു. താളം തെറ്റിയുള്ള നടത്തശൈലിയിലേക്ക് അടിമയാകുന്നു. കാലുകൾ മുന്നോട്ടുവെക്കുന്നത് എറിയുന്നതുമാതിരി ആയിരിക്കും. രണ്ടുപാദങ്ങളേയും ഒന്നിച്ച് ചേർത്തു നിർത്തുവാനുള്ള പ്രയാസം ഉണ്ടായിരിക്കും. കണ്ണുകൾ താനെ അടഞ്ഞുപോകും. ഫലപ്രദമായ ചികിത്സകൾ ലഭിക്കാത്ത പക്ഷം, രോഗി ശയ്യാവലംഭനായി തീരുകയും പിന്നീട് മരണത്തെ പ്രാപിക്കുകയും ചെയ്യുന്നു. എല്ലാ അവയവങ്ങളേയും ബാധിച്ച രോഗിയെ തളർത്തിക്കിടത്തുന്ന രോഗമായതുകൊണ്ട് രോഗാരംഭത്തിൽ തന്നെ പരിചയസമ്പന്നരുടെ ഫലപ്രദമായ ചികിത്സ ലഭിക്കുക മൂലം രോഗിക്ക് രോഗവിമുക്തനാവാൻ സാധിക്കും. ഹോമിയോപതിയിൽ ഈ അസുഖത്തിനുള്ള ഫലപ്രദമായ ചികിത്സകൾ ലഭ്യമാണ്.



# അൽപ്പം നാടകക്കാര്യം

**മുക്കം ഭാസി**
**9846138693**

**നാ**ടകം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന്ന് യുഗങ്ങൾ അപ്പുറത്തേയ്ക്കുള്ള വേരോട്ടമുണ്ട്. ത്രേതായുഗത്തിലാണ് നാടകത്തിന്റെ പിറവി. തുടക്കം തന്നെ 'കച്ചറ'യിലാണ് അവസാനിച്ചത് ! ഒരു സംഘം 'വീരന്മാർ' കൂക്കിവിളിച്ചും ബഹളം വെച്ചും നാടകം കുളമാക്കിമാറ്റി. ആ കഥ ഞാൻ പിന്നീട് പറയാം.

നാട്യവേദത്തിൽ നിന്നാണ് നാടകോത്ഭവം. കൃതയുഗത്തിൽ നാട്യവേദമില്ല. തരിമ്പും ദുഃഖമില്ലാത്ത കാലമാണത്. സുഖദുഃഖസമ്മിശ്രമാണ് ത്രേതായുഗം. വേദശാസ്ത്രാദികൾ പഠിയ്ക്കാത്ത ജനങ്ങൾ പാർക്കുന്ന പ്രദേശമാണ് ഗ്രാമം. അവരുടെ ധർമ്മമാണ് ഗ്രാമ്യധർമ്മം. ധർമ്മത്തെ പറ്റി ഒരു 'ചുക്കും ചുണ്ണാമ്പും' അറിയാത്തവരാണ് അവർ. അവർക്ക് തോന്നിയത് അവരുടെ ധർമ്മം. അതാണ് അവസ്ഥ.

ജംബു ദ്വീപിന്റെ ഒരു ഭാഗമാണ് ഭാരതഖണ്ഡം. ഇന്ദ്രാദിദിക്പാലകരാണ് ഇതിന്റെ സംരക്ഷകർ. നിലവിലുള്ള വേദങ്ങളൊന്നും ശൂദ്രജാതിക്കാരെ കേൾപ്പിയ്ക്കാൻ പാടില്ല. അങ്ങനെയുള്ള ഒരവസ്ഥയിൽ ഇന്ദ്രാദിദേവന്മാർ ബ്രഹ്മാവിന് ഒരു നിവേദനം സമർപ്പിച്ചു. കാണാനും കേൾക്കാനും രസിയ്ക്കാനുമുള്ള ഒരു 'വിനോദസാധനം' നിർമ്മിയ്ക്കണം.

ബ്രഹ്മാവ് സമ്മതിച്ചു. അങ്ങനെ 'നാട്യവേദം' എന്ന അഞ്ചാമത് ഒരു വേദം കൂടി ബ്രഹ്മാവ് സൃഷ്ടിച്ചു - വാക്കുകളുടെ ഉച്ചാരണഭേദം ഋഗ്വേദത്തിൽ നിന്നും, ഗീതം സാമവേദത്തിൽ നിന്നും, അഭിനയം യജുർവേദത്തിൽ നിന്നും, രസങ്ങൾ അഥർവ്വവേദത്തിൽ നിന്നും എടുത്ത് ഒരു 'കൂട്ടുകറി'യുണ്ടാക്കി ബ്രഹ്മാവ്. രസകരമായ ഒരു കൂട്ടുകറി. അതാണ് നാട്യശാസ്ത്രം !

നാട്യശാസ്ത്രത്തിലെ നാടകം എന്ന കല രൂപപ്പെടുത്തി സംവിധാനം ചെയ്യാൻ ബ്രഹ്മാവ് ഭരതമുനിയോട് ആവശ്യപ്പെട്ടു. അതനുസരിച്ച് തന്റെ പുത്രന്മാരായ ശാണ്ഡില്യൻ മുതൽ വീരൻ വരെയുള്ള 105 പുത്രന്മാരെ നാടകം പഠിപ്പിച്ചു. ഇവരെ കൂടാതെ ബ്രഹ്മാവ് സൃഷ്ടിച്ച 24 അപ്സരസ്സുകളേയും നാടകത്തിൽ ചേർത്തി.

സംഗീതമേൽനോട്ടം നാരദമഹർഷിയും ഉപകരണസംഗീതമേൽനോട്ടം സ്വാതി മഹർഷിയും നിർവ്വഹിച്ചു. ദേവേന്ദ്രന്റെ ധ്വജോത്സവദിനം നാടകാവതരണം. വേദി ദേവലോകം. ദേവൻമാർ, ഗന്ധർവ്വന്മാർ, യക്ഷന്മാർ, രാക്ഷസന്മാർ, നാഗങ്ങൾ തുടങ്ങി സ്വർഗ്ഗവാസികളടക്കം പ്രേക്ഷകർ.

നാട്യം അഥവാ നാടകമാരംഭിച്ചു. ദേവന്മാർ അസുരന്മാരെ നശിപ്പിച്ച കഥയായിരുന്നു പ്രതിപാദ്യം. ഇത് അസുരന്മാരെ പ്രകോപിച്ചു. അവർ കച്ചറക്കാരായി. നാടകം മുടക്കാനുള്ള എല്ലാ ഗുണ്ടായിസവും അവർ പുറത്തെടുത്തു. നാടകം മുടങ്ങി. അങ്ങനെ പ്രപഞ്ചത്തിലെ ആദ്യനാടകാവതരണം താറുമാറായി.

ബ്രഹ്മാവ് വിശ്വകർമ്മാവിനെ വിളിച്ച് ഒരു നാട്യഗൃഹം നിർമ്മിയ്ക്കാൻ അഭ്യർത്ഥിച്ചു. അതായത് ഒരു ഓഡിറ്റോറിയം. ചുരുങ്ങിയ കാലത്തിനുള്ളിൽ ഓഡിറ്റോറിയം റെഡി. രംഗമണ്ഡപ രക്ഷകനായി ചന്ദ്രനെ ഡ്യൂട്ടിയിലിട്ടു. ഇന്ദ്രവരുണയമകുബേരന്മാരെ നാലുദിക്കിലും കാവലാക്കി. ഗ്രീൻ റൂമിന്റെ ചുമതല സൂര്യന്. വസ്ത്രസംരക്ഷണം വരുണൻ.

ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രരുടെ അധിദേവതകൾ നാലു തൂണിലും കാവൽക്കാർ. പ്രവേശന കവാടത്തിൽ കാലൻ, കൃതാന്തൻ എന്നിവർ കാവല്ക്കാർ. ഇവർക്കൊക്കെ പുറമെ ത്രിമൂർത്തികളായ ബ്രഹ്മൻ, വിഷ്ണു, മഹേശ്വരൻ എന്നിവരുടെ സാമീപ്യവും. സർവ്വം ഭദ്രം. പിൻ ഡ്രോപ്പ് സൈലൻസ്. നാടകം അരങ്ങേറി. മുറുമുറുപ്പുള്ള അസുരന്മാരെ ബ്രഹ്മദേവൻ വാക്ചാതുര്യം കൊണ്ട് കീഴ്പ്പെടുത്തി. അങ്ങനെ പ്രപഞ്ചത്തിലെ ആദ്യനാടകം അരങ്ങേറി.

വിജയകരമായി അനേകയാഗങ്ങൾ പൂർത്തിയാക്കിയ നഹുഷൻ എന്ന രാജാവ് ദേവലോകാധിപനായി. സ്വർഗ്ഗത്തിൽ അപ്സരസ്സുകളുടെ പാട്ടും അഭിനയവും കണ്ട രാജാവിന് ഇത്തരമൊരു 'നടനകല' ഭൂമിയിലെത്തിച്ചാൽ നന്നായിരുന്നു എന്നുതോന്നി. നഹുഷന്റെ ആഗ്രഹമറിഞ്ഞ ഭരതമുനി തന്റെ പുത്രന്മാരെ ഭൂമിയിലയച്ചു. അവർക്ക് മനുഷ്യസ്ത്രീകളിൽ പുത്രന്മാരുണ്ടായി. അത്തരം പുത്രന്മാരേയും പുത്രികളേയും അവർ നാടകം പരിശീലിപ്പിച്ചു. അതോടെ ഭൂമിയിൽ നാടകമെന്ന കല രൂപം കൊണ്ടു. ഇത് നാടകോത്ഭവത്തിന്റെ രത്നച്ചുരുക്കം !

(അവലംബം - നാട്യശാസ്ത്രം)

# ദേവഭൂമിയിലെ ദേവദാരുക്കൾ

## യാത്രാവിവരണം (ഭാഗം 12) അവസാനഭാഗം



**ഈശ്വർകുമാർ തരവത്ത്**
**9946655277**

**ഗാ**ന്ധിജിയുടെ വീക്ഷണത്തെക്കുറിച്ച് പറയുമ്പോൾ അടിസ്ഥാനപരമായി അദ്ദേഹത്തിനുള്ള മൂന്നു ചരിത്രവസ്തുതകളെ ഓർക്കേണ്ടതുണ്ട്. ആദ്യത്തേത് ചരിത്രത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണം. അടുത്തത് അദ്ദേഹത്തിന് പ്രകൃതിയുമായുണ്ടായിരുന്ന മാനുഷികബന്ധം. അവസാനത്തേത് ‘സ്വത്വം’ (being) എന്നതിന്റെ അസ്തിത്വം. യാഥാസ്ഥിതിക ചരിത്രത്തെ നിരാകരിക്കുന്ന അദ്ദേഹം ലോകത്തിന്റെ അസ്തിത്വം യാഥാർത്ഥ്യമാക്കുന്ന ചൈതന്യത്തിന്റെ ചരിത്രപരമായ തെളിവ് ശരിവെക്കുകയായിരുന്നു. സത്യാഗ്രഹത്തെ അദ്ദേഹം ഒരു സർഗ്ഗാത്മകസത്തയായി കണ്ടു. അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ചരിത്രത്തെവരെ വിലയിരുത്തിവന്നത് !

* * * * *

രാജ്ഘട്ടിൽ നിന്ന് നേരെ നെഹ്റു കുടുംബത്തിന്റെ ആസ്ഥാനമായ തീൻമൂർത്തി ഭവനിലേക്കാണ് പോയത്. മോട്ടിലാൽ നെഹ്റുവിന്റെ ഗൃഹമായിരുന്ന ഇവിടെ, 1964ൽ ജവഹർലാൽ നെഹ്റുവിന്റെ മരണശേഷം, പതിനഞ്ചുവർഷം ശ്രീമതി ഇന്ദിരാഗാന്ധി താമസിച്ചു. പല സുപ്രധാന രാഷ്ട്രീയതീരുമാനങ്ങൾക്കും വേദിയായ ഇവിടത്തെ മുറികളും, കുടുംബാംഗങ്ങൾ ഉപയോഗിച്ച സാധനസാമഗ്രികളും, ഇന്ദിരാഗാന്ധിയും, രാജീവ് ഗാന്ധിയും മരണസമയത്തുധരിച്ചിരുന്ന വസ്ത്രങ്ങളും ചെരുപ്പുകളുംവരെ അടുക്കോടെ വെച്ചിരിക്കുന്നു. ഇന്ദിരാഗാന്ധിയുടെ വധം നടന്ന നടപ്പാത, കണ്ണാടി പാളികളിട്ട് ശ്രദ്ധയോടെ സൂക്ഷിച്ചിരിയ്ക്കുന്നു.

നിരവധി നിർണ്ണായക സംഭവങ്ങൾക്കു സാക്ഷിയായ, തീൻമൂർത്തി ഭവനിൽ നിന്നിറങ്ങുമ്പോൾ, രാജ്യത്തെ പിടിച്ചുകുലുക്കിയ അടിയന്തരാവസ്ഥയും ബംഗ്ലാദേശ് പിറവിയും ശ്രീലങ്കയിലെ തമിഴ്പ്രശ്നങ്ങളടക്കം, ശ്രീമതി ഗാന്ധിയുടേയും രാജീവ് ഗാന്ധിയുടേയും രാഷ്ട്രീയ ജീവിതത്തിലെ പല രംഗങ്ങളും, ഒരു തിരശ്ശീലയിലെന്ന പോലെ തെളിഞ്ഞുവന്നു !

ദിവസേന നിരവധിപേർ സന്ദർശിക്കുന്ന ഇവിടം, ഇപ്പോൾ ഒരു മ്യൂസിയമായി സംരക്ഷിച്ചുവരുന്നു. നിരവധി നിയോഗങ്ങൾക്കു ശേഷം യാത്രാമൊഴികളുമായി മൺമറഞ്ഞ വിജയ്ഘട്ട് - ശാന്തിവൻ - വീർഭൂമി-ശക്തിസ്ഥൽ-കിസാഘട്ട് തുടങ്ങി മൺമറഞ്ഞുപോയ നിരവധി നേതാക്കളുടെ അന്ത്യവിശ്രമ സ്ഥലങ്ങൾ, ഈ പ്രദേശങ്ങളിലായി നിരന്നുകിടക്കുന്നുണ്ട്.

* * * * *

കടമ, അച്ചടക്കം, ഐക്യം, സാഹോദര്യം, കൂറ്, സേവനം, ത്യാഗം എന്നിവയെ പ്രതിനിധാനം ചെയ്യുന്ന ‘ഇന്ത്യാ ഗെയിറ്റാ’ണ് പിന്നീട് കണ്ടത്. 1921ൽ കോണാറ്റ് പ്രഭു തറക്കല്ലിട്ട്, 1931 ൽ ല്യൂട്ടൻസ് പൂർത്തിയാക്കിയ ‘ആൾ-ഇന്ത്യാ വാർമെമ്മോറിയൽ ആർച്ച്’ ആണ്, പിന്നീട് ഇന്ത്യാഗെയിറ്റായത്. 139 അടി ഉയരുമുള്ള ഈ മനോഹരനിർമ്മിതി ഒന്നാം ലോകമഹായുദ്ധത്തിൽ മരിച്ച 60,000 ഇന്ത്യൻ ഭടന്മാരുടേയും, 1919 ലെ മൂന്നാം അഫ്ഗാൻ യുദ്ധത്തിൽ മരിച്ച 13516 ബ്രിട്ടീഷ് ഇന്ത്യൻ ഭടന്മാരുടേയും സ്മരണ കാത്തുസൂക്ഷിക്കുന്നു !

തങ്ങൾ നിർമ്മിച്ചെടുക്കുന്ന സ്മാരകങ്ങളോടുള്ള യഥാർത്ഥ സ്നേഹവും ബഹുമാനവും അത് നിർമ്മിക്കുന്നവർക്കും കാണുന്നവർക്കും ഉണ്ടായിരുന്നെങ്കിൽ സൽക്കർമ്മങ്ങളും മൂല്യങ്ങളും അവയുടെ തനിമയും താൽപര്യവും എക്കാലവും ഈ ലോകത്ത് നിലനിന്നേനെ...

തൊട്ടടുത്തുള്ള രാഷ്ട്രപതിഭവന്റെ ചാരുതക്ക്, ഇത് മകുടം ചാർത്തുന്നുണ്ട് !

* * * * *

ലോകത്തെതന്നെ, ഏറ്റവും ഉയരം കൂടിയ മിനാർ ആയ ‘കുത്തബ്ബ് മിനാർ’ ഡൽഹിയുടെ മറ്റൊരു പെരുമതന്നെ ! ഇത് നിൽക്കുന്ന വിശാലമായ ചത്വരത്തിൽ, തകർന്നതും, പാതി തകർന്നതുമായ നിരവധി കെട്ടിടങ്ങൾ നിരന്നുനിൽക്കുന്നു.

എ. ഡി. 1799ൽ കുത്തബ്ദീൻ ഐബക്ക്, പണി തുടങ്ങിയ ഈ മിനാർ, അദ്ദേഹത്തിന്റെ മരുമകൻ, ഇൽ-ത്-മിഷ് (എ. ഡി. 1211–1236) മൂന്നു നിലകൾ കൂടി ചേർത്തു പൂർത്തിയാക്കി. ചുവപ്പുകലർന്ന വെള്ളക്കല്ലുകൾ കൊണ്ടുനിർമ്മിച്ച ഇതിന്റെ, അടിത്തറയുടെ, താഴെത്തട്ടിന്റെ വ്യാസം മാത്രം 14.32 മീറ്ററും, മുകൾഭാഗം 2.75 മീറ്ററും, ഉയരം 72.5 മീറ്ററുമാണ്. ഓരോ നിലയുടെ ചുറ്റിലുമായി മട്ടുപ്പാവുകളുള്ള ഇത്, പ്രാർത്ഥനാസമയം കൃത്യമായി ജനങ്ങളെ അറിയിക്കാനാണത്രെ നിർമ്മിച്ചത്. പല ഭാഗങ്ങളിലായി അറബിയിലും നാഗരീഭാഷയിലും, പലതരം കുറിമാനങ്ങൾ കുറിച്ചുവെച്ചിരിക്കുന്നത് കാണാം. എ. ഡി. 1351–88 വരെ ഭരിച്ച ഫിർ-ഉഷ്-ഷാ-തുഗ്ലക്കും, എ. ഡി. 1489–1517 വരെ ഭരിച്ച സിക്കന്തർ ലോധിയും, കൂടാതെ 1829ൽ, ബ്രിട്ടീഷ് സിവിൽ എഞ്ചിനീയറായിരുന്ന മേ

ജർ സ്മിത്തും, ഇതിന്റെ അറ്റകുറ്റപ്പണി നടത്തിയതായി കാണുന്നു.

എ. ഡി. 1198ൽ ഇതിന്റെ വടക്കു-കിഴക്കു ഭാഗത്തായി കുത്തബ്ദീൻ ഐബക്ക് നിർമ്മിച്ച, ക്വവാത്ത്-ഉൾ-ഇസ്ലാം എന്ന പള്ളി, ഡൽഹി സുൽത്താനേറ്റ് നിർമ്മിച്ച ആദ്യകാല പള്ളികളിലൊന്നാണത്ര !

എ. ഡി. നാലാം ശതകത്തിൽ, ചന്ദ്രമഹാരാജാവിന്റെ ഓർമ്മയ്ക്കായി സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന, ഒരു ഇരുമ്പു സ്തൂപം ഈ ചത്വരത്തിന് സമീപം കാണപ്പെടുന്നു. 'വിഷ്ണുധ്വജ', 'വിഷ്ണുപാദ' എന്ന്, സംസ്കൃതത്തിലും ബ്രഹ്മിഭാഷയിലും രേഖപ്പെടുത്തിയിരിക്കുന്ന ഈ സ്തൂപം നൂറ്റാണ്ടുകളുടെ മഴയും വെയിലും അതിജീവിച്ച്, ഇപ്പോഴും തുരുമ്പെടുക്കാതെ നിൽക്കുന്നു!

1235ൽ നിർമ്മിച്ചിരിയ്ക്കുന്ന, ഇൽ-തു-മിഷിന്റെ ഖബർസ്ഥാൻ ഇതിനകത്തുണ്ട്. 'അല്- ആയ്-ദർവാസ' എന്ന തെക്കുഭാഗത്തെ വലിയ കമാനം, എ. ഡി. 1311ൽ അലാവുദ്ദീൻ ഖിൽജി നിർമ്മിച്ചതായി പറയുന്നു. പടയോട്ടങ്ങളിലൂടെ നാശോന്മുഖമായ നിരവധി ശവകുടീരങ്ങളും, പള്ളികളും വാസ്തുശില്പങ്ങളുമായി ഈ ചത്വരം, പൂർവ്വകാലസ്മരണകളയവിറക്കി, പരന്നുകിടക്കുന്നു !

നിർമ്മിച്ചത് എന്താണെന്നു അറിയുക മാത്രമല്ല, അത് പ്രതിനിധാനം ചെയ്യുന്നത് എന്താണെന്ന് കൂടി തിരിച്ചറിയാൻ അതിനെ ബഹുമാനിക്കുന്നവർക്ക് കഴിയുമ്പോഴല്ലേ സൃഷ്ടിയുടെ പൂർണ്ണതയ്ക്ക് പരിസമാപ്തിയാവുക...? ക്ഷീണിതരായ ഞങ്ങൾ ഹോട്ടലിൽ മടങ്ങിയെത്തുമ്പോൾ മിക്ക ദിവസവും നേരം നല്ലതുപോലെ ഇരുട്ടിയിരിക്കും. വീണു കിട്ടുന്ന വിശ്രമനിമിഷങ്ങളെ അസ്തിത്വത്തിന്റെ ഭാഗഭാക്കായ പാട്ടുപാടലുകളായും രാഷ്ട്രീയ ചർച്ചകളായും യാത്രാനുഭവങ്ങളായും പങ്കുവെച്ചിരുന്നു. സ്വാഭാവികമായ പ്രായാധിക്യത്തിന്റെ അസ്ക്കിതകൾ കുറേശ്ശെ അനിയേട്ടനെ തൊട്ടുഴിഞ്ഞപ്പോഴും തന്റെ ഊർജ്ജസ്വലത അദ്ദേഹം കൈവിടാതെ സൂക്ഷിച്ചത് ശ്ലാഘനീയമായിരുന്നു.

ഊട്ടിയിൽ അദ്ധ്യാപക ജോലിക്കൊപ്പം തന്നെ കലാപ്രവർത്തനങ്ങളിലും തൽപ്പരനായിരുന്ന കരുണാകരേട്ടൻ ഹാസ്യകഥകൾ കോർത്തുകൊണ്ട് കഥാകാലക്ഷേപങ്ങളൊരുക്കും... ലത്തീഫിക്കയും പീതാംബരനും തങ്ങളുടെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ പലപ്പോഴും ഞങ്ങൾക്ക് മുന്നിൽ ഘോരഘോരം വിലയിരുത്തും. സർക്കാർ ജോലിക്കിടയിലെ കഷ്ടതകൾ അനുഭവിച്ചുതീർത്ത രാമകൃഷ്ണേട്ടനും നാരായണനും തങ്ങൾക്കുകിട്ടിയ സുന്ദരനിമിഷങ്ങളെ ശരിക്കും വിനിയോഗിക്കുന്നതും കാണാമായിരുന്നു. കൂട്ടത്തിൽ ചെറുപ്പമായ ബാബുവാകട്ടെ എല്ലാവർക്കും എല്ലാറ്റിനുമുള്ള ഒരു സഹായിയായി ഞങ്ങൾക്കൊപ്പം നിലകൊണ്ടു.

പലപ്പോഴും ഞാനാലോചിക്കാറുണ്ട് ആസ്വദിക്കാനാവാത്ത സമ്പാദ്യങ്ങളും വായിച്ചുതീർക്കാനാകാത്ത പുസ്തകങ്ങളും ഊട്ടിയുറപ്പിക്കാനാകാത്ത സൗഹൃദങ്ങളും തിന്നുകൊതിതീരാത്ത വിഭവങ്ങളും നമുക്കുനേരെ ചില ചോദ്യങ്ങൾ എയ്യുന്നില്ലേ...? ഇവയെല്ലാം ഇത്രയധികം വേണമായിരുന്നോ ? ജീവിക്കാൻ ആറടി മണ്ണു പോരെങ്കിലും മരിച്ചാൽ അതിൽ കൂടുതൽ ആവശ്യമുണ്ടോ ? ഇവയ്ക്കിടയിൽ സന്തോഷവും സംതൃപ്തിയുമായി കഴിയാൻ ആവശ്യവും അർഹവുമായ ഒരിടം കണ്ടെത്തിയാൽ ജീവിതം ധന്യമാകില്ലേ ? തീർച്ചയായും. അധികമായതെല്ലാം അനാവശ്യഭാരങ്ങൾ തന്നെയാണ്... എപ്പോഴും.

ഓരോ മിഴിചിമ്മലിലും ഞാൻ മഹാനഗരത്തെ നോക്കിനിന്നു. മഹാരഥചക്രങ്ങളുരുണ്ട ചരിത്രവീഥികളിൽ തെന്നിനീങ്ങുന്ന മോട്ടോർ വാഹനങ്ങൾ...! വഴിയോര മരങ്ങളുടെ നെഞ്ചിലും ഞരമ്പിലും നിറയുന്ന പൊടിപടലങ്ങൾ !

* * * * *

ഓരോ സ്മാരകത്തിനും ഒന്നിലേറെ കഥകൾ പറയാനുണ്ടാകും. സ്വന്തം കഥ മാത്രമല്ല അത് നിർമ്മിച്ചവരെക്കുറിച്ചും ! സ്മാരകം പ്രതിനിധാനം ചെയ്യുന്നവരുടെ സവിശേഷതകളേക്കാൾ നിർമ്മിച്ചവരുടെ മനോഭാവം അതിൽ പ്രതിഫലിക്കും. അതിന്റെ മകുടോദാഹരണമാണ് റെഡ് ഫോർട്ട്, ലാൽ കില എന്ന പേരിലൊക്കെ വിളിച്ചുവരുന്ന ചുവപ്പു കോട്ട !

സ്വാതന്ത്ര്യദിനത്തിൽ ഏവരും ഓർമ്മിച്ചെടുക്കുന്ന അവിടത്തേക്കാണ് ഞങ്ങളുടെ അടുത്ത നീക്കം... 1638ൽ ഷാജഹാൻ തലസ്ഥാനം ആഗ്രയിൽനിന്ന് ഷാജഹാനബാദിലേയ്ക്ക് മാറ്റിസ്ഥാപിക്കാനായി, യമുനാതീരത്തു നഗരനിർമ്മാണം തുടങ്ങി. പൂർണ്ണമായും ചുവന്നകല്ലുകൾ കൊണ്ടുള്ള ഈ കോട്ടയാണ്, 'റെഡ് ഫോർട്ട്, അഥവാ 'ലാൽകില' ! 1648ൽ പണിപൂർത്തിയാക്കിയ, അന്നത്തെ നിർമ്മാണച്ചെലവ് ഒരുകോടി രൂപയാണത്രെ !

ഇസ്ലാമിക് - പേർഷ്യൻ - തൈമുറിഡ് - ഹിന്ദു പാരമ്പര്യമുൾക്കൊണ്ടുള്ളതാണ് ഇതിന്റെ നിർമ്മിതി. 900 x 550 മീറ്റർ നീളവും, പരമാവധി 33.5 മീറ്റർ ഉയരത്തിൽ സ്തൂപങ്ങളോടെയുള്ള ഈ കോട്ട നേരിട്ടു യമുനാനദിയോട് ബന്ധപ്പെടുത്തിയിരിക്കുന്നു. നദീതീരത്തെ മതിലുകളുടെ ഉയരം 18 മീറ്ററും നഗരഭാഗത്തേത് 33 മീറ്ററുമാണ്. കോട്ടയുടെ വടക്കുഭാഗം 'സാലിംഗ്രാഹ്' എന്നറിയപ്പെടുന്നു. രണ്ടുപ്രവേശനകവാടങ്ങളിൽ പടിഞ്ഞാറുള്ള 'ലാഹോറി ഗെയിറ്റ്'നാണ് പ്രാമുഖ്യം. ഇവിടെനിന്ന്, മനോഹരമായ ആർച്ചുകളാൽ നിർമ്മിച്ചെടുത്ത മീനാബസാറിലേയ്ക്കും, അവിടെനിന്ന് 'നവ്ബത്ഘാന'യും 'ദിവാൻ-ഇ-ആമും കടന്ന് പിറകിലെ മെഹ്ത്താബ് ബാഗിലുള്ള ദിവാനി-ഇ.ഘാസി'ലേയ്ക്കും പ്രവേശിക്കാം.

ഇതിനടുത്തായി ജലധാരാസംവിധാനത്തോടെയുള്ള നിരവധി 'ഹമാംസു'കളും (Royal Bath Rooms) കാണാം. അല്പംമാറി, ചക്രവർത്തിയുടെ പണിപ്പുരയായ 'ഷാഹിബുർജ്' സ്ഥിതിചെയ്യുന്നു. പടിഞ്ഞാറുഭാഗത്തായി, എ. ഡി. 1659ൽ ഔറംഗസേബ്, വെണ്ണക്കല്ലിൽ പണിത 'മോത്തി മസ്ജിദും', തെക്കുഭാഗത്തായി 'ഖാസ്മഹലും' നിൽക്കുന്നു. ഖാസ്

മഹലിനു വീണ്ടും തെക്കുവശത്തായി, 'രംഗ്മഹല്ലും' കാണാം.

ബ്രിട്ടീഷുകാരുടെ അധിനിവേശത്തിനിടയിൽ, ഇതിന്റെ പലഭാഗങ്ങളും നശിപ്പിക്കപ്പെട്ടിട്ടുണ്ട്. 1947 ആഗസ്റ്റ് 15ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആദ്യമായി ഇവിടെ ത്രിവർണ്ണ പതാക ഉയർത്തി. ഇപ്പോൾ എല്ലാ സ്വാതന്ത്ര്യദിനത്തിലും അതാവർത്തിച്ചുകൊണ്ട്, പ്രധാനമന്ത്രി ഇവിടെനിന്ന്, സ്വാതന്ത്ര്യദിനസന്ദേശം നൽകുന്നു. മുഗൾ ഭരണത്തിന്റെ ഇരുളും വെളിച്ചവും ഇഴച്ചേർന്ന, ഇതിഹാസ കാലത്തെ ഓർത്തുകൊണ്ട്, ഞങ്ങൾ 'ലാൽകിലയോടു' വിട പറഞ്ഞ് വാഹനത്തിൽ കയറി.

ഡൽഹിയിലെ വെയിലും തുടർച്ചയായ യാത്രകളും, എല്ലാവരേയും തളർത്തിയിരുന്നു. ഹോട്ടലിലെത്തി മാനേജറുമായി കുശലാന്വേഷണങ്ങൾക്കുശേഷം, മുറികളിലേക്കുപോയി. ചൂടുള്ള ചായ കുടിച്ച്, കുളിച്ച ശേഷം, ഗുരുദ്വാരാറോഡിലും, കരോൾ ബാഗിലുമായി, അല്ലറ ചില്ലറ ഷോപ്പിങ്ങുകൾ നടത്തി.

ഡൽഹിയെന്ന മഹാനഗരത്തിലെ, ഒഴുകുന്ന ജനസഞ്ചയത്തേയും നിറയുന്ന വ്യാപാരസമുച്ചയങ്ങളേയും, ഒരിക്കൽ കൂടി നോക്കി, 'റാം കഫേ'യിലെ, ഓണിയൻ ഊത്തപ്പവും കഴിച്ച്, അധികം വൈകിക്കാതെ, റൂമിലേക്കുവന്നു. രാത്രിയിൽ, അനിയേട്ടനെ കഫക്കെട്ട് നല്ലപോലെ അലോസരപ്പെടുത്തുന്നത്, ഉറക്കത്തിനിടയിലും, നിസ്സഹായതയോടെ കേട്ടു.

* * * * *

പിറ്റേന്നുള്ള ആദ്യസന്ദർശനം 'ലോട്ടസ് ടെമ്പിൾ' ആണെന്ന് ഗൈഡ് അറിയിച്ചു. ബഹായി സമൂഹക്കാരുടെ ഈ ക്ഷേത്രസമുച്ചയം, ഒരു താമരയുടെ രൂപത്തിൽ വെണ്ണക്കല്ലിൽ, മനോഹരമായി, നിർമ്മിച്ചെടുത്തിരിക്കുന്നു. ഇവിടെ എല്ലാമത സമൂഹങ്ങൾക്കും പ്രവേശനമുണ്ട്.

പേർഷ്യയിൽ രൂപം കൊണ്ട ബഹായിധർമ്മം, തികച്ചും ഒരു സ്വതന്ത്ര മതധർമ്മമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്നു. ബഹായിധർമ്മത്തിലെ മൂന്നുകേന്ദ്ര വ്യക്തിത്വങ്ങൾ, യഥാക്രമം ബാബ് (1819-1850), ബഹാ ഉള്ള (1817-1892), അബ്ദുൾ ബഹാ (1844-1921) എന്നിവരാണ്. ഇതിന്റെ ഭരണസഭ ബഹായി ആസ്ഥാനമായ, ഇസ്രായേലിലെ, ഹൈഫയിലാണുള്ളത്. ദേശീയവും അന്തർദേശീയവുമായ, ഒരു ഗവൺമെന്റിതര സംഘടന എന്ന നിലയ്ക്ക്, 1948 മുതൽ ഐക്യരാഷ്ട്രസഭയിൽ പ്രാതിനിധ്യം ഉണ്ട്.

ലോകത്തിന്റെ പലഭാഗങ്ങളിലും ബഹായി ആരാധനാലയങ്ങളുണ്ട്. മാനവരാശിയുടെ ഐക്യം സ്ഥാപിക്കലും, അതുവഴിലോക സമാധാനം കൈവരിക്കലുമാണ് ബഹായി ധർമ്മത്തിന്റെ അടിസ്ഥാന നിയമം ! സുന്ദരവും നിശ്ശബ്ദവുമായ ഈ മന്ദിരത്തിലിരുന്നു പ്രാർത്ഥിച്ച കുറച്ചുമാത്രം നിമിഷങ്ങൾക്ക്, വളരെയേറെ വിലപിടിപ്പുള്ളതായി, മനസ്സിൽ തോന്നി !

* * * * *

വിളക്കിൽനിന്ന് വെളിച്ചം കാണാൻ പറയുകയും വെളിച്ചത്തിൽ നിന്ന് വിശ്വം മുഴുവൻ പ്രകാശം ചൊരിയാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നവരാണ് ആചാര്യന്മാർ. അവർക്ക് ആളുകൾ തേടി വരണമെന്നും ആദരവുകൾ നൽകണമെന്നും അശേഷം താൽപര്യവുമുണ്ടാകില്ല. അവർ ചെല്ലേണ്ട ഇടങ്ങൾ സ്വയം കണ്ടെത്തി തങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തും. ഇത്തരമൊരു ഗുരുവിനാൽ സ്ഥാപിതമായ അക്ഷർധാം ക്ഷേത്രസമുച്ചയത്തിലേക്കാണ് ഈ യാത്രയിലെ അവസാന സന്ദർശനമായി പോയത്.

നഗരത്തിൽ നിന്നു പന്ത്രണ്ടു കി.മീറ്റർ ദൂരത്ത് യമുനാതീരത്തെ ഈ സമുച്ചയത്തിന്, മുപ്പത് ഏക്കർ വിസ്തീർണ്ണവും, മുഖമണ്ഡപത്തിന് 129 അടി ഉയരവും, 275 അടി വീതിയും, 315 അടി നീളവുമുണ്ട്. യാതൊരുവിധ ലോഹവും വിശാലമായ ഈ ക്ഷേത്രനിർമ്മിതിയിൽ ഉപയോഗിച്ചിട്ടില്ലത്രെ ! മനോഹരമായ കൊത്തുപണികളോടെ, 120 സ്തൂപങ്ങൾ ഇവിടെയുണ്ട്. നിർമ്മാതാവായ സ്വാമി നാരായണിന്റെ കൂടാതെ, എല്ലാ ഹിന്ദു ദേവീ-ദേവന്മാരുടേയും ഋഷിവര്യൻമാരുടേയും, സന്യാസി ശ്രേഷ്ഠൻമാരുടേയും, 1200 ഓളം പ്രതിമകൾ വിവിധഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ചുവരുകളിൽ വേദോപനിഷത്തുകൾ, പുരാണേതിഹാസങ്ങൾ, പഞ്ചതന്ത്ര കഥകൾ എന്നിവയും പിച്ചളയിൽ തീർത്ത പ്രതിമകളും ഒരുക്കിയിട്ടുണ്ട്.

മുന്നൂറ് ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇവിടത്തെ പ്രദർശനശാലയിൽ വിശ്വാസം-അഹിംസ-സഹിഷ്ണുത-സ്നേഹം എന്നീ മൂല്യങ്ങളെപ്പറ്റി ഒരു 'വെളിച്ച-ശബ്ദ' പ്രദർശനം ദിവസേന നടത്തിവരുന്നു. അതുപോലെ ഭാരതീയ ആത്മീയതയും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന, ഇമാക്സ് തിയേറ്റർ സംവിധാനത്തിൽ, ഒരു സിനിമ പ്രദർശനവുമുണ്ട്. ഇവയ്ക്കുശേഷം, വേദ സംസ്ക്കാരത്തിൽ തുടങ്ങി, ഇന്ത്യയിലെ പഴയ വിജ്ഞാന കേന്ദ്രങ്ങളായിരുന്ന നളന്ദ-തക്ഷശില തുടങ്ങിയ പുണ്യഭൂമികളിലൂടെ, ശാസ്ത്രത്തിനും സമൂഹത്തിനും അതുവഴി ലോകത്തിനും, ഇന്ത്യ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകളുടെ വിശദീകരണത്തോടെ, ഓർമ്മയിൽ ഒരനുഭൂതിയായി നിലനിൽക്കുന്ന, ഒരു ബോട്ടുയാത്രയുമുണ്ട് !

സ്വാമി നാരായൺ, 2000 ൽ ആരംഭിച്ച അക്ഷർധാം ക്ഷേത്രസമുച്ചയ നിർമ്മാണം, അഞ്ചുകൊല്ലം കൊണ്ടു പൂർത്തിയാക്കി. ഇത് പൂർണ്ണമായും കണ്ടുകഴിയുമ്പോൾ, ലക്ഷ്യം കൊണ്ടും വിശാലത കൊണ്ടും, ശില്പസൗന്ദര്യം കൊണ്ടും, ഇത് ഏറെക്കുറെ സമാനതകളില്ലാത്ത ഒന്നുതന്നെയെന്നു പറയേണ്ടി വരും !

***മടക്കയാത്ര***

ഒരു സഞ്ചാരം, അതിന്റെ വളവുതിരിവുകളിൽ നിന്ന സഞ്ചാരിയെ സ്വീകരിക്കുന്നത് പ്രവചനാതീതമായാണത്രെ ! ചിലത് മാടിവിളിക്കും; മറ്റ് ചിലത് അകറ്റിനിർത്തും. കുഴിച്ചുകുഴിച്ചു പോകുന്നതാണ് യഥാർത്ഥ ചരിത്രം ! മേൽമണ്ണ് മാത്രം നോക്കി വർത്തമാനത്തെ പരിരക്ഷിക്കുന്നതിലല്ല. ഒന്നു മനസ്സിലായി - ഈ യാത്രയിൽ കണ്ട ചരിത്രമുദ്ര

കൾ കല്ലോതുക്കുകളിൽ മാത്രം ഒതുക്കി നിർത്തേണ്ടവയല്ല പഠിക്കേണ്ടതുതന്നെയാണ് ! പരിരക്ഷിക്കേണ്ടതുതന്നെയാണ് !

പരീക്ഷ കഴിഞ്ഞ കുട്ടികളെപ്പോലെ മനസ്സിന്റെ ഭാരമൊഴിഞ്ഞ് ഞങ്ങൾ ഹോട്ടൽ മുറികളിൽ തിരിച്ചെത്തി. അപ്പോഴും ശാരീരിക പ്രശ്നങ്ങൾ മിക്കവരേയും നന്നായി അലട്ടുന്നുണ്ടായിരുന്നു. മടക്കയാത്രയുടെ പരിപാടികളുമായി മിക്കപേരും അന്ന് മുറികളിൽ തന്നെ കഴിച്ചുകൂട്ടി.

* * * * *

രാവിലെ ഒമ്പതുമണിക്കുതന്നെ അനിൽമേത്തയെത്തി. പ്രാതലിനുശേഷം, ട്രാഫിക്ക് തിരക്കു തുടങ്ങുന്നതിനുമുമ്പായി, സ്റ്റേഷനിൽ എത്തിച്ചു. ചെയ്തുതന്ന നിസ്വാർത്ഥ സേവനത്തിനുള്ള നന്ദിയും കടപ്പാടും എല്ലാവരും ചേർന്ന് അനിലിനെ അറിയിച്ചു. ഇനിയും കാണണമെന്നുപറഞ്ഞ് ആ നല്ല മനുഷ്യൻ കൈകൂപ്പി യാത്ര പറഞ്ഞു.

പതിനൊന്നുമണിയോടെ കേരള എക്സ്പ്രസ് നീങ്ങിത്തുടങ്ങിയപ്പോൾ, കുറേയേറെ ചരിത്ര സത്യങ്ങളെ ജനൽപ്പാളികൾക്കപ്പുറം നിർത്തി, ഒരു മഹാസംസ്കൃതിയുടെ ആഴങ്ങളിലേയ്ക്ക് എത്തിനോക്കിപ്പിക്കാൻ പ്രേരിപ്പിച്ച ആ മഹാനഗരത്തോട്, വിതുമ്പലോടെ വിട ചൊല്ലി.

മടക്കയാത്ര ഹൃദ്യമായിരുന്നു. സഹയാത്രികരായ ചില പുതിയ കൂട്ടുകാരെ കിട്ടി. അച്ഛന്റെ ആണ്ടുദിനത്തിന് ബലിയിടാൻ മകനേയും കൂട്ടിവരുന്ന സെന്റ് അൽഫോൺസ് ആശുപത്രിയിലെ നേഴ്സായ രജനി, കാശ്മീരിലെ കുപ്വാരയിൽ നിന്ന് അവധിക്ക് നാട്ടിലേക്കുവരുന്ന പട്ടാളക്കാരായ കോട്ടയത്തെ ജോസഫും, മാവേലിക്കരയിലെ ബിജുവും. കുറേക്കാലം നാട്ടിലും ഡൽഹിയിലും സജീവരാഷ്ട്രീയവുമായി, അതിന്റെ പൊള്ളത്തരങ്ങളോട് പടവെട്ടി, അവസാനം ഒന്നുമല്ലാതായി, ജീവിക്കാൻ ഡൽഹിയിൽ ഒരു ചെറിയ സോഫ്റ്റ്വെയർ ബിസിനസ്സുമായി കഴിയുന്ന, ചങ്ങനാശ്ശേരിക്കാരൻ വിജയനും ഭാര്യയും ! വാക്കിലും നോക്കിലും നടപ്പിലുമുള്ള വിജയന്റെ സഹൃദയത്വം, അയാളെ ശരിയ്ക്കും ആകർഷകമാക്കിയിരുന്നു. അയാളിലുള്ള രാഷ്ട്രീയവാചാലത, ഒരു പരിധിവരെ വിഭിന്നചിന്താധാരകൾ സൂക്ഷിക്കുന്ന വേലായുധേട്ടനേയും, പീതാംബരനേയും, ബാബുവിനേയും, സമകാലിക രാഷ്ട്രീയ ചർച്ചകളിലേക്ക് ഇടയ്ക്കിടെ തള്ളിവിട്ടുകൊണ്ടിരുന്നു.

ഇടവേളകളിലെ അനിയേട്ടന്റെ നാടകഗാനങ്ങളും പീതാംബരന്റെ പഴയ പാട്ടുകളും കരുണാകരന്റെ കരുത്താർന്ന തമിഴിസൈകളും പലപ്പോഴും പഴയ കൗമാരകാലങ്ങളിലെത്തിച്ചു ! സഞ്ചാരവും സംഗീതവും എന്നും പ്രിയപ്പെട്ടവ തന്നെ...!

* * * * *

രണ്ടുദിവസം പോയതറിഞ്ഞില്ല... ഈ സഞ്ചാരം അതിന്റെ സമാപന സമയത്തേക്ക് എത്തിനോക്കിത്തുടങ്ങിയിരുന്നു... പുറത്ത് തീവണ്ടിച്ചക്രങ്ങളുരയുന്ന പാതിരാവ്...! പുതച്ചു കിടന്നെങ്കിലും ഉറക്കം വന്നില്ല...

* * * * *

ചുരം കഴിഞ്ഞപ്പോൾ, കരിമ്പനക്കാറ്റ് തട്ടിയുണർത്തി. കൂടുതുറന്ന കിളികളെപ്പോലെ മനസ്സിൽ വീടോർമ്മകൾ പാറിനടന്നു ! മനസ്സിൽ മൂകത തളം കെട്ടുന്നുണ്ടോ... ? വരാനുള്ള നിമിഷങ്ങളിലെ വേരിടാനൊരുങ്ങുന്ന അസാന്നിധ്യങ്ങൾ... വേർപെടലുകളുടെ ഇളം വേദനകൾ. ഏതാണ്ട് ഒരുമാസത്തെ യാത്ര വ്യക്തികളുടെ വെറുമൊരു 'കൂട്ട'മല്ലാത്ത 'കൂട്ടായ്മ'യായി വളർന്നിരുന്നു ! സൂക്ഷിപ്പിനായുള്ള ഒരുപിടി ഓർമ്മകളുമായി... പ്ലാറ്റ്ഫോറത്തിൽ മ്ലാനമുഖത്തോടെ ചിലർ മന്ത്രിക്കുന്നപോലെ തോന്നി. ഈ യാത്ര ഇവിടെ അവസാനിക്കുന്നില്ല...! ഓരോ സഞ്ചാരവും പുതിയ പുതിയ അർത്ഥതലങ്ങൾ തരുന്നവയാണ്. പഴയ ചരിത്രവും സംസ്കാരവും അറിയുവാൻ മാത്രമല്ല, സ്വയം നവീകരിക്കുവാനും കൂടിയാണത്. അപ്പോഴും ഉല്ലാസപ്രദമായ ഒരു പ്രഭാതനടത്തം പോലെ ഓർമ്മകളുടെ വീണ്ടെടുപ്പുകൾ എന്നിൽ സംഭവിച്ചുകൊണ്ടിരുന്നു...!

(അവസാനിച്ചു)

# ബ്രോയ്ലർ

വിനോദ് ചെത്തല്ലൂർ

മസാലക്കൂട്ടുകൾ
പുരട്ടുമ്പോഴാണ്
തലയില്ലാത്ത
ഇറച്ചിക്കോഴി
അവളോട്
മിണ്ടിത്തുടങ്ങിയത്.
ഞങ്ങളുടേത്
തടവുജന്മം
ജന്മാന്തരങ്ങളിലൂടെ
തടവു യാത്ര...
ഏതോ ജന്മത്തിൽ
വധശിക്ഷക്ക്
അഞ്ചാറാഴ്ച മുമ്പ്
രക്ഷപ്പെട്ടവരാവാം...
തുടർശിക്ഷയാണീ ജന്മം.
തടവിലെ ഭക്ഷണം,
ചിട്ടകൾ
ഒടുവിൽ ഗളച്ഛേദം...
രസമുണ്ട്
മൂപ്പരുടെ
വിചിത്ര സൃഷ്ടി !
ഒരു കുല നിറയെ
പഴുത്ത അടക്ക
വിരിയുന്നത്
സങ്കല്പിച്ചുനോക്കൂ...
അതല്ലെങ്കിൽ
ഒരു മരമാകെ
പഴുത്ത ഇലകൾ മാത്രം !
വൃദ്ധരായി ഉടലെടുത്ത്
വൃദ്ധരായി മരണം !
കഴുത്തില്ലാത്ത
ഒരു അട്ടഹാസച്ചിരിയിൽ
ചിന്തയിലേക്ക്
എരിവുതെറിച്ചു...
നീറിക്കൊണ്ട്
അവൾ പറഞ്ഞു...
ഞങ്ങളിലുമുണ്ട്
വളർത്തി വലുതാക്കി
ചിറകുമുളക്കും മുമ്പ്
പിടിച്ചുകൊടുത്ത്
നിർത്തിപ്പൊരിക്കപ്പെടുന്നവർ
എന്നെപ്പോലെ...

# പാർട്ട് ടൈം കുട്ടികളും മൂന്നീസ ടീച്ചറും




അബ്ദുറബ്ബ് പറളി
9400227780

ഗവൺമെന്റ് സ്കൂളൊന്നുമല്ലെങ്കിലും അത്യാവശ്യം കുട്ടികളുള്ള നല്ലൊരു എയ്ഡഡ് വിദ്യാലയം തന്നെയായിരുന്നു തേനരുവി സ്കൂളും. ആവശ്യത്തിന് കുട്ടികളുള്ളതുകൊണ്ട് തന്നെ അദ്ധ്യാപകരുടെ ശമ്പളത്തിനൊരു മുട്ടുമുണ്ടായിട്ടില്ലെന്ന് മാത്രമല്ല അവരുടെ പെരുമാറ്റത്തിൽ തെല്ലും അഹംഭാവത്തിന് കുറവൊന്നുമില്ലായിരുന്നു. ഇരുപതോളം അദ്ധ്യാപകരുള്ള ആ വിദ്യാലയത്തിൽ ആയിടയ്ക്കാണൊരു പുതിയ പാർട്ട് ടൈം അധ്യാപികയും വന്നുചേർന്നത്. അവർ കൂടി വന്നതോടെ അതുവരെയുള്ള സ്കൂളിന്റെ താളവും പതുക്കെ തെറ്റാൻ തുടങ്ങി. ആഴ്ച്ചയിൽ മൂന്ന് ദിവസം മാത്രം സ്കൂളിലെത്തുന്ന പാർട്ട് ടൈം ടീച്ചറുടെ കുട്ടികൾ മറ്റ് ദിവസങ്ങളിൽ നാഥനില്ലാത്ത നായിപ്പട പോലെയായി. എപ്പോൾ നോക്കിയാലും പരസ്പരം തമ്മിലടിയും കലപിലകളിയും തന്നെ. ഇവരെക്കൊണ്ടുള്ള ബുദ്ധിമുട്ട് മറ്റ് അദ്ധ്യാപകർക്ക് സഹിക്കാൻ പറ്റാതായതോടെ ആ കുട്ടികൾക്ക് വീണൊരു പേര് പാർട്ട് ടൈം കുട്ടികളെന്ന്.

അതിന്നിടയിലാണ് ഈ പാർട്ട് ടൈം പിള്ളേരിൽ രണ്ടുപേർ പൊരിഞ്ഞ തല്ലിലേർപ്പെട്ടത്. ഒരുത്തന്റെ തല മറ്റൊരുത്തൻ തല്ലിപ്പൊട്ടിച്ചു. രക്തം വന്ന് ബഹളമയമായി. ആശുപത്രിയിൽ ചെന്ന് നാല് സ്റ്റിച്ചും ഇടേണ്ടിവന്നു. ഹെഡ്മിസ്ട്രസും മാനേജരും വിഷയത്തിലിടപെട്ടു. സ്റ്റാഫ് മീറ്റിംഗ് കൂടി. അധ്യാപകർ സ്ഥിരം ചണ്ടക്കോഴികളെ പോലെ പരസ്പരം പഴിചാരിത്തുടങ്ങി. ഇതിന്നിടയിലാണ് സ്കൂളിലെ മലയാള ഗ്രാമർ അധ്യാപിക ഇങ്ങിനെ പ്രതികരിച്ചത് “ഈ മൂന്നീസ ടീച്ചറാണ് സകലപ്രശ്നത്തിനും കാരണം. അതുകൊണ്ട് ഇനിമുതൽ ടീച്ചറെ അഞ്ചീസാക്കി മാറ്റണം”ന്ന്. ഒരൽപ്പം ഗൗരവത്തിലാണീ ടീച്ചർ ഇത് പറഞ്ഞതെങ്കിലും മറ്റുള്ളവരെല്ലാം കൂട്ടച്ചിരിയിലേർപ്പെട്ടു. എന്തായാലും അന്നുമുതൽക്കാണീ സ്കൂളിൽ മൂന്നീസ ടീച്ചറും പാർട്ട് ടൈം പിള്ളേരും ഒരു സംഭവമായതത്രെ. ●


■ കവിത



മുകുന്ദൻ കുറുവട്ടൂർ
9048160748

## 1. അപ നിർമ്മിതി


'ഗാന്ധിജിയെ വധിച്ചത്
ഗോഡ്സെയല്ലത്രേ...!!'
തന്റെ തെറ്റുകളെല്ലാം
ഗാന്ധിയോടേറ്റുപറഞ്ഞ്,
അദ്ദേഹത്തിന്റെ കാൽക്കൽ
വീണു മാപ്പപേക്ഷിച്ച്,
സ്വന്തം കൈത്തോക്ക്
അദ്ദേഹത്തിനുസമർപ്പിച്ച്,
സാധാരണ ജീവിതത്തിലേക്ക്
മടങ്ങാൻ വന്ന, ഗോഡ്സെയുടെ
കയ്യിൽ നിന്നും തോക്കു തട്ടിപ്പറിച്ച്
സ്വയം നിറയൊഴിക്കുകയായിരുന്നത്രേ, ഗാന്ധി !!
കഷ്ടം, ഈ അപനിർമ്മിതിക്കാരോടും
ആ മഹാത്മാവ് പൊറുക്കുമായിരിക്കും...
ശാന്തം; പാപം !!



## 2. പരിമിതി

അമ്പതു കൊല്ലത്തിനപ്പുറം
ഗാന്ധിജിയെപ്പോലൊരു മനുഷ്യൻ
ഇവിടെ ജീവിച്ചിരുന്നുവെന്ന്
അന്നത്തെ തലമുറ വിശ്വസിയ്ക്കാൻ
പ്രയാസപ്പെടും - ഐൻസ്റ്റീന്റെ
പ്രസിദ്ധമായ ഒരു നിരീക്ഷണമാണിത്.
പക്ഷെ, വർഷങ്ങൾക്കപ്പുറം
ഗാന്ധിനാമം മാത്രം
ഉപയോഗപ്പെടുത്തി, പലരും
അനർഹമായ സ്ഥാനമാനങ്ങൾ
നേടിയെടുക്കുമെന്ന്,
ദീർഘദർശനം ചെയ്യാൻ
പാവം ഐൻസ്റ്റീനും
കഴിയാതെ പോയി...!!

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## 1) സങ്കൽപ്പങ്ങൾ

ഗോപ്യേ ആൾക്കാരുടെ സങ്കൽപ്പങ്ങളൊക്കെ ആകെ മാറീട്ടോ. ഇപ്പൊ ഒരു വീട്ണ്ടാക്കുമ്പൊ ഏറ്റവും പൈസ ചെലവാക്കണ്ത് കക്കൂസും കുളിമുറീം ഉണ്ടാക്കാനാ. അതും വെറും രണ്ടാളുള്ള വീട്ടില് വരെ അഞ്ചാറെണ്ണം. അതിന് ലക്ഷങ്ങള് ചെലവാക്കാനൊരു മടീം ഇല്ല. എത്രയോ കേസ് എനിക്കറിയാം. പണ്ടൊക്കെ ഇങ്ങനെ സങ്കൽപ്പിക്കാൻ പറ്റ്വോ.

ന്നാ അണക്ക് വേറൊന്ന് കേൾക്കണോ ഭാസ്കരാ. പ്പൊ ആൾക്കാര് തെന്നി വീണൂന്ന് പറയണത് ഏതാണ്ടെല്ലാം തന്നെ ഇപ്പറയണ സ്ഥലത്തുതന്നെ. ലക്ഷങ്ങളാ ചികിത്സയ്ക്ക് ചെലവാക്കണത്. എത്രയോ കേസ് എനിക്കറിയാം പണ്ടൊക്കെ ഇങ്ങനെയൊക്കെ സങ്കൽപ്പിക്കാൻ പറ്റ്വോ.

## 2) സൗഹൃദം

ആദ്യം സത്യസന്ധമായ സ്നേഹത്തിന്റേയും പിന്നീട് ആത്മാർത്ഥമായ സൗഹൃദത്തിന്റേയും കട്ടിക്കണ്ണടകൾ വെച്ചിട്ടും തനിക്ക് മുന്നിൽ ഒരക്ഷരം പോലും തെളിയാത്ത പുസ്തകങ്ങളുണ്ട്.

ഒന്നാമൻ വേദനയോടെ പറഞ്ഞതിന് ഒട്ടും താമസിയാതെ രണ്ടാമന്റെ മറുപടി വന്നു. അത്തരം പുസ്തകങ്ങൾ എത്ര വില കൂടിയതാണെങ്കിലും മനസ്സിൽ നിന്നേ മായ്ച്ചു കളയണം. സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും നഗ്നനേത്രങ്ങൾ കൊണ്ടുതന്നെ നന്നായി അക്ഷരങ്ങൾ തെളിയുന്ന എത്രയെത്ര പുസ്തകങ്ങൾ നമുക്കു ചുറ്റുമുണ്ടെന്നോ. സന്തോഷത്തിന്റെ വായന സമ്മാനിക്കുന്ന നന്മയുടെ അക്ഷരങ്ങൾ നിറഞ്ഞ സുതാര്യമായ ഭാഷയുള്ള നല്ല പുസ്തകങ്ങൾ.

## 3) പ്രണയമഴ നനഞ്ഞു നനഞ്ഞ്

പ്രണയം മഴയാണ്. മനോഹരമായി പെയ്തിറങ്ങുന്ന ചാറ്റൽ മഴ. അതങ്ങനെ നനഞ്ഞു നനഞ്ഞ്... അല്ല ഇതൊക്കെ നിന്നെ പോലുള്ള ഒരുത്തനോട് പറഞ്ഞിട്ടെന്ത് വല്ല കാര്യവുമുണ്ടോ?

ഇല്ല എന്നാലും പറയ് കേൾക്കട്ടെ

ഏയ് ഒന്നുമില്ല നീ കേൾക്കണ്ട. കേട്ടിട്ടും കാര്യവുമില്ല"

ശരി വേണ്ട നീ പറയണ്ട, ഞാൻ പറയാം. നീ കേട്ടോ. നീ പറയുന്നതു പോലെ തന്നെ പ്രണയം മഴയാണ്. ചാറ്റൽ മഴ. എല്ലാ കാലത്തും അങ്ങനെ തന്നെ. ഒന്ന് നനഞ്ഞ് വലിയ താമസം കൂടാതെ കയറി നിന്ന് നന്നായി തോർത്തി രാസ്നാദി പൊടിയൊക്കെ നെറുകയിൽ തിരുമ്മി അടുത്ത മഴയും കാത്ത്. രസം തന്നെയാണ് അല്ലാതെ ചിലരുണ്ട്. അന്തംവിട്ട് ആ മഴ മുഴുവൻ നനഞ്ഞ് കുതിർന്ന് പനിയും പിടിച്ച് ചുമയും വന്ന് കാലാകാലം തലവേദനയുമൊക്കെയായി ആ മഴയുമോർത്തങ്ങനെ... വിവരദോഷികൾ.

## 4) എന്നാൽ ശരി

ഉച്ചതിരിഞ്ഞ് ഒരു രണ്ട് രണ്ടരമണിയായിക്കാണും. ആ സമയത്താണ് ചാരി വെച്ചിരുന്ന വാതിൽ തുറന്ന് അയാൾ ആ ഇരുനില വീട്ടിലേക്ക് പ്രവേശിച്ചത്. സിറ്റിങ്ങ് റൂമിൽ ചാരു കസേരയിലിരുന്ന് മൊബൈലിൽ തോണ്ടുകയായിരുന്ന ഗൃഹനാഥനോട് ഒരു ഹായ് പറഞ്ഞെങ്കിലും പ്രതികരണമൊന്നുമുണ്ടായില്ല. അകത്തുകയറി അര മണിക്കൂറിനു ശേഷം നാല് പവന്റെ ഒരു ചെയിനും. രണ്ട് വളയും ഒരു മോതിരവും പതിനായിരം രൂപയുമായി വന്നപ്പോഴും ഗൃഹനാഥൻ അതേ ഇരിപ്പ്, അതേ തോണ്ടൽ.

"ജിയോക്ക് നല്ല റെയ്ഞ്ചാ അല്ലേ."

ആ ചോദ്യത്തിന് ഉത്തരം കിട്ടാഞ്ഞപ്പോൾ അയാൾ അവിടെ ഒട്ടും ചുളിവു വരാതെ കിടന്നിരുന്ന അന്നത്തെ പത്രം എടുത്ത് വെറുതേ ഒന്ന് കണ്ണോടിച്ചു. പിന്നെ അത് അവിടെതന്നെ വെച്ചു. എന്നാൽ ശരി എന്ന് ആരോടെന്നില്ലാതെ പറഞ്ഞ് പുറത്തിറങ്ങി. വാതിൽ പഴയ പോലെ ചാരിവെച്ച് നടന്നുപോയി. ●

■കവിത




## സുവർണ്ണ വിശ്വം

എം. കെ. ശശിധരൻ
9847838361

സായാഹ്നമായിരുന്നപ്പോൾ
ഞാൻ മലയുടെ മേലെ ശിലയിൽ
തനിയെയിരുന്നു, വികസിച്ച
കണ്ണുമായന്തരീക്ഷത്തിൽ
നോക്കിയിരുന്നു...
ഗോചരമായിതാ മുന്നിൽ തുറസ്സി-
ലെണ്ണാൻ കഴിയാത്ത സ്വർണ്ണരേണുക്കൾ
ലാസ്യലയമാർന്നാ തങ്കധൂളികൾ
ദിവ്യത ചിന്നുന്ന സ്വർഗ്ഗീയദൃശ്യമായ്
ദർശിപ്പു ഞാനതിൽ ഭൂമിയിൽ
ജീവിച്ചു വേർപിരിഞ്ഞകന്നൊരു
ശതകോടി ജന്മങ്ങളാ-
ത്മാവുകളായി പരിലസിപ്പൂ.
മുഖങ്ങളില്ലാതെ സ്വതന്ത്ര
തന്മാത്രയായേക ഭാവത്തിൽ
അസ്തിത്വമാർന്നാന്ദോളനത്തിൽ
ലയിച്ചുതുടിക്കുന്ന മായിക ലോകത്തു
പൊൻപരാഗങ്ങളായ് ശാശ്വതമായി
നിലനില്പു പ്രാപിച്ചു, പിന്മടങ്ങാതെ
കേവലസത്യത്തിൻ സംഗീതസാന്ദ്ര-
വീചികൾക്കൊപ്പമനാദിമദ്ധ്യാന്ത
യതികളില്ലാതെ ചിന്മയ സത്ത
തൻ ഹൃദ്യസ്മിതമായി കാൺമതു
ഞാനതെൻ ഭാവനയൊയതോ
സ്വയം പ്രകാശിയ്ക്കും പരമാർത്ഥമോ ?

# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



ടി. വി. നാരായണൻ കുട്ടി
9446030344

## 1. കമുകറ പുരുഷോത്തമൻ

പരമേശ്വരക്കുറുപ്പ്, ലക്ഷ്മിക്കുട്ടിയമ്മ ദമ്പതിമാരുടെ മകനായി 1930 ഡിസംബർ നാലാം തിയതി കന്യാകുമാരി ജില്ലയിലെ 'തിരുവട്ടാർ' എന്ന സ്ഥലത്താണ് കമുകറ ജനിച്ചത്. ചെറുപ്പം തൊട്ടേ പാട്ടിനോട് അതിയായ കമ്പമുണ്ടായിരുന്നു. തൊട്ടടുത്ത 'ആദികേശവക്ഷേത്ര'ത്തിൽ നടക്കുന്ന ഭജനകളിൽ പങ്കെടുക്കുക പതിവായിരുന്നു. തിരുവട്ടാർ ആറുമുഖൻപിള്ള ഭാഗവതരുടെ കീഴിലായിരുന്നു സംഗീത പഠനം നടത്തിയത്. കമുകറയോടൊപ്പം സഹോദരി ലീല-ഓംചേരിയും സംഗീതപഠനത്തിൽ ഒപ്പമുണ്ടായിരുന്നു. സംഗീതത്തോടുള്ള അതിയായ മോഹം മൂലം പതിനഞ്ചാം വയസ്സുമുതൽ തന്നെ കച്ചേരികളിൽ പാടാനുള്ള പ്രാപ്തി കൈവന്നു. തുടർന്ന് ഇരുപതാം വയസ്സിൽ തിരുവനന്തപുരം ആകാശവാണി നിലയത്തിൽ സംഗീത പരിപാടികളിൽ പങ്കെടുക്കാനും തുടങ്ങി.

1953ൽ തന്റെ ഇരുപത്തിമൂന്നാം വയസ്സിലാണ് ആദ്യത്തെ സിനിമാപാട്ട് 'റെക്കോർഡ്' ചെയ്തത്. 'പൊൻകതിർ' എന്ന സിനിമയ്ക്കുവേണ്ടി സുബ്രഹ്മണ്യന്റെ മെരിലാന്റ് സ്റ്റുഡിയോയിൽ വെച്ചാണിത് നടന്നത്. തുടർന്ന് 68 – 70 സിനിമകളിലായി ഏകദേശം 125ലധികം ഗാനങ്ങൾ ഇദ്ദേഹം ആലപിച്ചിട്ടുണ്ടെന്ന് അറിയുന്നു. 1950–60 കാലങ്ങളിൽ, യേശുദാസ് കടന്നുവരുന്നത് വരെ ഇത് തുടർന്നുവെന്ന് പറയാം. 1970 വരെ മെരിലാന്റിന്റെ സ്ഥിരം ഗായകനായിരുന്നു. ഇദ്ദേഹത്തിന്റെ ഗാനങ്ങളിൽ ബഹുഭൂരിഭാഗവും 'തിരുനായിനാർ കുറിച്ചി മാധവൻനായർ' രചിച്ച് 'ബ്രദർ ലക്ഷ്മണൻ' സംഗീതം പകർന്നവയാണെന്ന് കാണാം. ഒടുവിൽ 1993 ലാണ് മോഹൻ സിതാരയുടെ സംവിധാനത്തിൽ ഒരു ഗാനം (കാറ്റേ നീയാണ്) ഇദ്ദേഹം ആലപിച്ചത്. ഇതിനുപുറമെ ബാബുരാജ്, ദക്ഷിണാമൂർത്തി, ജി. ദേവരാജൻ, എം. ബി. ശ്രീനിവാസൻ, തൃശ്ശൂർ പി. രാധാകൃഷ്ണൻ എന്നിവരുടെ സംവിധാനത്തിലും ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

പാട്ടുകൾ കുറഞ്ഞപ്പോൾ ഇദ്ദേഹവും ശ്രീ. എ. പി. ഉദയഭാനുവും കൂടി മറ്റുചില മുതിർന്ന ഗായകരെ കൂടിച്ചേർത്ത് 'ഓൾഡ് ഈസ് ഗോൾഡ്' എന്നൊരു സംഗീത ട്രൂപ്പിന് രൂപം കൊടുത്തു. ഈ ട്രൂപ്പ് ഇന്ത്യയിലാകെയും, വിദേശത്തും പരിപാടികൾ അവതരിപ്പിക്കുകയും പതിവായിരുന്നു.

പാട്ടുപാടിയിരുന്നെങ്കിലും ഇദ്ദേഹം ഔദ്യോഗികമായി അദ്ധ്യാപക പദവിയും വഹിച്ചിരുന്നു. തിരുവട്ടാർ സർക്കാർ സ്കൂളിലെ പ്രിൻസിപ്പാളായാണ് ഇദ്ദേഹം വിരമിച്ചത്. 1965 മെയ് 26ാം തീയതി തിരുവനന്തപുരത്തേക്ക് കാറിൽ യാത്ര ചെയ്യവേ കഠിനമായ ഹൃദയാഘാതത്തെത്തുടർന്ന് മരണമടയുകയാണുണ്ടായത്. ഭാര്യയും മക്കളും പേരക്കുട്ടികളും അടങ്ങിയതായിരുന്നു കുടുംബം.

***പ്രശസ്തമായ പാട്ടുകൾ***

1. ആത്മവിദ്യാലയമേ (ഹരിശ്ചന്ദ്ര)
2. ഈശ്വര ചിന്തയിതൊന്നേ മനുജന്/ നാളെ നാളെ എന്നായിട്ടും ഭഗവാനെ/ഓർത്താലെന്റെ ദാരിദ്ര്യം/അച്ചുതം കേശവം (ഭക്തകുചേല)
3. ഗംഗാ യമുനാ സംഗമ സമതലഭൂമി (ഹോട്ടൽ ഹൈറേഞ്ച്)
4. മറ്റൊരു സീതയെ കാട്ടിലേയ്ക്കയച്ചു (തറവാട്ടമ്മ)
5. പഞ്ചവർണ്ണതത്ത പോലെ കൊഞ്ചിവന്ന (കറുത്തകൈ - കോറസ്സ്)
6. ഏകാന്തതയുടെ അപാര തീരം (ഭാർഗ്ഗവി നിലയം)
7. സംഗീതമേ ജീവിതം, ഒരു മധുര (ജീവിത നൗക)
8. മറക്കാൻ കഴിയുമോ (കണ്ണൂർ ഡീലക്സ്)
9. മിണ്ടാത്തതെന്താണ് തത്തേ/ പനിനീർ മലരിനൊരിതൾ കൊഴിഞ്ഞാലും (ജ്ഞാനസുന്ദരി)
10. പൂവിന് മണമില്ല, നിലാവിന് കുളിരില്ല (ചിലമ്പൊലി)
11. കണ്ണിണയും കണ്ണിണയും ബന്ധം നിശ്ചയിച്ചു (ലേഡി ഡോക്ടർ)
12. തുമ്പപ്പൂ പെയ്യണ (രണ്ടിടങ്ങഴി)
13. ഓശാനാ, ദാമീദിൻ പുത്രനെ ഓശാന (സ്നാപക യോഹന്നാൻ)
14. ശരവണപ്പൊയ്കയിൽ അവതാരം (കുമാരസംഭവം)
15. പാതിരാപൂവൊന്ന് കൺതുറന്നു (ആൾത്താര)
16. ഏഴുനിറങ്ങളിൽ നിന്നുടെ (കറുത്തകൈ)

ഇവ കൂടാതെ പട്ടുതൂവാല, പെൺമക്കൾ, പൂച്ചക്കണ്ണി, മൈനത്തരുവി കൊലക്കേസ്, മറിയക്കുട്ടി, വിപ്ലവകാരികൾ, ഉറങ്ങുന്ന സുന്ദരി, ശ്രീരാമ പട്ടാഭിഷേകം, പൂത്താലി, കാട്ടുമൈന, മന്ത്രവാദി, പാടാത്ത പൈങ്കിളി, അവകാശി, ബാല്യസഖി, സി. ഐ. ഡി., അനിയത്തി എന്നീ സിനിമകളിലും ഇദ്ദേഹം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

## 2. മെഹബൂബ്

1951–80 കാലഘട്ടത്തിൽ മലയാള സിനിമാഗാനപ്രേമികളായ ഏവരും ഏറെ മനസ്സിൽ കൊണ്ടു നടന്നിരുന്ന പാട്ടുകളുടെ ശബ്ദത്തിന്നുടമയായ ഒരു അനശ്വര ഗായകനായിരുന്നു മെഹബൂബ്. ജന്മനാമം 'മെഹബൂബ് ഖാൻ'. 'മെഹബൂബ് ഭായ്' എന്നും ചിലർ വിളിപ്പിച്ചിരുന്നു. കൊച്ചിയിലെ മട്ടാഞ്ചേരിയിൽ തീരെ ദരിദ്രമായ ഒരു കുടുംബത്തിലാണ് ജനനം. അതുകൊണ്ടുതന്നെ വിദ്യാഭ്യാസമൊന്നും ഉണ്ടായില്ല. തൊട്ടടുത്ത 'ബംഗാൾ ബറ്റാലിയൻ' പട്ടാള ക്യാമ്പിലെ ദൈനംദിന തൊഴിലുകളിൽ ചിലത്, അതായത് പട്ടാളക്കാരുടെ ഷൂ പോളിഷ് ചെയ്യൽ, അവർക്കാവശ്യമായ ചില ജോലികൾ ചെയ്തുകൊടുക്കൽ എന്നിവയിലൂടെ ചെറിയൊരു സമ്പാദ്യം ഉണ്ടാക്കിയെടുക്കുമായിരുന്നു. അമ്മ പുറം പണിക്കും, വീട് വൃത്തിയാക്കുന്ന പണികൾക്കും പോയി ജീവിതം മുന്നോട്ടുകൊണ്ടുപോയി. ക്യാമ്പിലുള്ളവരുടെ പലതരം ഭാഷകൾ കേട്ട് അതെല്ലാം ഒരുവിധം പഠിച്ചെടുത്തു. കൂടെ ഇംഗ്ലീഷുകാരിൽനിന്ന് ഇംഗ്ലീഷും ഹൃദിസ്ഥമാക്കി.

അക്കാലത്ത് സമ്പന്നർ നടത്തുന്ന കൊച്ചു, കൊച്ചു ആഘോഷ പാർട്ടികളിൽ പാട്ടുകൾ പാടുന്ന പതിവുണ്ടായിരുന്നു. ഇവിടെ നിന്നാണ് ഇദ്ദേഹം തന്റെ ചങ്ങാതിമാരെ കണ്ടെത്തിയത്. ഒപ്പം നല്ലൊരു പാട്ടുകാരനെന്ന പേരും സ്വന്തമാക്കി. സ്വന്തമായൊരു വീടില്ല എന്നുതന്നെ പറയാം. പക്ഷെ തന്റെ സുഹൃത്തുക്കളോടൊപ്പം ജീവിതം കഴിച്ചുകൂട്ടി. നെൽസൺ ഫർണാണ്ടസ്, മേപ്പള്ളി ബാലൻ എന്നിവരെഴുതിയ മട്ടാഞ്ചേരി ഗന്ധമുള്ള പാട്ടുകളായിരുന്നു തുടക്കത്തിൽ മെഹബൂബ് ആലപിച്ചിരുന്നത്. ഇവയൊന്നും റെക്കോർഡ് ചെയ്യുകയുണ്ടായില്ല. പക്ഷെ ഭാഗ്യമെന്ന് പറയട്ടെ ഒടുവിൽ 'പങ്കജ് മല്ലിക്ക്' എന്ന, ഹിന്ദുസ്ഥാനി, ഹിന്ദി പാട്ടുകളുടെ സംവിധായകനാണ് മെഹബൂബിന്റെ കഴിവുകൾ മനസ്സിലാക്കി പല കച്ചേരികളിലും മുഹമ്മദ് റാഫിയുടെ ഗാനമേളകളിലും അവസരങ്ങൾ നല്കിയത്. 1940ൽ തന്നെ കൊച്ചിക്കാർക്ക് മെഹബൂബ് എന്ന ഗായകൻ ഏറെ പ്രിയങ്കരനായിരുന്നു.

പിന്നീട് മലയാളസിനിമയിലെ 'മുത്തയ്യ' എന്ന നടൻ (ഇദ്ദേഹം മലയാളസിനിമയിലെ അഭിനയത്തിൽ 9 വർഷം നല്ല നടനുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.) മെഹബൂബിനെ ദക്ഷിണാമൂർത്തിക്ക് പരിചയപ്പെടുത്തിക്കൊടുത്തു. ഇദ്ദേഹമാകട്ടെ 'ജീവിതനൗക' എന്ന സിനിമയ്ക്ക് വേണ്ടി ഒരു പുതിയ ശബ്ദം അന്വേഷിച്ച് നടക്കുകയുമായിരുന്നു. ഇതോടെ മെഹബൂബിന്റെ 3 ഗാനങ്ങൾ ഈ സിനിമയിൽ ചേർക്കപ്പെട്ടു. അങ്ങിനെ 1950ൽ 'ജീവിതനൗക'യിൽ 'വരൂ നായികേ, വാനിൽ വരൂ നായികേ' എന്ന പാട്ടോടെ സിനിമയിൽ അരങ്ങേറി. 'അകലെ ആര് കൈവിടും' എന്ന പ്രശസ്ത ഗാനമടക്കം 3 ഗാനങ്ങൾ ഇതിൽ പാടി. 'ദുലാരി' എന്ന സിനിമയിലെ 'സുഹാനി രാത്ത് ഡൽ ചുക്കി' എന്ന പാട്ടിന്റെ അതേ അനുകരണമാണിത് (ഈ ഗാനം 1985ൽ യേശുദാസ് മാറ്റി റെക്കോർഡ് ചെയ്യുകയുണ്ടായി) ഇതേത്തുടർന്ന് മെഹബൂബ് മലയാള സിനിമയിൽ ഒഴിച്ചുകൂടാൻ പറ്റാത്തൊരു ഗായകനായി മാറി. 1954ൽ 'നീലക്കുയിലിൽ' പാടിയ മിക്കതും നാടോടിപ്പാട്ടുകളുടെ മട്ടിലായിരുന്നു. അതും ഹാസ്യരസപ്രധാനമായവ. രചനകൾ മിക്കതും പി. ഭാസ്ക്കരന്റേതായിരുന്നു. ഗാനസംവിധാനം രാഘവൻ മാസ്റ്റർ. കൂടാതെ ബാബുരാജ്, ദേവരാജൻ, ആർ. കെ. ശേഖർ എന്നിവരുടെ സംവിധാനത്തിലും ഇദ്ദേഹം പാടി.

സിനിമയെ കൂടാതെ നാടകങ്ങൾ, ഗ്രാമഫോൺ റെക്കാർഡുകൾ എന്നിവയ്ക്കും പാടിയിരുന്നു. 'മെഹ്ഫിലു'കളിലും ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഒഴിച്ചുകൂടാൻ പറ്റാത്തതായി. ഇദ്ദേഹം പാടിയ പല പാട്ടുകളും പിൽക്കാലത്ത് കൂട്ടിക്കലർത്തി ചില സിനിമകളിൽ വീണ്ടും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 1999ൽ 'ഉസ്താദ്' എന്ന സിനിമയിൽ 'തീർച്ചയില്ല ജനം' എന്ന 1956 ൽ പാടിയ ഗാനം, 1973ൽ എം. എസ്. ബാബുരാജിന്റെ 'ചുഴി' എന്ന സിനിമയിലെ ഗാനം (കണ്ടു രണ്ട് കണ്ണ്) 2013ൽ 'അന്നയും റസൂലും' എന്ന സിനിമയ്ക്ക് വേണ്ടി പാടിയ ഗാനവും, അതേവർഷം ABCD എന്ന സിനിമയ്ക്കുവേണ്ടി 'നീലിസാലി'യിലെ (1960) 'നയാ പൈസയില്ല. കൈയിലൊരു നയാ പൈസയില്ല' എന്ന ഗാനവും ഈ ഗണത്തിൽ പെടുത്താവുന്നതാണ്.

മെഹബൂബിന്റെ ഉറ്റ സുഹൃത്തിന്റെ ഭാര്യ 'എയ്മി സിൽവസ്റ്റർ' ഇദ്ദേഹത്തെപ്പറ്റി ഓർക്കുന്നത് ഇങ്ങിനെ... മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ നല്ലപോലെ സംസാരിക്കും, ധാരാളം കഥകൾ പറയും, ഇതിനെല്ലാം നല്ല ഒഴുക്കാണ്. ഒടുവിൽ എല്ലാം നശിച്ച് ജീവിക്കാൻ വഴിയില്ലാതെ മദ്യത്തിന്നടിമയായി, അവശനായി വീട്ടിൽ വന്നപ്പോൾ, തന്റെ ബുദ്ധിമുട്ടുകളെപ്പറ്റി ഒന്നുംപറയാതെ അദ്ദേഹം പാടിയ ഒരു പാട്ട് പാടുകയാണ് ചെയ്തത്. 'നയാ പൈസയില്ല, കൈയ്യിലൊരു നയാ പൈസയില്ല – നഞ്ച് വാങ്ങി തിന്നാൻ പോലും നയാ പൈസയില്ല'.

ഒടുവിൽ 1981ൽ തന്റെ 55ാം വയസ്സിലാണ് മരണമടഞ്ഞത്. ഗാനാലാപനത്തിനുപുറമെ ഗാനരചനയും നടത്തുമായിരുന്നു. ഗസൽ സംഗീതജ്ഞനായ 'ഉമ്പായി ' തന്റെ സുഹൃത്ത് മെഹബൂബിനെ ഓർക്കുന്നത് തന്റെ കച്ചേരികളിൽ ഉൾപ്പെടുത്തിയ ചില പാട്ടുകളിലൂടെയാണ്. അതിലൊന്ന് 'ചെറുപ്പത്തില് നമ്മൾ തമ്മിൽ മണ്ണും വാരി കളിച്ചപ്പോൾ, അന്ന് നമ്മൾ പറഞ്ഞത് മറന്നുപോയോ ?' എന്ന ഗാനമാണ്. കേട്ടാലും കേട്ടാലും മതിവരാത്ത ഗാനം.

***മെഹബൂബിന്റെ പ്രധാന ഗാനങ്ങൾ***

1. അരക്കാ രൂപ/ നയാ പൈസയില്ല / നീയല്ലാതാരുണ്ടെന്നുടെ പ്രണയപ്പുഴയിൽ ചിറകെട്ടാൻ/മാനത്തെ കുന്നിൻ ചെരുവിൽ/ഓട്ടക്കണ്ണിട്ടുനോക്കും (നീലിസാലി)
2. ഹാലുപിടിച്ചൊരു പുലിയച്ഛൻ/ കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം (നായര് പിടിച്ച പുലിവാല്)
3. ഈ ചിരിയും ചിരിയല്ല/ കൊല്ലാൻ

നടക്കണ കൊമ്പുള്ള ബാപ്പ (സുബൈദ)

4. എല്ലാരും തട്ടണ്, മുട്ടണ് / തിന്തക്കം തെയ്യക്കം (മുടിയനായ പുത്രൻ)

5. എന്തൊരു തൊന്തരവ് (മൂടുപടം)

6. കണ്ടം ബെച്ചൊരു കോട്ടാണ്/ സിന്ദാബാദ്, സിന്ദാബാദ്, സൊന്തം കാര്യം സിന്ദാബാദ് (കണ്ടം ബെച്ച കോട്ട്)

7. കണ്ടു രണ്ട് കണ്ണ് (ചുഴി)

8. കോഴിക്കോട്ടങ്ങാടീല് കോയക്കാന്റെ കടയിലെ കോയീന്റെ കറിയുടെ ചാറ് (തങ്കക്കുടം)

9. മാനെന്നും വിളിക്കില്ല (നീലക്കുയിൽ)

10. ഓ... റിക്ഷാവാലാ (ഓടയിൽ നിന്ന്)

11. പണ്ട് പണ്ട് പണ്ട് നിന്നെ കണ്ട നാളയ്യാ (രാരിച്ചൻ എന്ന പൗരൻ)

12. സായിപ്പേ, സായിപ്പേ അസ്‌ലാം അലൈക്കും (പഴശ്ശിരാജ)

13. വണ്ടിക്കാരൻ വീരാൻ കാക്കേടെ രണ്ടാം കെട്ടിന് ചൂതിം വെച്ച് (പോർട്ടർ കുഞ്ഞാലി)

14. വണ്ടീ വണ്ടീ നിന്നെപ്പോലെ (ഡോക്ടർ)

*അടുത്ത ലക്കത്തിൽ...*

*1. കോഴിക്കോട് അബ്ദുൾഖാദർ*

*2. മച്ചാട്ട് വാസന്തി*


**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

■ വിജ്ഞാനച്ചെപ്പ്

# വിദ്യാധനം സർവ്വധനാൽ പ്രധാനം



**ഡോ. ഒ. സി. പ്രമോദ്**
**9446071421**

**വി**ജ്ഞാനച്ചെപ്പിൽ അടുത്ത നാല് ലക്കങ്ങളിലായി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റിയും വിദ്യാഭ്യാസമേഖല നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെപ്പറ്റിയും വിവരിക്കുന്നു. അതോടൊപ്പം തന്നെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കിട്ടാവുന്ന ജോലി സാധ്യതകളെപ്പറ്റിയും സൂചിപ്പിക്കുന്നു.

നല്ലവരായ ഒരു തലമുറയെ വാർത്തെടുക്കുക എന്നത് ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അവശ്യഘടകമാണ്. പക്ഷെ വഴി തെറ്റുന്ന ഒരു തലമുറ വളർന്ന് വരുന്നത് നമ്മുടെ രാഷ്ട്രത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്ത്, ഭയാനകമായ അവസ്ഥയിലേക്ക് നമ്മെ തള്ളിയിടുന്നു. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നാണ് ചൊല്ല്. മറ്റേതൊരു ധനത്തേക്കാൾ വലുതും മഹനീയവുമാണ് വിദ്യാഭ്യാസം എന്ന ധനം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ധനസമാഹരണം അല്ല, മറിച്ച് നല്ല പൗരന്മാരായി രാഷ്ട്രത്തിന് മുതൽക്കൂട്ടായി നാടിനും കുടുംബത്തിനും താങ്ങും തണലുമായി നിലകൊള്ളുക എന്നതാണ്. വിദ്യാഭ്യാസം കൊണ്ട് ഒരു കുട്ടിയുടെ ജീവിത പന്ഥാവ് തുറക്കുന്നതാവണം. തെളിച്ചുപറഞ്ഞാൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടത്തിൽ, ആ വിദ്യ കൊണ്ട് കുടുംബം പുലർത്താൻ അയാൾക്ക് കഴിയണം. പട്ടിണി മാറ്റാൻ വിദ്യാഭ്യാസത്തിന് കഴിയുന്നില്ലെങ്കിൽ അത്തരം വിദ്യാഭ്യാസം തുടരുന്നതിൽ അർത്ഥമില്ല. വീടിനേയും വീട്ടുകാരേയും നന്നാക്കുന്നവന് മാത്രമേ സമൂഹത്തേയും രാഷ്ട്രത്തിനേയും സേവിക്കാൻ അവകാശം ഉള്ളു. ആദർശങ്ങൾ മാത്രം പറഞ്ഞതുകൊണ്ട് അർത്ഥമില്ല, നാം ചെയ്യുന്ന ജോലി കൊണ്ട് കുടുംബം പുലർത്താൻ കഴിയണം. നമ്മുടെ വിദ്യാഭ്യാസത്തിന് താളപ്പിഴകൾ സംഭവിച്ചിരിക്കുന്നു. ക്ലാസ്സ് മുറികളിൽ ഇരിക്കുന്ന നല്ലൊരു ശതമാനത്തിന് വിദ്യാഭ്യാസം എന്നത് ആഭാസകരമായ രീതിയിലേക്ക് ആണ് വളർന്നിരിക്കുന്നത്. അത് ആശാസകരമല്ല. നമ്മുടെ കലാലയങ്ങളിലെ മിക്ക വിദ്യാഭ്യാസവും ശോചനീയമായി ത്തീരുകയും ഒരു ജോലിക്കും പ്രാപ്തരാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നത് നമ്മുടെ നാടിന്റെ വലിയ ശാപങ്ങളിൽ ഒന്നാണ്. അർഹതപ്പെട്ടവന്റെ ജോലി, പണത്തിന്റേയും അധികാരത്തിന്റേയും ഹുങ്കിന്റേയും ബലത്തിൽ നേടിയെടുക്കുന്ന അനർഹൻ ബാക്കിയുള്ളവനെ കൊഞ്ഞനം കുത്തിക്കാണിക്കുന്ന കാഴ്ച്ച നാം കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ഡോക്ടർമാരും ആ തൊഴിലിലേയ്ക്ക് വന്നത് സേവന മനോഭാവം വളർന്നുവന്നത് കൊണ്ടാണ് എന്ന് ആരും കരുതുന്നില്ല. പ്രൈവറ്റ് പ്രാക്ടീസിലൂടെ ലഭിക്കുന്ന പണവും സ്വകാര്യ ആശുപത്രികൾ കൊടുക്കുന്ന ഭീമമായ തുകയും കണ്ട് കണ്ണ് മഞ്ഞളിച്ചതുകൊണ്ടാണെന്ന് ഏത് കൊച്ചു കുട്ടിക്കും അറിയാം. ഇതിനൊക്കെ കടുത്ത നിയന്ത്രണം വന്നാൽ (പൂച്ചയ്ക്ക് ആര് മണികെട്ടും ?) അന്ന് മെഡിക്കൽ രംഗത്തേക്കുള്ള കുത്തൊഴുക്ക് അവസാനിക്കുകയും, അത് താത്പര്യം ഉള്ളവർക്ക് മാത്രമായി ത്തീരുകയും ചെയ്യും. സേവന മനസ്ഥിതിക്കാരാണ് എന്നും സമൂഹത്തിന് ഉപകരിക്കുക. വിദേശരാഷ്ട്രങ്ങളിൽ കൊടുക്കുന്ന കനത്ത ശമ്പളത്തിൽ കണ്ണുവെച്ചാണ് ബഹുഭൂരിപക്ഷം വരുന്ന കുട്ടികൾ നേഴ്സിംഗ്

പഠനത്തിനായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. താത്പര്യം ഇല്ലാത്ത വിഷയം പഠിക്കാൻ നിർബന്ധിക്കുന്ന രക്ഷകർത്താക്കളും നമ്മുടെ സമൂഹവും കുട്ടികളോട് ചെയ്യുന്ന വലിയ ദ്രോഹമാണ് ഇത്. താത്പര്യം ഇല്ലാതെ ചെയ്യുന്ന ഒരു ജോലിയും ഫലവത്താകുകയില്ല എന്ന കേവല തത്ത്വം പോലും വിസ്മരിക്കുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. നമ്മുടെ സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്ന പലർക്കും വിദ്യാഭ്യാസത്തിനനുസരിച്ചുള്ള ജോലിയോ, താത്പര്യം ഉള്ള ജോലിയോ അല്ല ചെയ്യുന്നത്. ശമ്പളത്തിനോടും കിമ്പളത്തോടും മാത്രമാണ് അവർ ആഭിമുഖ്യം പുലർത്തുന്നത്. പാവപ്പെട്ടവന്റെ ജല്പനങ്ങൾ കേൾക്കാൻ തയ്യാറല്ല എന്ന് മാത്രമല്ല, എങ്ങനെ അവരെ പരമാവധി ദ്രോഹിക്കാം എന്ന കാര്യത്തിലാണ് അവരിൽ പലരും ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടൊക്കെയാവാം റിട്ടയർമെന്റിന് ശേഷം ഒരു ചാവേലിപ്പട്ടി പോലും ഇത്തരക്കാരെ ഗൗനിക്കാത്തത്. സമൂഹത്തിന്റെ കണ്ണീരൊപ്പുന്നവന് വൈകിയാണെങ്കിലും നമ്മുടെ നാടിന്റെ അംഗീകാരം ലഭിക്കും. അത് മാറ്റമില്ലാത്ത കാര്യമാണ്.

ഈയൊരവസരത്തിലാണ് പഴയ സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മഹത്വം മനസ്സിലാക്കേണ്ടത്. (വിമർശകർക്ക് സോവിയറ്റ് യൂണിയൻ ഇന്നില്ലല്ലോ എന്ന് ആശ്വസിക്കാം!) ഒരു കുട്ടിക്ക് ജന്മം നൽകുക എന്ന കടമ മാത്രമാണ് രക്ഷകർത്താക്കൾ പ്രധാനമായും അവിടെ നിർവ്വഹിച്ചിരുന്നത്. ആ കുട്ടി രാഷ്ട്രത്തിന്റെ കുട്ടിയായിത്തീർന്നിരിക്കുന്നു. ആ കുട്ടിയുടെ ആരോഗ്യവും വിദ്യാഭ്യാസവും ഒക്കെ ഉറപ്പ് വരുത്തേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. തികച്ചും സൗജന്യമായിരുന്നു അക്കാര്യങ്ങൾ. കൊച്ചുകുട്ടിയായിരിക്കുമ്പോൾ തന്നെ ആ കുട്ടിയുടെ അഭിരുചി മനസ്സിലാക്കാൻ പല ഘട്ടങ്ങളിലൂടെ കടത്തിവിടുന്നു. മനശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും അടങ്ങുന്ന ഒരു ടീമാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. പ്രാഥമിക വിദ്യാഭ്യാസം നൽകിയതിനുശേഷം പലവട്ടം അഭിരുചി നിർണ്ണയം നടത്തി കുട്ടിക്ക് ശോഭിക്കാൻ പറ്റുന്ന മേഖലയിൽ വിദ്യാഭ്യാസം നൽകുന്നു, തികച്ചും സൗജന്യമായി. ഏത് പഠിച്ചാലും എന്ത് പഠിച്ചാലും അവസാനം സർക്കാർ ജോലി അവരെ കാത്തിരിക്കുന്നു. അതിന് പ്രാപ്തരാക്കുകയാണ് സർക്കാർ ചെയ്തത്. ഏത് ജോലിക്കും ഒരേ മഹത്വവും, അന്തസ്സും, ഒരേ ശമ്പളവും ആയതിനാൽ എല്ലാ അർത്ഥത്തിലും സോഷ്യലിസം ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. ഒരു ഡ്രൈവറും ഡോക്ടറും പൈലറ്റും അദ്ധ്യാപകനും എഞ്ചിനീയറും മിലിറ്ററി ഓഫീസറും ഒരേ ശമ്പളത്തോടുകൂടി ജോലി ചെയ്യുമ്പോൾ ആരും ആരേക്കാൾ ഉയർന്നവനോ താഴ്ന്നവനോ അല്ലായിരുന്നു. രാജ്യത്തെ മൊത്തം കച്ചവട സ്ഥാപനങ്ങളും വാഹനങ്ങളും ഹോട്ടലുകളും പത്രസ്ഥാപനങ്ങളും സർക്കാർ ഉടമസ്ഥതയിൽ ആയിരുന്നു. എന്തിന്, മീൻ പിടുത്തക്കാർ വരെ സർക്കാർ ജോലിക്കാർ ആയിരുന്നു. അവനവന്റെ കഴിവിനും പ്രാപ്തിക്കും അഭിരുചിക്കും അനുസരിച്ചുള്ള ജോലി ഓരോരുത്തർ ചെയ്ത് രാജ്യത്തെ സേവിക്കുന്നു. ഗുണവശങ്ങളോടൊപ്പം വിമർശകർ ചൂണ്ടിക്കാണിക്കുന്ന കോട്ടങ്ങളിലൂടേയും നമുക്ക് കണ്ണോടിക്കാം. അമിതമായ സ്വാതന്ത്ര്യം ആർക്കും ഇല്ല. ജോലി ചെയ്യാതെ ഉഴപ്പി നടക്കാൻ പറ്റില്ല. അമിതമായ വാദപ്രതിവാദങ്ങളില്ല, മത സ്വാതന്ത്ര്യം ഇല്ല (മനുഷ്യരെ ചൂഷണം ചെയ്യുന്ന മതസ്ഥാപനങ്ങൾ അടച്ച് പൂട്ടുകയോ ഫാക്ടറികൾ ആക്കുകയോ ചെയ്തു), മതമേധാവികൾ ളോഹ ഊരി വച്ച് ഏതെങ്കിലും തൊഴിലിൽ ഏർപ്പെടണം എന്ന് വ്യവസ്ഥ ചെയ്തു. അല്ലാത്തവർക്ക് രാഷ്ട്രം വിട്ടുപോകാൻ അനുവാദം കൊടുത്തു.

പണക്കാരനോ പാവപ്പെട്ടവനോ എന്ന വ്യത്യാസം അവിടെ ഉണ്ടായിരുന്നില്ല. ഒരുകാലത്ത് പണം കൊണ്ട് ആറാടിയവർക്ക് അത് നഷ്ടപ്പെട്ടപ്പോൾ സ്വാഭാവികമായും നീരസം ഉണ്ടായി എന്നത് സത്യം. മരണാനന്തര ജീവിതത്തിൽ ഉണ്ടാകുന്ന സ്വർഗ്ഗ-നരകങ്ങളെപ്പറ്റി പേടിപ്പിച്ച് വിശ്വാസികളെ കാലാകാലങ്ങളായി ചൂഷണം ചെയ്ത് നടന്നിരുന്ന പുരോഹിത വൃന്ദങ്ങൾ ഉൾക്കൊള്ളാവുന്നതായിരുന്നില്ല സോഷ്യലിസം. അല്ലെങ്കിലും ഏവർക്കും യോജിച്ച ഒരു ഭരണസംവിധാനം ലോകത്തെവിടേയും ഇതുവരെ ഉണ്ടായിട്ടില്ലല്ലോ ! സോവിയറ്റ് യൂണിയൻ തകർന്നതോടുകൂടി ഈ സമ്പ്രദായം തന്നെ തകർത്ത് എറിയപ്പെടുകയും ചെയ്തു എന്നത് പിൽക്കാല ചരിത്രം.

ഒരു വ്യക്തിയെ നല്ല പൗരന്മാരായി വളർത്തി, നല്ല ഒരു ജീവിത മാർഗ്ഗം കണ്ടെത്താൻ ഉപകരിക്കുന്ന രീതിയിലായിരിക്കണം നമ്മുടെ വിദ്യാഭ്യാസം. അങ്ങനെ വന്നാൽ മാത്രമേ നമ്മുടെ തൊഴിൽ മേഖല മെച്ചപ്പെടുകയുള്ളു. രാജ്യം പുരോഗതി പ്രാപിക്കുകയുള്ളു. ഇത് നടപ്പാക്കാനുള്ള ആർജ്ജവം ഉള്ള ഭരണാധികാരികളേയാണ് നമുക്ക് ആവശ്യം. വിടുവായിത്തരം പറയുന്നവരും നാട്ടുകാരുടെ പണം ഉപയോഗിച്ച്, ലോകം മുഴുവൻ ചുറ്റിനടന്ന് പാവപ്പെട്ട ജനങ്ങളുടെ അത്താഴപ്പാത്രത്തിൽ മണ്ണ് വാരിയിടുന്നവരും മതവൈരം ഇളക്കിവിട്ട് നാട്ടുകാരെ തമ്മിലടിപ്പിക്കുന്നവരും ഒക്കെ നമ്മുടെ രാജ്യത്തിന്റെ ശാപമാണ്. സ്വേച്ഛാധിപതികളായ ഹിറ്റ്ലറിനും മുസ്സോളിനിക്കും സ്റ്റാലിനും ഒക്കെ ജയ് വിളിക്കാൻ ആളുകൾ ഉണ്ടായിരുന്നെങ്കിലും ഭൂരിപക്ഷത്തിന്റെ പിൻബലം അവർക്കുണ്ടായിരുന്നില്ല എന്ന് പിൽക്കാല ചരിത്രം തെളിയിച്ചിട്ടുണ്ട്. •

***തിരുത്ത്***

കഴിഞ്ഞ ലക്കത്തിലെ 'കേരള പോലീസ്' എന്ന പംക്തിയിൽ 'Conferred IPS' എന്നതിനുപകരം 'Confessed IPS' എന്ന് അച്ചടിച്ച് വന്നത് ടൈപ്പിംഗ് സമയത്ത് വന്ന പിശകാണെന്ന് ഖേദപൂർവ്വം അറിയിക്കുന്നു. പേജ് നമ്പർ 23ൽ രണ്ടാം കോളത്തിൽ 2ാം പാരഗ്രാഫിൽ 5ാം വരിയിൽ 'ക്ഷണിക്കണം' എന്നുള്ളത് 'ക്ഷമിക്കണം' എന്ന് തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു.

എഡിറ്റർ

# നിളയുടെ ദുഃഖം



**മനോഹരി സി. ബി.**
**9400681668**

**ആ**നമലയിൽ നിന്നുൽഭവിച്ച് ധാരാളം കൈവഴികളോടുകൂടി ജലസമൃദ്ധിയോടെ ഒഴുകുന്ന നിള കേരളത്തിന്റെ അഭിമാനം മാത്രമല്ല ഐശ്വര്യം കൂടിയായിരുന്നു ഒരുകാലത്ത്. ഒഴുകുന്ന വഴിയിൽ പല ദിക്കുകളിൽ പല പേരുകളിൽ അറിയപ്പെടുന്ന നിള അതാതു നാട്ടുകാരുടെ പ്രസിദ്ധി കൂടിയാണ്. വർഷത്തിൽ ഒരുകാലത്തും നിളയിൽ തെളിനീർ വറ്റിയിരുന്നില്ല. ഒഴുകുന്ന വഴിയിലെല്ലാം ജലദായിനി എന്നുകൂടാതെ ധാരാളം കുടിവെള്ള പദ്ധതികളും ഈ നദിയിൽ നിന്നും നടപ്പാക്കുന്നു. കേരളത്തിന്റേതാണെങ്കിലും ഭാരതപ്പുഴ എന്ന പേരുകൊണ്ട് ഭാരതത്തെ മൊത്തം ഒന്നായിക്കാണാനുള്ള ചിന്തയും നിള തമ്മിൽ ഉണർത്തുന്നു.

യഥാർത്ഥത്തിൽ ഒരു പുഴ മാത്രമല്ല, ഒരു സംസ്കാരം കൂടിയാണ് നിള എന്നുവേണം പറയാൻ. മഴക്കാലത്ത് ഇരുകരകളും മുട്ടി കുതൂഹലത്തോടെ ഒഴുകുകയും വേനലിൽ ശാന്തമായി ഒഴുകുകയും ചെയ്യുന്ന നിള എത്ര കണ്ടാലും മതിവരാത്ത ഒരു കാഴ്ച തന്നെ.

പാലക്കാട്ടുകാരുടെ പ്രത്യേകിച്ച് വള്ളുവനാട്ടുകാരുടെ സംസ്കാരം, ജീവിതരീതി ഇവ ഭാരതപ്പുഴയുമായി ബന്ധപ്പെട്ടുകിടക്കുന്നു. എല്ലാം ഒരുപക്ഷെ ഭാരതപ്പുഴയുടെ സാമീപ്യത്തിന്റെ സ്വാധീനമായിരിക്കാം. ഇവിടുത്തെ പരിസരവാസികൾക്ക് എന്നും അവരുടെ അന്നം കൂടിയായിരുന്നു ഈ പുഴ. പുഴയിൽ നിന്നും മണൽവാരി ആവശ്യക്കാർക്കു കൊടുത്ത് അന്നന്നത്തെ അഷ്ടിക്ക് വഴി തേടിയിരുന്ന കുടുംബങ്ങൾ പണ്ടു മുതലേ ഉണ്ടായിരുന്നു. എന്നാൽ അതുകൊണ്ടൊന്നും പുഴക്ക് ഇന്നു കാണുന്ന തരത്തിലുള്ള ഒരു ശോഷണം സംഭവിച്ചിരുന്നില്ല.

ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയരുകയും ജീവിതശൈലികളിൽ മാറ്റം വരികയും ചെയ്തതോടെ എല്ലാവരും വലിയ മണിമാളികകൾ പണിയാൻ തുടങ്ങി. ഗൾഫ് യുഗം ഇതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളിൽ പ്രധാന അസംസ്കൃത വസ്തുവായ മണലിന്റെ ഡിമാന്റ് ഇതോടെ കൂടി. ഒരു ചെറിയ വീടുമാത്രം സ്ഥിതി ചെയ്തിരുന്ന തൊടിയിൽ മൂന്നും നാലും ബഹുനില മാളികകൾ വീതം ഉയർന്നു. നഗരപ്രദേശങ്ങളാണെങ്കിൽ കോൺക്രീറ്റ് കാടുകളായി മാറി; ഫ്ളാറ്റുകളും ഷോപ്പിംഗ് കോംപ്ലക്സുകളും മറ്റും മറ്റും. ഇതിന്റെയെല്ലാം ആവശ്യങ്ങൾ നിറവേറ്റാനായി ഒന്നാം തരം മണലിന്റെ ഉറവിടമായ നിള ക്രൂരമായി ആക്രമിക്കപ്പെട്ടു. ഇതുകൂടാതെയാണ് തമിഴ്നാട് തുടങ്ങിയ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ദിവസവും ഒഴുകിയിരുന്ന ലോഡുകണക്കിന് മണൽ.

കരയോടടുത്ത പ്രദേശങ്ങളിൽ നിന്നും കൂടാതെ വെള്ളം നിറഞ്ഞുകിടക്കുന്നതിന്റെ അടിയിൽ നിന്നും മണൽ കോരിയെടുക്കാൻ തുടങ്ങിയതോടെ രൂപപ്പെട്ടു വൻ ചതിക്കുഴികൾ. കുളിക്കാനിറങ്ങുന്നവരെ അപായപ്പെടുത്തുന്നത് സർവ്വസാധാരണമായി. വർഷങ്ങളായി നടന്നുവരുന്ന ഈ ചെയ്തികൾ നിളയെ അകാലവാർദ്ധക്യത്തിൽ എത്തിച്ചിരിക്കയാണ്. മണലെല്ലാം പോയി വെറും മണൽ തിട്ടുകളും പാഴ്ച്ചെടികൾ വളർന്നുനിൽക്കുന്ന തുരുത്തുകളും അങ്ങിങ്ങായി കാണുന്ന നീർച്ചാലുകളുമാണ് വേനലിൽ ഇന്ന് നിള. വർഷം മുഴുവൻ ജലം നിറഞ്ഞു നിന്നിരുന്ന ഒരു യൗവ്വനമുണ്ടായിരുന്നു ഈ പുഴക്ക് എന്നുപറഞ്ഞാൽ ഇന്നത്തെ കുട്ടികൾ ഒരുപക്ഷേ വിശ്വസിച്ചെന്നുവരില്ല. വർഷങ്ങൾക്കുമുമ്പ് കണ്ടിട്ടുള്ളവർക്കേ അത് വിശ്വസിക്കാൻ കഴിയുകയുള്ളു. ഈ നില തുടർന്നാൽ മരുഭൂമിയായിക്കിടക്കുന്ന ഒരിടം ചൂണ്ടിക്കാട്ടി 'ഇവിടെ വിശാലമായ ഒരു പുഴ ഉണ്ടായിരുന്നു' എന്ന് അടുത്ത തലമുറയോട് പറയേണ്ടതായി വരും.

ഏതാനും വർഷങ്ങൾക്കു മുൻപ് പാലക്കാട്ടുനിന്നും ഷൊർണ്ണൂർ വഴി ഭാരതപ്പുഴയുടെ തീരങ്ങളെ പല പ്രാവശ്യം തൊട്ടുകൊണ്ടുള്ള തീവണ്ടിയാത്ര അസഹ്യമായ പലദൃശ്യങ്ങൾക്കും വേദിയായി. പ്രകൃതിയെ സ്നേഹിക്കുന്ന, പുഴകളെ സ്നേഹിക്കുന്ന ഒരാൾക്ക് തികച്ചും ഹൃദയഭേദകമാണ് ആ കാഴ്ച്ച. ഡിസംബർ മാസമായപ്പോഴേക്കും നിളയിൽ നീർച്ചാലുകൾ മാത്രമേ അവശേഷിച്ചിരുന്നുള്ളു. ചില സ്ഥലങ്ങളിൽ മാത്രം വെള്ളം അല്പം കൂടുതലായുണ്ട്. പരന്നുകിടക്കുന്ന പുഴയിൽ നിറയെ മനുഷ്യർ. അവർ എല്ലാവരും മണൽ വാരി ചാക്കിൽ നിറയ്ക്കുകയാണ്. ഇതിൽ ആണ് - പെൺ - കുട്ടികൾ - വൃദ്ധർ എന്ന വ്യത്യാസമില്ല. ഒന്നോ രണ്ടോ സ്ഥലത്തുമാത്രമല്ല ഈ കാഴ്ച. വെള്ളം ഒഴിഞ്ഞ പ്രദേശങ്ങൾ മുഴുവൻ ആളുകൾ നിറഞ്ഞിരിക്കുന്നു. അതിരാവിലെ തുടങ്ങുന്നതാണ് ഈ പ്രവൃത്തി. കൈയ്യിൽ ചാക്കില്ലാത്ത ഒരാളെ അവിടെ കാണില്ല എന്നുവേണം പറയാൻ. ചിന്തിച്ചുനോക്കണം - ഒരാൾക്ക് ഒരു ചാക്കുനിറക്കാൻ എത്ര സമയം വേണം ? അയാൾ തുടർച്ചയായി ഇത് ചെയ്തുകൊണ്ടിരിക്കുന്നു. ഒരു ദിവസമല്ല, എല്ലാ ദിവസവും. അതുപോലെ അവർ എല്ലാവരും ചെയ്യുന്നു. ഒറ്റനോട്ടത്തിൽ നോക്കിയാൽ നിളയെ തരിശാക്കാൻ വേണ്ടി നിയോഗിച്ച നൂറുകണക്കിന്, ആയിരക്കണക്കിന് തൊഴിലാളികളാണ് അവർ എന്ന് നമുക്കുതോന്നിപ്പോകും. യന്ത്രസഹായത്താൽ മണൽവാരി ലോറികളിലും മറ്റുവാഹനങ്ങളിലുമായി നി

യന്ത്രണമില്ലാതെയുള്ള കടത്ത് വേറേയും.

വാഹനങ്ങൾ ഇറക്കിക്കൊണ്ടുപോകാൻ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ ചാക്കുമണൽ സംവിധാനത്തിന് പ്രാധാന്യമേറുന്നത്. തീരത്തോടുചേർന്നുള്ള ഭാഗങ്ങളിലും പുഴയുടെ ഇരുവശത്തേക്കും പോകുന്ന നാട്ടുപാതകളിലും അട്ടിയിട്ടിരിക്കുന്ന മണൽചാക്കുകൾക്ക് കണക്കില്ല. ആയിരക്കണക്കിന് ചാക്കുകൾ, പല സ്ഥലത്തായി. ചില ഇടവഴികൾ പാടെ നിറഞ്ഞ മട്ടാണ്. മണൽ ചാക്കുകൾ തലയിലേറ്റി പാടവരമ്പിലൂടെ നടന്നുപോകുന്ന ആളുകൾ ഇവിടെ പതിവുകാഴ്ചയാണ്. ലോറികൾ കടവിൽ ഇറക്കാൻ സൗകര്യമില്ലെങ്കിലും പാതിവഴിവരെ എത്തിച്ചിരിക്കുന്ന ചാക്കുകൾ കടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാവില്ലല്ലോ. (ഇപ്പോൾ ഇത്തരം കാഴ്ചകൾ കണ്ടെന്നുവരില്ല. കാരണം മണലെല്ലാം ഒരുവിധം തീർന്നിരിക്കുന്നു കൂടാതെ നിയന്ത്രണവും.) പുഴയുടെ തീരപ്രദേശങ്ങൾ കയ്യേറി സ്വന്തമാക്കിവെച്ചിട്ടുള്ളവരുടെ കഥകൾ വേറേയുമുണ്ട്.

മറ്റുജോലികളില്ലാത്ത കുറച്ചുപേർ മാത്രമാണ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതെങ്കിൽ ഇതൊരു വലിയ പ്രശ്നം സൃഷ്ടിക്കുകയില്ല. എന്നാൽ മുതൽ മുടക്കില്ലാതെ ചെയ്യാവുന്ന ബിസിനസ്സ് എന്നതുപോലെയാണ് ആളുകൾ കൂട്ടത്തോടെ ഈ പണിക്കിറങ്ങിയിരുന്നത്. ക്ഷാമമേറിയതോടെ മണൽ വില കൂടിയതും ആളുകൾക്ക് ആകർഷണമായി. പത്രങ്ങളിൽ പലപ്പോഴായി മണൽ വേട്ടകളെ കുറിച്ച് കാണാറുണ്ട്. '300 ചാക്ക് മണൽ പിടിച്ചു, പുഴയിലേക്ക് തിരിച്ചിട്ടു' എന്നെല്ലാം. മേൽപ്പറഞ്ഞ കാഴ്ചകൾ കാണുംവരെ ഞാനും അതെല്ലാം വലിയ ഒരു സംഭവമായി കരുതിയിരുന്നു. എന്നാൽ അവിടെ നിറച്ചുവെച്ചിട്ടുള്ള ചാക്കുകൾ വെച്ചു നോക്കിയാൽ ഇതെല്ലാം എത്ര തുച്ഛം! വർഷങ്ങളായി ഇത്തരം പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. അടുത്തനാൾ വരെ ഇതിനെതിരെ കർശന നടപടികളൊന്നും ഫലത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇതിന് വിഭിന്നമായി ചില നടപടികൾ വരുന്നത് തികച്ചും ആശക്കു വക നൽകുന്നതാണ്.

വർഷക്കാലത്ത് നിറഞ്ഞു കവിയുന്നു എങ്കിലും മഴ നിന്നാൽ അധികം താമസിയാതെത്തന്നെ വെള്ളം വറ്റിപ്പോകുന്ന അവസ്ഥയാണ് നിളക്കിന്ന്. മണലെല്ലാം നീക്കം ചെയ്ത് ചളിക്കുഴികളായി കിടക്കുന്നതിനാൽ ജലസംഭരണശേഷി കുറഞ്ഞുപോയതല്ലാതെ മറ്റെന്താണ് ഇതിന് കാരണം ? അതിനാൽ മഴക്കാലം കഴിഞ്ഞതിനുതൊട്ടുപിന്നാലെ 'ഏതാനും ദിവസത്തേക്കേ കുടിവെള്ളം കാണൂ' എന്നും മറ്റുമുള്ള പ്രഖ്യാപനങ്ങൾ നാം കേൾക്കേണ്ടതായി വരുന്നു.

പ്രകൃതിസംരക്ഷണത്തിനും പരിപാലനത്തിനും പ്രാധാന്യം കൊടുക്കുകയും മരിച്ച പുഴകളെ പുനരുജ്ജീവിപ്പിക്കലും നടക്കുന്ന ഇക്കാലത്ത് സ്വാർത്ഥ താത്പര്യങ്ങൾക്കായി 'കാട്ടിലെ തടി തേവരുടെ ആന' എന്ന നിലക്കുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. നിളയുടേയും മറ്റു നദികളുടേയും ഹൃദയം പിളർന്ന് കൊലവിളി മുഴക്കുന്നവരുടെ കൈകൾക്ക് കൂച്ചുവിലങ്ങിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അല്ലാത്ത പക്ഷം ഇവിടെ പുഴകൾ മരിക്കുന്നു; നമ്മുടെ സംസ്കാരം മരവിക്കുന്നു. ●

# മസാലക്കറി

**ജയ ചന്ദ്രൻ**
**8593949935**



***ചേരുവകൾ***

1. തുവരമണി (പച്ച) - 1 കപ്പ്
2. ഉരുളക്കിഴങ്ങ് രണ്ടെണ്ണം ചെറുതായരിഞ്ഞത്.
3. സോയാബോൾ കുതിർത്തത് - 1 കപ്പ്
4. തക്കാളി മുറിച്ചത് - 1
5. വറുത്തരക്കാൻ : മല്ലിപ്പൊടി 2 വലിയ സ്പൂൺ, മുളകുപൊടി ഒരു സ്പൂൺ, ചെറിയ ഉള്ളി 5 എണ്ണം, മഞ്ഞൾപ്പൊടി 1 സ്പൂൺ
6. നാളികേരം ചിരകിയത് - 1 കപ്പ്
7. ജീരകം - $^1/_2$ സ്പൂൺ
8. കറിമസാലപ്പൊടി - 1 സ്പൂൺ
9. വറത്തിടാൻ എണ്ണ, കടുക്, പെരുംജീരകം, കറിവേപ്പില
10. ഉപ്പ് പാകത്തിന്

***പാകം ചെയ്യുന്ന വിധം***

ഒന്നുതൊട്ട് നാലുവരെയുള്ളവ വറുത്തരച്ചത് ചേർത്ത് പാകത്തിന് വെള്ളമൊഴിച്ച് വേവിക്കുക. ശേഷം ഉപ്പ് ചേർക്കണം. കറി കുറുകിവരുമ്പോൾ നാളികേരം, ജീരകം ചേർത്തരച്ച് കറിയിൽ ചേർക്കുക. തിള വരുമ്പോൾ കറിമസാലപ്പൊടി ചേർക്കാം. ശേഷം എണ്ണയിൽ കടുക്, പെരുംജീരകം, കറിവേപ്പില ഇവ വറത്തിടുക. ●

■ പാചകം

# കാബേജ് വട

തുളസി അച്ചൻ, 9746089774

**ആവശ്യമുള്ള സാധനങ്ങൾ**


കാബേജ് - 500 ഗ്രാം
വലിയ ഉള്ളി - 2 എണ്ണം
പച്ചമുളക് - 4 എണ്ണം
ഇഞ്ചി ചെറിയ കഷണം - 1
മുളകുപൊടി - 1 സ്പൂൺ
മസാലപ്പൊടി - 1 സ്പൂൺ
കടലമാവ് - ആവശ്യത്തിന്
കായം - ഒരു നുള്ള്
കറുവേപ്പില, ഉപ്പ് - ആവശ്യത്തിന്
വെളിച്ചെണ്ണ - ആവശ്യത്തിന്

**ഉണ്ടാക്കുന്ന വിധം**

കാബേജ് പൊടിയായി അരിയുക. ചീകിയാൽ ഒന്നുകൂടി നല്ലത്. പച്ചമുളക് ഇഞ്ചി, ഉള്ളി ഇവ വടയ്ക്കരിയുന്ന പോലെ അരിഞ്ഞുവെക്കുക. കാബേജ് ഒന്ന് ആവിയിൽ വെക്കാം. അതിനുശേഷം ആറിയാൽ എല്ലാം കൂടി ഉപ്പും കറിവേപ്പിലയും കടലമാവും ചേർത്തുകുഴച്ച് ഉരുളകളാക്കി കൈയിൽ വെച്ച് ചെറുതായൊന്ന് പരത്തി വെളിച്ചെണ്ണയിൽ വറുത്തുകോരുക. കടലമാവ് ഉരുളയാക്കാൻ പറ്റുന്ന പോലെ ചേർക്കണം. വെള്ളം ചേർക്കാതെ കുഴയ്ക്കണം. നല്ലൊരു നാലുമണി പലഹാരമാണ്. കാബേജ് ഇഷ്ടമല്ലാത്തവരും നല്ലവണ്ണം കഴിക്കും. ●

# കൂട്ടുകാർ

ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 0491-2578098



**എ**ല്ലാവരും ഇന്നലെ സണ്ണിയുടെ വീട്ടിൽ എത്തിക്കാണും. അയാൾ ഒരു ദിവസം വൈകിയാണ് എത്തുന്നത്. ട്രെയിനിന്റെ ആട്ടത്തിൽ മയങ്ങിയിരിക്കുമ്പോൾ അയാളുടെ മനസ്സിൽ പഴയകാലം അടർന്നു വീണു. ഹോട്ടൽ മാനേജുമെന്റിന് പഠിക്കുന്ന കാലം. അവിടെ ജോയിൻ ചെയ്യുന്ന ദിവസം തന്നെ പരിചയപ്പെട്ട കൂട്ടുകാർ. സീനിയർ റാഗിങ്ങ് നടത്തുമ്പോഴും ഹോസ്റ്റലിൽ ഭക്ഷണം കഴിക്കുമ്പോഴും വൈകുന്നേരം ഫുട്ബോൾ കളിക്കുമ്പോഴും ഞായറാഴ്ച സിനിമയ്ക്ക് പോകുമ്പോഴും അവർ ഒന്നിച്ചുനിന്നു.

ഫുട്ബോൾ അവരുടെ ഹരമായിരുന്നു. അയാൾ ഗോൾ കീപ്പറായിരുന്നു. നല്ലൊരു ടീമായി നഗരത്തിൽ പ്രസിദ്ധി നേടാൻ അധികം മാസങ്ങൾ എടുത്തില്ല. അവരുടെ കൂട്ടുകെട്ടിനെപ്പറ്റി ഇൻസ്റ്റിറ്റ്യൂട്ടിൽ സംസാരമായിരുന്നു. നഗരത്തിലെ പല കോളേജുകളേയും ക്ലബ്ബുകളേയും പരാജയപ്പെടുത്തി കപ്പുകളുമായി വരുമ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ അഭിനന്ദിച്ചു. ആർത്തുവിളിച്ച് തോളിൽ കയറ്റി.

ജയിച്ചാലും തോറ്റാലും സണ്ണിയുടെ വക ഒരു പാർട്ടിയുണ്ടായിരുന്നു. എല്ലാവരും സാമ്പത്തികമായി നല്ല കുടുംബങ്ങളിൽ നിന്നുവന്നവരാണ്. അൽപ്പം വിഷമമുണ്ടായിരുന്നത് സണ്ണിക്കുമാത്രം. അവന്റെ അമ്മ മരിച്ചുപോയിരുന്നു. അച്ഛൻ ഡിഫൻസിൽ നിന്ന് റിട്ടയർ ആയി വീട്ടിൽ ഒറ്റയ്ക്കാണ്. അൽപ്പം കൃഷിയെല്ലാം നടത്തി മകനെ പഠിപ്പിക്കുന്നു. പക്ഷെ അതൊന്നും അവൻ പുറത്തുകാട്ടാതെ കൂട്ടുകാർക്കൊപ്പം അടിപൊളിയായി നടന്നു. മൂന്നു കൊല്ലത്തെ കോഴ്സിൽ അധികം പാർട്ടികൾക്കും അവൻ തന്നെ പണമിറക്കും. മറ്റുള്ളവരെ കൊടുക്കാൻ അവൻ സമ്മതിക്കാറില്ല. അതുകൊണ്ട് പെൺകുട്ടികൾ സണ്ണിയിൽ നിന്ന് നന്നായി മുതലെടുത്തിട്ടുണ്ട്.

മൂന്നുകൊല്ലം എത്രവേഗമാണ് പാഞ്ഞുപോയത്. പിരിയുന്നതിൽ വേദനയുണ്ടായിരുന്നു. എങ്കിലും അവർ കൂട്ടുകാർ ഒരു എഗ്രിമെന്റ് ഉണ്ടാക്കി. എവിടെയായാലും അഞ്ചുകൊല്ലം കൂടുമ്പോൾ രണ്ടുദിവസം ഏതെങ്കിലും ഒരാളുടെ വീട്ടിൽ കൂടുമെന്ന്. പല സ്ഥലക്കാരും പല ഭാഷക്കാരുമായ ആ കൂട്ടുകാർ പിരിഞ്ഞു. എങ്കിലും അഞ്ചുകൊല്ലം കൂടുമ്പോൾ അവർ ഒന്നിച്ചുകൂടി. അവർ പലരും വലിയ വലിയ നിലയിലെത്തിയിരിക്കുന്നു. ചിലർക്ക് സ്വന്തം ഹോട്ടലുകളും റസ്റ്റോറന്റുകളും ഉണ്ട്. ചിലർക്ക് സ്വന്തം കമ്പനികൾ ഉണ്ട്. പലരും വലിയ ഉദ്യോഗസ്ഥരായിരിക്കുന്നു. ഭാര്യയും കുട്ടികളുമായിരിക്കുന്നു.

സണ്ണിയുടെ സാമ്പത്തിക സ്ഥിതി അപ്പോഴും ഭേദപ്പെട്ടിട്ടില്ല. അച്ഛൻ മരിച്ചിരിക്കുന്നു. ഭാര്യയും പന്ത്രണ്ടിൽ പഠിക്കുന്ന മകളുമായി അച്ഛന്റെ ആ പഴയ വീട്ടിൽ തന്നെ. ഏതോ ഒരു ചെറിയ ഹോട്ടലിൽ ജോലിയുണ്ട്. എന്നിട്ടും ഈ പ്രാവശ്യം അവന്റെ വീട്ടിൽ തന്നെ കൂടണമെന്ന അവന്റെ നിർബന്ധത്തിന് വഴങ്ങേണ്ടിവന്നു. മറ്റു കൂട്ടുകാരെല്ലാം ഫ്ളൈറ്റിൽ ഇന്നലെ എത്തിയിരിക്കുന്നു. അയാൾക്ക് ടിക്കറ്റ് ശരിയായില്ല അതുകൊണ്ടാണ് ട്രെയിനിൽ വരുന്നത്. അതുകൊണ്ടാണ് ഒരുദിവസം താമസിച്ചത്.

പെട്ടെന്ന് ഒരു കുലുക്കത്തോടെ വണ്ടി നിന്നു. അയാൾക്കിറങ്ങേണ്ട സ്ഥലമെത്തിയിരിക്കുന്നു. ബാഗുമെടുത്ത് പുറത്തുവന്നു. ആരേയും കാണുന്നില്ല. സണ്ണിയും കൂട്ടുകാരും സ്റ്റേഷനിൽ വരുമെന്നാണ് കരുതിയിരുന്നത്. സ്റ്റേഷനിൽ നിന്ന് പുറത്തുവന്ന് പേഴ്സിൽ നിന്നും സണ്ണിയുടെ അഡ്രസ്സ് എടുത്തുനോക്കുകയായിരുന്നു. അപ്പോഴാണ് എല്ലാവരും കൂടി അയാളെ പൊക്കിയെടുത്തത്. കൂട്ടുകാർ അയാളെ താഴെ വയ്ക്കാതെ പാർക്ക് ചെയ്ത ഇന്നോവ കാറിലേക്ക് തള്ളി. കാറ് ഓടിത്തുടങ്ങി.

അയാൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടാണ് ഓർമ്മവന്നത്. വെക്കേഷൻ കഴിഞ്ഞുവരുമ്പോൾ ആദ്യം വന്നവർ പിന്നെ വരുന്നവരെ ഇതുപോലെ തൂക്കിയെടുത്ത് ഹോസ്റ്റലിലെ മുറിയിൽ കൊണ്ടുപോയി വീശി കട്ടിലിലേക്ക് എറിയും. ബാഗ് തുറന്ന് വീട്ടിൽ നിന്നും കൊണ്ടുവന്ന പലഹാരങ്ങൾ അപ്പോൾ തന്നെ തീർക്കും.

കുളി കഴിഞ്ഞ് തീറ്റയിലേക്ക് കടന്നു. സണ്ണിയുടെ ഭാര്യ പലതരം പലഹാരങ്ങളും ഒരുക്കിയിരുന്നു. സണ്ണിയുടെ നഗരത്തിലെ കാണേണ്ട സ്ഥലമെല്ലാം കണ്ടു. രണ്ടുദിവസം അടിപൊളിയായി കൊണ്ടാടി. പിന്നെ മടക്കമായിരുന്നു. എയർപോർട്ടിലേക്ക് പോകുമ്പോൾ സണ്ണിയുടെ ഭാര്യ എല്ലാവർക്കും ഓരോ പായ്ക്കറ്റ് കൊടുത്തു. കുട്ടികൾക്ക് കൊടുക്കാൻ മിഠായി ആണത്രേ. സണ്ണി എയർപോർട്ടിൽ അവരെ വിട്ട് മടങ്ങി വന്നപ്പോൾ അയാളുടെ ഭാര്യ ചോദിച്ചു, ''ഇതിനെല്ലാം നിങ്ങൾ പണം എവിടുന്നൊരുക്കി ?'' അൽപ്പം താഴ്ന്ന സ്വരത്തിൽ അയാൾ പറഞ്ഞു, ''ഞാൻ നിന്റെ ആഭരണങ്ങൾ പണയം വച്ചു.'' പിന്നെ അവിടെ ഒരു പൊട്ടിത്തെറിയായിരുന്നു. ''എന്റെ കർത്താ

# പ്രണയച്ചൂട്



**ഉണ്ണി വിശ്വനാഥ്**
**9895555393**

**പു**തിയ കാലത്തെ പിള്ളേരുടെ ഭാഷയിൽ പറഞ്ഞാൽ, അവന് അവളോട് കട്ട പ്രേമം. അവൾക്കാണെങ്കിലോ അതിലും കട്ടക്ക്. എവിടെ പോയാലും ഫോൺ വിളിച്ചാൽ എടുക്കണം, സംസാരിക്കണം, ഒന്നും ഒളിക്കാൻ പാടില്ല, ദിവസവും പത്തു തവണയെങ്കിലും വിളിക്കണം, വിശേഷ ദിവസമാണെങ്കിൽ എണ്ണം ചിലപ്പോൾ കൂടിയെന്നിരിക്കും.

കൂട്ടുകാരുടെ കൂടെ നിന്ന് സംസാരിക്കരുത, അവർക്ക് കേൾക്കാൻ ലൗഡ് സ്പീക്കർ ഓണാക്കരുത്. അങ്ങനെ കുറേ വ്യവസ്ഥകൾ. എല്ലാം അനുസരിച്ച് പോണം അല്ലേൽ പ്രണയം മുറിയും. അവളാണെങ്കിൽ നല്ല കാശുള്ള വീട്ടിലെ കുട്ടിയാ. അവന്റെ ഭാവി ജീവിത ഉയർച്ചയുടെ പ്രതീക്ഷ മൊത്തം അവളിലാ.

ഒരു സിനിമക്ക് പോയാലും, കല്യാണത്തിനു പോയാലും, എന്തിന് ചായക്കടയിൽ കയറിയാൽ വരെ വിളിക്കും. എടുത്തില്ലേൽ പ്രശ്നമാ പിന്നെ പിണക്കമായി, കരച്ചിലായി. ന്യൂജെൻ പെൺകുട്ടിയാണെന്നു പറഞ്ഞിട്ടൊന്നും കാര്യമില്ല, പ്രാക്ക് വരെ നടത്തും. അതുകാരണം കക്കൂസിൽ പോകുമ്പോഴും ഫോണുമായിട്ടാ പോക്ക്. അമ്മ പറയും “എന്നെങ്കിലും ഇരുപത്തിനാലായിരം കക്കൂസ് കുഴിയിൽ പോകും അന്നേ പഠിക്കൂ. നീ നന്നാവാനുള്ള ലക്ഷണമൊന്നും കാണുന്നില്ല. നിന്റെ അപ്പനൊരു നിലയും വിലയുമുള്ളത് നീയായിട്ട് ഇല്ലാതാക്കാൻ നോക്കരുത്.” അമ്മയുടെ ദിനവുമുള്ള കുറ്റപ്പെടുത്തലുകൾ. എല്ലാം കേൾക്കാൻ അവന്റെ ജീവിതം ബാക്കി.

പതിവുപോലെ അന്നും ഉറക്കമെണീറ്റതും കോൾ വന്നു. ഗുഡ് മോണിംഗ് സന്ദേശവും കിന്നുങ്ങലും കഴിഞ്ഞു. രാവിലത്തെ ആഹാരം കഴിക്കും മുന്നെ വീണ്ടും രണ്ടു തവണ കൂടി വിളി കഴിഞ്ഞു. അമ്മ അടുക്കളയിൽ നിന്നുറക്കെ വിളിച്ചു പറഞ്ഞു. “അതങ്ങു ചെകിട്ടിൽ തന്നെ ഒട്ടിച്ചുവെക്കെടാ പാവം കൈക്കു കുറച്ച് ആശ്വാസം കിട്ടും.”

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് വരുന്നതിനാൽ പിടിപ്പത് പണിയുണ്ട്. വണ്ടി സ്റ്റാർട്ടാക്കി ഗേറ്റുകടന്നതും വീണ്ടും വിളിയെത്തി. അവൻ ഫോൺ ഓണാക്കി ഹെൽമിറ്റിനിടയിലേക്ക് തിരുകി സ്വരം താഴ്ത്തി പറഞ്ഞു “പൊന്നാ ഞാൻ ഇറങ്ങിയേയുള്ളൂ, നിന്റെ കോളേജിൽ വന്നു കണ്ടിട്ടേ പോകൂ. നീ ഫോൺ വെക്ക്. ഇപ്പോഴേ താമസിച്ചു.” അവളുടെ ബായ് കേൾക്കാൻ നിൽക്കാതെ അവൻ വണ്ടിയുടെ സ്പീഡ് നിയന്ത്രിച്ചു.

മെഡിക്കൽ കോളേജ് റോഡിൽ രാവിലെ നല്ല തിരക്കാ. MBBS കാരിയെ കണ്ടില്ലെങ്കിൽ അവൾ കയറും പൊട്ടിച്ച് അവന്റെ കോളേജിലെത്തുമെന്നുള്ളത് ഉറപ്പാ. പിന്നെ വൈകും വരെ ചുമന്ന് നടക്കണം. ഇതിനെ കെട്ടിയാലെങ്കിലും നേരെയാകുമോ ആവോ. കൂടിക്കാഴ്ച്ചയും കഴിഞ്ഞ് കോളേജിലെത്തി. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി തിരക്കിട്ടു നിൽക്കുമ്പോഴാണ് അറിഞ്ഞത്, പ്രതിപക്ഷ യൂണിയൻ നേതാവിന്റെ അച്ഛൻ മരിച്ചത്. അവനിലെ ശരിക്കുമുള്ള രാഷ്ട്രീയക്കാരൻ ഉണർന്നു. എന്തായാലും പോകണം, ഓട്ടുപിടിക്കാൻ ഇതുനല്ലൊരവസരമാ. അവൻ അണികളേയും കൂട്ടി

വേ. അവന്മാരെ തീറ്റാനും കുടിപ്പിക്കാനും ചുറ്റിയടിക്കാനുമെല്ലാം എന്റെ സ്വർണ്ണമെടുത്താണല്ലേ ? എന്റെ മോളുടെ കല്യാണം വരുമ്പോൾ കൊടുക്കാൻ വച്ചതാണത്. ആരേയും തൊടീക്കാതെ. നിങ്ങൾക്കും നിങ്ങളുടെ കൂട്ടുകാർക്കും അത് ദഹിക്കില്ല. മഹാപാപികൾ. ദുഷ്ടന്മാർ. കഴുകന്മാർ” അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

രണ്ട് ദിവസം വീട്ടിൽ തമ്മിൽ തമ്മിൽ സംസാരമുണ്ടായില്ല. മകൾ മാത്രം രണ്ടുപേരേയും സമാധാനപ്പെടുത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അപ്പോഴാണ് പോസ്റ്റുമാൻ ഒരു സ്പീഡ് പോസ്റ്റ് ലെറ്റർ കൊണ്ടുവന്നത്. സണ്ണിയുടെ ഭാര്യ അത് തുറന്നുനോക്കി. അവരുടെ കണ്ണുകളിൽ അത്ഭുതം നിറഞ്ഞു. പിന്നെ കണ്ണുകൾ നിറഞ്ഞൊഴുകി. കവറിൽ പത്ത് ലക്ഷത്തിന്റെ ഒരു ചെക്കും ഒരു കത്തുമുണ്ടായിരുന്നു. കത്തിൽ എഴുതിയിരുന്നു, “പ്രിയ സണ്ണി, തൽക്കാലം നിന്റെ സാമ്പത്തിക വിഷമങ്ങൾക്ക് ഈ ചെക്ക് അയക്കുന്നു. പിന്നെ ഒരു കാര്യം, നിന്റെ മകൾക്ക് മെഡിസിനോ എഞ്ചിനീയറിംഗിനോ അവൾക്കിഷ്ടമുള്ള ഏത് കോഴ്സിനോ ചേർത്തോളൂ. ഇന്നുതൊട്ട് അവളുടെ വിദ്യാഭ്യാസവും അവളുടെ വിവാഹവും ഞങ്ങളുടെ ഉത്തരവാദിത്വം. എന്ന് നിന്റെ കൂട്ടുകാർ.” സണ്ണിയുടെ കണ്ണുകൾ നിറഞ്ഞു. അയാൾ പറഞ്ഞുപോയി, “എന്റെ കൂട്ടുകാർ.” ●

■ കവിത

## രഹസ്യം

**ഹാഷ് രമി**

കാറ്റിന്റെ തലോടലേറ്റുവാങ്ങവേ
സൂര്യകിരണങ്ങളാൽ വിടർന്നുനിന്നു
അടിത്തട്ടിൽ മധുരമാം തേൻ കണങ്ങൾ
വാനത്തിലെ മേഘങ്ങൾ പോൽ,
നൃത്തമാടുന്നു...
കൈക്കുമ്പിളിൽ കനി നുകർന്ന വർണ്ണ-
ശലഭമേ... നിൻ മൊഴികളിൽ
സംതൃപ്തമാം പുഷ്പമായി
ഇതളറ്റു വീഴാൻ ഒരുനിമിഷം കൊതിച്ചു
മണ്ണിൻ മനസ്സിൽ അലിഞ്ഞുചേരണമെന്നോളം...

നേരെ മരണവീട്ടിലേക്കു വിട്ടു.

നല്ല തിരക്കുണ്ട്, റീത്ത് വെച്ച് സങ്കടഭാവം മുഖത്ത് വരുത്തി തലയാട്ടി അവർ ആദരവു പങ്കുവെച്ചു. മരിച്ചതിനെക്കുറിച്ചൊരു ലഘു അന്വേഷണം. പിന്നെ ഒരു മൂലയിൽ പോയി ഗൗരവരീതിയിലുള്ള കൂട്ടം കൂടിയുള്ള ചർച്ച. എപ്പോഴും മരണ വീടുകളിൽ നടക്കുന്ന കൂട്ടം കൂടിയ ചർച്ചകളിൽ മിക്കവാറും നാട്ടുവർത്തമാനമോ, അടുത്തു റിലീസായ സിനിമയെക്കുറിച്ചോ ആവും വർത്തമാനം. കാണുന്നവർ മനസ്സിലാക്കാതിരിക്കാൻ മുന്നിലും, പിറകിലും കൈ കെട്ടി വട്ടത്തിൽ നിന്ന് ഇടക്കിടക്ക് തലയാട്ടലുണ്ട്, മുഖത്ത് വിഷാദ ഭാവവും.

നമ്മുടെ സംഘവും അതുപോലെ നിൽക്കുമ്പോഴാണ് അവളുടെ വിളിയെത്തിയത്

“എവിടാ?”

“കോളേജിലെ ഒരു കുട്ടിയുടെ അച്ഛൻ മരിച്ചു ഞാനവിടാ.”

“എന്നോട് പറഞ്ഞില്ലല്ലോ ?”

“പെട്ടന്നായിരുന്നു അതാ പറയാൻ കഴിയാത്തത്.”

“മരണവീടാണെങ്കിൽ നിലവിളിയൊന്നും കേൾക്കുന്നില്ലല്ലോ?”

“ഇവരൊക്കെ വലിയ ആൾക്കാരാ പോരാത്തതിന്, അവന്റെ അച്ഛൻ പാർട്ടിയുടെ ലോക്കൽ സെക്രട്ടറിയുമാണ്.”

“അങ്ങനെയുള്ളവരുടെ വീട്ടിൽ ചത്താൽ നിലവിളിക്കില്ലേ ?”

“ഇല്ല, അവർ ശബ്ദം പുറത്തു വരാതെയേ കരയൂ.”

അപ്പോഴാണ് ശക്തമായൊരു കാറ്റ് മാവിന്നിലകളെയൊക്കെ ഇളക്കിമറിച്ച് കടന്നുവന്നത്. തൊട്ടടുത്തു നിന്ന അണികളിലൊരുത്തൻ പറഞ്ഞു കടൽക്കരയിലെ കാറ്റുപോലുണ്ട്.

“ഓഹോ, കടൽക്കരയിലാ അല്ലെ ? കള്ളം പറഞ്ഞ് കടലുകാണാൻ പോയി എന്നിട്ട് മരണവീട്ടിലാണത്രെ. എന്നെ പറ്റിക്കാൻ എളുപ്പമാണല്ലോ ?”

“മുത്തേ ഞാൻ സത്യായിട്ടും മരണവീട്ടിലാ നിന്നാണെ സത്യം.”

“എങ്കിൽ ഒരു ഫോട്ടോ എടുത്ത് വിട്ടേ” എന്നു പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്തു.

അവൻ തല ചൊറിഞ്ഞുകൊണ്ട് മെല്ലെ മാറിനിന്ന് ആരും കാണാതെ മൃതദേഹത്തിന്റെ ഒരു ഫോട്ടോയെടുത്ത് വിട്ടു. കുറച്ച് കഴിഞ്ഞ് വീണ്ടും അവളുടെ കോൾ വന്നു .

“ഫോട്ടോ കിട്ടി, നെറ്റിൽ നിന്നും ഒരു മൃതദേഹത്തിന്റെ ഫോട്ടോ തപ്പിയെടുത്ത് എനിക്കയച്ചാൽ ഞാൻ മനസിലാക്കില്ലെന്നു കരുതിയോ ? എന്നെ തീരെ പൊട്ടിയാക്കാൻ നോക്കല്ലേ ? സെൽഫിയെടുത്തു വിട് സത്യമാണോന്ന് നോക്കട്ടെ”

അവൾ വീണ്ടും ഫോൺ കട്ട് ചെയ്തു. അവനാകെ അങ്കലാപ്പിലായി. പക്ഷേ വേറെ നിവർത്തിയില്ലല്ലോ, ഒരു സെൽഫിയിൽ തീരുമെങ്കിൽ അതല്ലെ നല്ലത്. വളരെ പ്രയാസപ്പെട്ട് വല്ല വിധേനയും മൃതദേഹത്തിനടുത്ത് നിന്ന് ഒരു സെൽഫി എടുത്തു. അവളുടെ ഫോണിലേക്ക് ഫോട്ടോ സെൻറ് ചെയ്തുകഴിഞ്ഞതും, മരിച്ച ആളുടെ മൂത്തമകൻ ചാടിയെണീറ്റ് ഒറ്റ അടി. “എന്റെ അച്ഛന്റെ മൃതദേഹം നിനക്ക് സെൽഫിയെടുത്ത് ആഘോഷിക്കാനുള്ളതാണോടാ നായേ.”

പിന്നെ പറയണോ, കാക്കക്കൂട്ടിൽ കല്ലിട്ട പോലെ നാലുഭാഗത്തുനിന്നും തല്ലോടു തല്ല്. അണികളും പിന്നെ ആരൊക്കെയോ ചേർന്ന് പിടിച്ചു മാറ്റി. പൊട്ടിയ തലയുമായി ആശുപത്രിയിലെത്തിച്ചു. മൊത്തത്തിലുള്ള പരിക്ക് പരിഗണിച്ച് അഡ്മിറ്റ് ചെയ്തു. അപ്പോൾ അതാ വരുന്നു കോൾ. അണികളിലൊരാൾ പറഞ്ഞു “അതാ വിളിക്കുന്നു നിന്റെ കാലൻ.” ചമ്മിയ അവന്റെ മുഖഭാവം കണ്ട് മറ്റൊരണി പറഞ്ഞു.

“എടുത്തോ എടുത്തോ അനങ്ങാൻ പാടില്ലെന്നേ ഡോക്ടർ പറഞ്ഞിട്ടുള്ളൂ, ഫോൺ ചെയ്യാൻ പാടില്ലെന്നു പറഞ്ഞിട്ടില്ല. അവൾക്കു വിഷമമാവണ്ടയെടുത്തോ.” അവൻ മെല്ലെ ഓൺ ബട്ടണിൽ വിരൽ തൊട്ടു.

“ഇത് പത്താമത്തെ കോളാ, ഫോട്ടോയും അയച്ചിട്ട് ഇത്രനേരം എവടായിരുന്നു ? സത്യം പറയണം. എന്തായിരുന്നു ഫോണെടുക്കാതെ അവിടെ പരിപാടി. മരണവിഷമം തീർക്കാൻ കുപ്പി പൊട്ടിച്ച് എല്ലാരും കൂടുകയായിരുന്നിരിക്കും അല്ലെ ? ഞാൻ പറഞ്ഞിട്ടുണ്ട് കഴിക്കുന്നതെനിക്കിഷ്ടമില്ലെന്ന്. സത്യം പറയണം എന്തായിരുന്നു ഇത്ര നേരം ?”

“ടീ നിന്നെ വിശ്വസിപ്പിക്കാൻ മൃതദേഹത്തെചേർത്ത് സെൽഫി എടുത്തതിന് എല്ലാവരും കൂടി എന്നെ തല്ലി റെഡിയാക്കി. ഞാനിപ്പോൾ ജനറൽ ആശുപത്രിയിലാ.”

“പിന്നെ ... പിന്നെ .. പുതിയ നുണയുമായി വന്നിരിക്കുവാ. ശരി ആശുപത്രീലാണേൽ ഒരു സെൽഫി വിട്ടേ കാണട്ടെ കണ്ടാലേ ഞാൻ വിശ്വസിക്കൂ.”

ഒത്തിരി വേദനകൾ കണ്ടും, മരുന്നുകളുടെ ഗന്ധംപേറിയും, താങ്ങാൻ ചുമലായ്നിന്നും വൃത്തിഹീനമാക്കപ്പെട്ട ആശുപത്രി ചുമരിലേക്ക് അവൻ ഫോൺ ആഞ്ഞെറിഞ്ഞു. അവ മോക്ഷം നേടിയതുപോലെ പല ഭാഗങ്ങളായി ചിതറിത്തെറിച്ചു. അണികളിലൊരാൾ ഉറക്കെപ്പറഞ്ഞു “എടാ അളിയാ ഇനി നീ രക്ഷപ്പെടും തീർച്ച.”

അപ്പോൾ ആരോ തിരഞ്ഞെടുത്തു കൊടുത്ത സിമ്മ് അവന്റെ പല്ലുകൾക്കിടയിലിരുന്നു ഞെളിപിരി കൊള്ളുന്നുണ്ടായിരുന്നു.

●


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.

# ഒരു മയിൽപ്പീലി സ്പർശം



ജിഷ രതീഷ്
9744481778

**അ**സ്തമയ സൂര്യനോടൊപ്പം എന്റെ വേദനകളും മാഞ്ഞെങ്കിൽ, കടലിലെ തിരമാലകൾ ആർത്തലച്ചു കരയിലേക്കടുത്തുകൊണ്ടിരിക്കുന്നു. പക്ഷെ അവയൊന്നും എന്റെ മനസ്സിലെ തിരമാലകളോടൊപ്പമെത്തില്ല.

ആരുടെയൊക്കെയോ കാൽപ്പാടുകൾ പതിഞ്ഞ മണൽത്തരികൾ. അവയൊക്കെ ഓടിവന്ന് മായ്ച്ചുകളയുന്ന തിരമാലകൾ.

അവയിൽ നിന്നും വേറിട്ട കാൽപ്പാടുകൾ, ഇതുവരെ തിരമാല അതിനെ സ്പർശിച്ചിട്ടില്ല. ജീവിതത്തിൽ വിജയിച്ചവന്റെ കാൽപ്പാടുകളാവാം അത്.

ഞാൻ ജീവിതത്തിൽ പകുതിക്ക് വച്ചുതന്നെ പരാജയപ്പെട്ടിരിക്കുന്നു. തലയോട്ടിൽ സൂചികൾ കുത്തിക്കേറുന്ന വേദന. എന്നെ ഈ തിരമാലകൾ പുൽകിയെങ്കിൽ., എനിക്കൊപ്പമേ എന്റെ വേദനകളും അവസാനിക്കൂ... മെല്ലെ ഓരോ കാലടിയും തിരമാലകളോട് ചേർത്തു മുന്നോട്ട് നടന്നു.

''അണ്ണാ .. അഴകാർക്ക് ലെ.. വേണമാ?'' ആ ചോദ്യം എന്റെ കാലുകളെ തടഞ്ഞു. ആ ചോദ്യം ഒരു നിമിഷം എന്റെ വേദനകൾ മായ്ച്ച പോലെ.

ഒരു കൂട്ടം മയിൽപ്പീലി തണ്ടുകളുമായ് പുഞ്ചിരിയോടെ നിൽക്കുന്ന അവനെ അൽപം ദേഷ്യത്തോടെ നിരുത്സാഹപ്പെടുത്തുന്ന വിധം ഞാൻ നോക്കി. എന്റെ നോട്ടത്തിൽ തന്നെ ഞാനതിൽ നിന്ന് ഒന്നു പോലും വാങ്ങില്ലായെന്നവന് തോന്നിക്കാണണം. എന്നിട്ടും അവന്റെ മുഖത്തെ പുഞ്ചിരി മാഞ്ഞിട്ടില്ല.

''എന്ന കടലമ്മാവെ പാക്കിറത്ക്ക് ആസയാ.. ഇങ്കെ ഇര്ന്ത് പേസ് അമ്മാ എല്ലാം കേട്ട് മറുപടി സൊല്ലും.''

ഞാനവനെ ഒന്നു നോക്കി..

''നീങ്ക റൊമ്പ സങ്കടത്തിലാ. എന്നാ അമ്മ അടിച്ചാങ്കളാ.''

അവന് ഈ കുഞ്ഞു ജീവിതത്തിൽ ഏറ്റവും സങ്കടം തോന്നീട്ടുള്ളത് അമ്മയുടെ തല്ലു കൊള്ളുമ്പോഴാവാം. അവന്റെ ചോദ്യം എന്റെ മുഖത്ത് കുഞ്ഞു പുഞ്ചിരി വരുത്തിച്ചു. പക്ഷെ അവനൊരു മറുപടി കൊടുക്കാൻ അപ്പോഴും എന്റെ മനസ്സ് പാകപ്പെട്ടില്ലായിരുന്നു.

''നീങ്ക റൊമ്പ സീരിയസ്, എന്ന സിരിക്കവേ ഇല്ലിയാ''

ഇതേ ചോദ്യം എന്നോട് പലരും ചോദിക്കാൻ തുടങ്ങിയിട്ട് ദിവസങ്ങളായി. ചിരിക്കാൻ അവകാശമില്ലാത്തവനാണ് ഞാൻ. കുഞ്ഞിലെ അച്ഛനും അമ്മയും ഒറ്റയ്ക്കാക്കി പോയപ്പോൾ ജീവിതത്തിൽ തോറ്റു പോയവനാണ് ഞാൻ. നീലിമ അവളെന്റെ ജീവിതത്തിലെത്തിയപ്പോഴാണ് ചിരി എന്താണെന്നും സന്തോഷമെന്താണെന്നും അറിഞ്ഞത്. പക്ഷെ എന്റെ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ തന്നെ അവൾ പരാജയപ്പെട്ടിരിക്കുന്നു.

''എന്ന യോസിക്കിരീങ്കെ.. എന്ന സിരിപ്പ് വരവെയില്ലയാ ഉങ്ക മൊഹത്തില്.. എന്ന മാതിരി സന്തോഷമാ ഇരിക്കങ്കെ.. ഇന്ത മയിൽപീലി പോലെ സിരിച്ച് കിട്ടെ ഇരി. യേൻ അമ്മാ മൊഖത്തില് എപ്പവും സിരിപ്പ് താൻ''

അവന്റെ സംസാരം, ചിരി, കണ്ണുകൾ ഒക്കെത്തിനും ഒരു പ്രത്യേകതകളുണ്ട്, ആകർഷണമുണ്ട്.

''ഉങ്കള്ക്ക് കൊളന്ത ഇരിക്കാ''

അവന് ഒരായിരം ചോദ്യങ്ങളുണ്ട്. എന്റെ പക്കൽ ഒന്നിനും മറുപടിയില്ല. നീലിമ ഒരു കുഞ്ഞിന് വേണ്ടി അഗ്രഹം പ്രകടിപ്പിച്ച് തുടങ്ങിയിരിക്കുന്നു. പല കാരണങ്ങൾ പറഞ്ഞ് അവളെ അകറ്റി നിർത്താൻ തുടങ്ങിയിട്ട് മാസങ്ങളായി.

രോഗവിവരം അറിഞ്ഞതു മുതൽ അവളിൽ നിന്നും ഒരകലം പാലിക്കുന്നുണ്ട് ഞാൻ. അതെന്തിനാണെന്ന് എനിക്കു പോലുമറിയില്ല. തലയെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന കാൻസർ എന്ന മഹാമാരി എന്നെ കൊണ്ട് ചെയ്യിപ്പിക്കുന്നതാവും.

ആയുർരേഖയ്ക്ക് ചുവപ്പു വര വീണിരിക്കുന്നു. ഇനി ഒന്നിനും ആഗ്രഹിക്കാൻ പാടില്ല. ഒരു സങ്കടം മാത്രം. തന്റെ നല്ല പാതിയെ ഉപേക്ഷിക്കണമല്ലോ, ഇനിയൊരു കുഞ്ഞിനെ കൂടി... വേണ്ട.

''എന്ന കൊളന്ത ഇരിക്കാ ഇല്ലയാ. യേൻ യോസിക്കിറേ..''

''ഇല്ല''

''എന്ന പുടിക്കലയാ...''

അതിനു മറുപടിയായ് അവനു ഞാനൊരു പുഞ്ചിരി നൽകി. തലയ്ക്കുള്ളിൽ വല്ലാത്ത വേദന. എന്റെ മുഖഭാവം കണ്ടിട്ടാകണം അവന്റെ അടുത്ത ചോദ്യം.

''എന്ന ഉങ്കള്ക്ക് ഉടമ്പ് സരിയില്ലയാ.''

''ഇല്ല കുട്ടി, ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ എണ്ണിക്കൊണ്ടിരിക്കുന്നു. ആയുസിന്റെ കണക്കു പുസ്തകത്തിൽ ഇനി അധികം നാളുകളില്ല.''

''എന്ന സാർ അന്തമാതിരി പേച്ച്. എന്ന ഉങ്കള്ക്ക് മരണം ന്നാ ഭയമാ...''

''ഭയം അല്ല മരണത്തെ ഭയമില്ലെനിക്ക്. ജനിച്ചാൽ ഒരുനാൾ മരണമുണ്ട്. അത് സത്യമാണ്. പക്ഷെ ജീവിതം ഏറെ മോഹിക്കുന്നു ഞാനിപ്പൊ. ന്റെ നീലിമയെ തനിച്ചാക്കി...''

"മരണത്തെ ഭയക്കക്കൂടാത് യേൻ അമ്മ എങ്കിട്ടേ സൊല്ലിയിര്ക്ക്. സിരിച്ച് കിട്ടേ ഇരി. അത് താ അഴക്. ഉങ്ക പൊണ്ടാട്ടി റൊമ്പ പാവം. അവങ്കള കണ്ണ് നനയ്ക്കക്കൂടാത്. ഉങ്കള്ക്ക് ഒന്നും ഇല്ലിയേ. നീങ്ക റൊമ്പ നാൾ അവങ്കകൂടെ സേർന്ത് വാഴും.. ഉങ്കള്ക്ക് ആഴകാന കൊളന്ത പുറക്കും.

മരണത്തെ പറ്റി യോസിക്കവേ വേണ്ട. നീങ്കളെ കടവുള്ക്ക് പുടിക്കവേ ഇല്ലൈ. അതിനാലെ ഉന്ന കൂപ്പിടവേ മാട്ടെ. എന്ന ഇപ്പ സിരി വര്താ.."

ഒരു ജ്ഞാനിയെ പോലെ എന്റെ ജീവിതത്തിന്റെ ഭാവി അവനെന്നെ കേൾപ്പിച്ചു. പുഞ്ചിരിച്ച മുഖത്തോടെ അവനൊരു മയിൽപ്പീലി തണ്ട് എന്റെ മുഖത്തോട് ചേർത്ത് വച്ചു. അപ്പോൾ അവന്റെ മുഖത്ത് ഒരു സൂര്യ തേജസുണ്ടായിരുന്നു. ആ തലോടൽ ഞാനൊരുപാട് നേരം ആസ്വദിച്ചു.

തലയിലെ സൂചി കുത്തുന്ന വേദന മെല്ലെ വിട്ടൊഴിഞ്ഞ പോലെ. കണ്ണ് തുറക്കാനെ കഴിയുന്നില്ല. പക്ഷെ അകക്കണ്ണിൽ ഞാൻ കാണുന്നുണ്ടായിരുന്നു. ഒരു കാൽപ്പാടിനു ചുറ്റും നൃത്തം വയ്ക്കുന്ന മയിൽ പീലികളെ... ഒരു സ്പർശം കൊണ്ട് വേദനകളകറ്റുന്ന മയൂരത്തെ.

ഒരു മയിൽ പീലി തണ്ടു കൊണ്ട് മായാജാലം കാട്ടി അവനെങ്ങോ പോയി..

"അച്ഛാ... ഇവിടെ വച്ചാണോ ആ കുട്ടിയെ കണ്ടെ... നിറയെ മയിൽ പീലികളുണ്ടായിരുന്നോ കയ്യിൽ."

"അതെ മോളെ, അച്ഛന് ധൈര്യം പകർന്ന് വേദനകളിൽ നിന്നും, മരണത്തിൽ നിന്നും ചിരിച്ചു കരകയറാൻ പഠിപ്പിച്ച മയൂരം. അവൻ ഇവിടെ തന്നുണ്ടാവും."

തലയിലെ കീറി മുറിച്ച പാട് അയാൾ മെല്ലെ തടവി... പെട്ടെന്ന് തെക്കു നിന്നും വീശിയ കാറ്റിനൊപ്പം ആയിരം മയിൽ പീലികൾ പാറി വന്ന് അയാളുടെ മുറിപ്പാടിനെ തഴുകി... ഒപ്പം തിരകൾ സ്പർശിക്കാത്ത ഒരു കാൽപ്പാടും മണൽത്തരികളെ പുൽകി.

●



# അഭിപ്രായങ്ങളും പ്രതികരണങ്ങളും

## അഭിപ്രായവ്യത്യാസങ്ങളും ഒത്തുതീർപ്പും

സുമാർ 130 കോടി ജനങ്ങളുള്ള ഈ ഭൂമിയിൽ മനുഷ്യർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ സാധാരണമാണ്. പ്രായം, അനുഭവം, മനസ്ഥിതി, ചുറ്റുപാട് ഇവയെല്ലാത്തിനും പുറമെ ജീവിതയാത്രയിൽ അറിഞ്ഞും അറിയാതേയും വലിച്ചുകൂട്ടിയ 'സംസ്കാരങ്ങൾ' (Acquired Compulsory Behavioural Traits) എന്നിവ വേറെയല്ലെ ? സംസ്കാരങ്ങൾ എന്ന പദത്തിന് ചെറുവ്യാഖ്യാനം ഉപയോഗപ്രദമാണ്. (പരേതൻ ശ്രീ എക്ണത്ത് ഈശ്വരന്റെ ബഹുമൂല്യ കൃതികളിൽ നിന്ന് മനസ്സിലാക്കിയത്) ഒരേ ദൃശ്യത്തെ പത്തുപേർ പത്തുവിധത്തിൽ മനസ്സിലാക്കി തർക്കിക്കുന്നതിന്റെ മൂലകാരണം ഇത്തരം സംസ്കാരത്തിലെ വ്യത്യാസങ്ങളാണ്. ഓരോ സംഭവം, പെരുമാറ്റം, വാക്കുകൾ എന്നിവയെ തൽസമയം വ്യാഖ്യാനിക്കുന്നത് നമ്മുടെ ചഞ്ചലവും മാറിക്കൊണ്ടിരിക്കുന്നതുമായ മനസ്സാണെന്ന് നാം അറിയുന്നില്ല. മനുഷ്യമനസ്സിനെക്കുറിച്ച് ബുദ്ധൻ വ്യക്തമാക്കിയതാണ്. 'കള്ള് കുടിച്ച കുരങ്ങനെ തേൾ കൊട്ടിയ/കുത്തിയതു'പോലെ എന്ന് !

എല്ലാ വിഷയത്തിലും, എല്ലാ സമയത്തും, എല്ലാവർക്കും ഒരേ അഭിപ്രായം ഉണ്ടാവണമെന്ന് പ്രതീക്ഷിക്കുന്നത് ഉചിതമല്ല. എന്നാലും തമ്മിലെ അഭിപ്രായങ്ങളിൽ 'അജഗജാന്തരം' ഇല്ലാതിരിക്കുന്നത് ശാന്തിവർദ്ധകം അല്ലെ? (ഇതും പ്രത്യേകിച്ച് ഒരു കുടുംബാംഗങ്ങളിൽ!) ചെറു ചെറു വിഷയങ്ങളിൽ, ചെറു അഭിപ്രായ വ്യത്യാസങ്ങൾക്ക് ഊന്നൽ കൊടുക്കാതിരിക്കുന്നത് ഉപകാരപ്രദമാണ്.

ഒരു പ്രധാന സത്യം എപ്പോഴും ഓർമ്മ വേണം. അഭിപ്രായഭേദമുള്ളവർ ശത്രുക്കളല്ല! അവരുടെ ഈ അഭിപ്രായത്തിലെ അന്തരം/ വ്യത്യാസമാണ് വാസ്തവത്തിൽ അവരുടെ ശത്രു. അന്യോന്യം ശത്രുഭാവത്തിൽ, ചേർന്നു ചിന്തിക്കാതെ, 'ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്' എന്നുശഠിച്ച് തർക്കിക്കുകയാണെങ്കിൽ ക്ഷമക്കെട്ട് ഒട്ടും തന്നെ വിട്ടുകൊടുക്കാൻ ഒരുക്കമില്ലാതെ, കാര്യങ്ങളെ കൂടുതൽ വഷളാക്കുകയാണ് നാം ചെയ്യാറ് ! മറിച്ച് സമാധാനം കണ്ടെത്താൻ ഒരുക്കമുണ്ടെങ്കിൽ, രണ്ടു കക്ഷികളും ഒരുമിച്ച്, ശത്രുവായ ആ അഭിപ്രായ വ്യത്യാസത്തെ, ക്ഷോഭിക്കാതെ, ശാന്തമായി ചേർന്ന് പരിശോധിക്കുന്ന പക്ഷം, കാര്യമായ ഏത് പ്രശ്നത്തിനും ഒത്തുതീർപ്പ് സാധ്യമാണ്. (എക്ണത്ത് ഈശ്വരന്റെ Bhagavad Gita for daily living, Vol II പേജ് 405 - 415ൽ നിന്നു സാരാംശം)

അന്യോന്യം മുഷിച്ചിലുണ്ടാക്കി, മനസ്സമാധാനം നശിപ്പിക്കാൻ കഴിവുള്ള അഭിപ്രായവ്യത്യാസങ്ങളെ തീർത്ത് ശാന്തി സ്ഥാപിക്കാൻ സഹായിക്കുന്ന വഴികളെ താഴെ കൊടുക്കുന്നു.

1. ഒത്തു തീർപ്പുണ്ടാക്കാൻ വേണം ആത്മാർത്ഥമായ ഇച്ഛ. ഇത്തരം ശാശ്വതമായ ഒത്തുതീർപ്പ് പുറമെ നിന്ന് അടിച്ചേൽപ്പിക്കാൻ അസാധ്യം തന്നെയാണ് !
2. വ്യത്യസ്ത അഭിപ്രായത്തെ ക്ഷമയോടെ കേൾക്കാൻ ഒരുക്കം.
3. അന്യോന്യം സ്നേഹത്തോടെ, ബഹുമാനത്തോടെ, ശാന്തമായി തുറന്ന ചർച്ച.
4. അഭിപ്രായവ്യത്യാസത്തെ ശത്രുവായി കരുതി, ഇരുകൂട്ടരും മറുപക്ഷത്തിൽ ചേർന്നിരുന്നു കൂടിയാലോചിക്കൽ. ഇവിടെ രണ്ടുപേർക്കും ജയം, തോൽവി എന്നത് അവരുടെ അഭിപ്രായവ്യത്യാസത്തിന് (അതായത് പ്രശ്നത്തിന്) !
5. നമ്മുടെ അഭിപ്രായത്തെ രൂപീകരിക്കുന്നത് അതുവരെ ലഭിച്ച സൂചനകളുടെ ആധാരത്തിലായതിനാൽ കൂടുതൽ കിട്ടിയ അറിവ്/സൂചന കാരണം അഭിപ്രായത്തെ മാറ്റുന്നതിൽ (ഭേദഗതി വരുത്തുന്നതിൽ) ഒരുവിധ മാനഭംഗം/അപമാനം ഇല്ലെന്ന് സ്പഷ്ടമല്ലെ ?
6. രണ്ടുപേരും മുൻതീർപ്പില്ലാതെ, മുരട്ടിപ്പിടിത്തം കൂടാതെ, ബഹളമുണ്ടാക്കാതെ വിചാരകൈമാറ്റം ചെയ്യാൻ ഒരുങ്ങിയാൽ ഒത്തുതീർപ്പിലെത്താൻ കഴിയാത്ത പ്രശ്നങ്ങൾ തീരെയില്ലാതാവും എന്നത് തീർച്ചയാണ്.

എം. എം. മേനോൻ
0491 6451469, 0491 2572939

ബഹുമാനപ്പെട്ട ഏക തത്ത്വ പത്രാധിപർ മുരളീധരൻ സാർ,

ഏപ്രിൽ മാസത്തെ ഏക തത്ത്വ കിട്ടിയ ഉടനെ എനിക്ക് വന്ന ഫോൺ ഒറ്റപ്പാലത്ത് നിന്നാണ് – ഒരു സ്ത്രീ, അവിടുത്തെ പോസ്റ്റുമാസ്റ്റർ. അവരെ 'ഒഴുകി ഓടും തപാൽ ഓഫീസ്' എന്ന എന്റെ ലേഖനം ആകർഷിച്ചതാണ് കാരണം. അത് ഇപ്പോൾ എങ്ങിനെ, എവിടെ എന്നെല്ലാം 'നെറ്റിൽ' നോക്കി കണ്ടുപിടിച്ച് വീണ്ടും വിളിച്ചു നന്ദി പറയുവാൻ.

മഞ്ചേരിയിലെ മൂന്നു പോസ്റ്റ് ഓഫീസിൽ നിന്നും വിളിവന്നു. ഇവിടെ മാർക്കറ്റിൽ ഏക തത്ത്വ വില്പനക്കെത്തുന്നില്ല. എന്റെ കോപ്പി ഞാൻ മേലാക്കം പോസ്റ്റ് ഓഫീസിൽ കൊടുത്തു. അതിനാൽ ഒന്നുരണ്ടു പ്രതി അയച്ചുതന്നാൽ ഉപകാരം. പ്രോത്സാഹനങ്ങൾക്ക് നന്ദി, വണക്കം.

ടി. ജെ. നായർ
മഞ്ചേരി
9446630412

പ്രിയ മുരളിക്ക്

ഏക തത്ത്വ സമയത്തിന്നു കൈയ്യിലെത്തിച്ചതിനു നന്ദി. പതിവുപോലെ നല്ലെഴുത്തുകൾ ധാരാളം. സുരേഷ് തെക്കീട്ടിൽ, ഉണ്ണികൃഷ്ണൻ സർ, ദേവഭൂമി ഒരു സ്വപ്നമെന്നോണം മുന്നിലെത്തുന്ന ഈശ്വർ കുമാർ സാറിന്റെ വിവരണങ്ങൾ. അത്ഭുതപ്പെടുത്തുന്ന രീതിയിൽ ചെറുവിശദാംശങ്ങൾ പോലും ഓർത്തുവെച്ച് മുക്കം ഭാസി സാറിന്റെ വിവരണം...

പറയാതെ വയ്യ എന്നു തോന്നിയതുകൊണ്ട് ചില കാര്യങ്ങൾ എഴുതട്ടെ. "എനിക്കു പറയാനുള്ളത്" അൽപം മനുഷ്യത്വം മനസ്സിൽ സൂക്ഷിക്കുന്ന ഓരോ പൗരന്റേയും മനസ്സാണ്, വിചാരങ്ങൾ ആണ്. വിഷയബാഹുല്യം മാറ്റി മൂർച്ചകൂട്ടിക്കൂടെ? വിജ്ഞാനച്ചെപ്പിലെ സൈനിക സേവനങ്ങളും സവിശേഷതകളും എന്ന ലേഖനം ഒരു സാധാരണക്കാരന്റെ സംശയങ്ങൾക്ക് അറുതി വരുത്തുന്ന ഒന്നാണ്. ഡോ. പ്രമോദിനു നന്ദി. എന്നാൽ അല്പ്പം ഖേദത്തോടെ തന്നെ പറയട്ടെ. ഓഫീസർ റാങ്കിനു താഴെ ഉള്ളവരെ പ്രതിപാദിച്ചതിൽ അല്പ്പം അപാകതയുണ്ട്. ഒരുപക്ഷേ സൈന്യത്തിന്റെ മൊത്തം മനോധൈര്യത്തെ ബാധിക്കുന്ന ഒരു പ്രശ്നം തന്നെ ആണത്. കൊളോണിയലിസത്തിന്റെ ബാക്കിപത്രങ്ങൾ ഇന്നും നിലനില്ക്കുന്നുണ്ടെങ്കിലത് സായുധസേനയിൽ ആണ്. ഓഫീസർമാരും അല്ലാത്തവരുമായുള്ള വിടവ് ഭീമമാണ്. അനുശാസനങ്ങൾക്ക് പ്രാധാന്യമേകുന്ന സേനയിൽ ഈ കാര്യത്തിൽ ഒരു ചേരിതിരിവു നിലനിന്നു പോരുന്നുമുണ്ട്. അംഗീകരിക്കാൻ പലരും വൈമനസ്യം കാട്ടുമെങ്കിലും അതൊരു സത്യം മാത്രം. നാവികസേനയിലും വ്യോമസേനയിലും വളരെ വ്യക്തമായ രീതിയിൽ ഈ ചേരിതിരിവനുഭവവേദ്യമാണെന്ന് ജീവിതത്തിലെ ഒരു വലിയ കാലയളവു നാവികസേനയിൽ ചിലവഴിച്ച ലേഖകന് ആധികാരികമായി പറയാനാവും. ഒരു പരിധിവിട്ട് വളരാൻ ഈ രണ്ടു വിഭാഗത്തിലേയും സൈനികർക്കാവില്ല എന്നതാണു യാഥാർത്ഥ്യം.

ഒരു സംശയത്തിന്നു കൂടി അറുതി വരുത്തട്ടെ. ഏലി, ഏലി.. ലാമ സബക്താനീ എന്നത് യേശുവിന്റെ അരാമിക് ഭാഷയിലുള്ള അവസാന വാക്കുകൾ ആണ്. ദൈവമേ നീ എന്നെ കൈവിട്ടതെന്തിന് എന്നാണാ ചോദ്യം. അരാമിക് ഇസ്രായേലിൽ പ്രചാരമുള്ള ഭാഷയായിരുന്നു അക്കാലത്ത്. എന്നാൽ അതു ഹീബ്രു ഭാഷയാണെന്ന് വാദിക്കുന്നവരും ഉണ്ട്.

നല്ല ലേഖനങ്ങളും നല്ലഭാഷയും. ഉള്ളടക്കങ്ങൾ കൊണ്ട് ഏക തത്ത്വ സഹൃദയമനസ്സുകൾ കീഴടക്കട്ടെ എന്നാശംസിക്കുന്നു.

പ്രമോദ് മഞ്ചേരി,
9495607393

പ്രിയ മുരളിസാർ,

ഏക തത്ത്വ മാർച്ച് മാസത്തെ മുഖചിത്രം ഗംഭീരം. ഒരു മുഖചിത്രം ഒത്തിരി ആശയം കൈമാറുന്നു. അടിക്കുറിപ്പുകൾ അതിഗംഭീരം. പ്രളയത്തേയും വേനലിനേയും പേടിയില്ല, ചില മനുഷ്യരെ പേടിക്കണം. സത്യമാണ്. കഥകൾ, കവിതകൾ, ലേഖനങ്ങൾ ഇവയൊക്കെ എടുത്തു പറയേണ്ടവയാണ്. ധാരാളം പ്രാവശ്യം എഴുതിയിട്ടുണ്ടെങ്കിലും ഒന്നും കൂടി എടുത്തുപറയട്ടെ, താങ്കളുടെ നിരീക്ഷണങ്ങൾ കൃത്യമാണ്. പക്ഷെ സത്യം പറയുന്നത് സമൂഹം ഇഷ്ടപ്പെടുന്നില്ല. അതാണ് സത്യം. സത്യം പലപ്പോഴും മൂടി വെയ്ക്കപ്പെടുകയാണ്. അസത്യം അരങ്ങ് വാഴുന്നു. നിലവിലെ രാഷ്ട്രീയ സാമൂഹിക അവസ്ഥയെ നന്നായി മനസ്സിലാക്കി പ്രതികരിക്കുക എന്നത് വളരെ വലിയ കാര്യമാണ്. ആർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഞാനത് ചെയ്യും എന്ന് പറയുന്നിടത്താണ് ധീരത. രാജ്യസ്നേഹം. അത് മനസ്സിലാക്കുന്നവർ മനസ്സിലാക്കുന്നുണ്ട്. എഴുതി തുടങ്ങുന്നവരും എഴുതി തെളിഞ്ഞവരും ഏക തത്ത്വയിൽ ഇടം പിടിക്കുന്നുണ്ട്. അത് അഭിനന്ദനീയമാണ്. എല്ലാ മേഖലകളിലും ലാഭക്കൊതിയും സ്വാർത്ഥതയുമാണ്. ഏക തത്ത്വ പേരുപോലെത്തന്നെ തത്ത്വത്തിൽ തന്നെ ഉറച്ചുതന്നെ നീങ്ങുന്നു എന്നത് അഭിമാനകരം. മറ്റൊന്ന് വ്യത്യസ്ത പുലർത്തുന്ന നിരവധി ലേഖനങ്ങൾ മാസികയുടെ ശോഭ വർദ്ധിപ്പിക്കുന്നു. സ്തുതി പാടലല്ല. സത്യം പറയട്ടെ, ലക്ഷണമൊത്തൊരു പ്രസിദ്ധീകരണമായി ഏക തത്ത്വ മാറിക്കഴിഞ്ഞു. അതിനുപിന്നിൽ താങ്കളുടെ അക്ഷീണ പ്രയത്നം തന്നെ. ആശംസകൾ, അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം
ടി. വി. ഹരികുമാർ,
9446118387

പ്രിയപ്പെട്ട മുരളി

'പ്രളയത്തേയും വേനലിനേയുമല്ല പേടിയ്ക്കേണ്ടത് മനുഷ്യരെയാണ്' – മനുഷ്യരെ മാത്രം. 'സത്യധർമ്മാദിവെടിഞ്ഞീടിനപ്പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാൾ ഏറ്റവും പേടിക്കേണം' എന്നാണ് ശകുന്തളവാക്യം. ഉള്ളിൽ വിഷം നിറച്ച് മുഖത്ത് കോളിനോസ് ചിരിയുമായി നടക്കുന്നവരല്ലെ അധികവും. ഭസ്മാസുരന്മാർ !

മുരളി മൂത്തേടത്തിന്റെ ചരിത്രാന്വേഷണത്വര അഭിനന്ദനാർഹം. ഡോ. ഒ. സി. പ്രമോദിന്റെ 'ഇന്ത്യൻ സൈനിക സേവനങ്ങളും സവിശേഷതകളും' പട്ടാളത്തിന്റെ ഉൾത്തടങ്ങളിലേയ്ക്കുള്ള ഒരു ടോർച്ചടിയായി. വിജ്ഞാനപ്രദം.

പ്രേം മധുസൂദനന്റെ കഥ 'ഇരുണ്ടുപോയ വെളിച്ചങ്ങൾ' ഒരു നൊമ്പരപൂവായി മനസ്സിൽ വാടി നിന്നു. അരവിന്ദൻ സാറിന്റെ ഗാനങ്ങൾ മരണമില്ലാത്ത റൊമാന്റിസത്തെ, തഴുകി തടവി ഒരു കുളിർ തെന്നലായി രൂപാന്തരപ്പെട്ടു. നന്ദനയുടെ 'അ

മ്മിണിയും കിങ്ങിണി'യും എന്ന മിനിക്കഥയിൽ നാമെല്ലാം മനസ്സിലാക്കേണ്ട ഒരു വലിയ കഥയുണ്ട്. അജയ് ബാലചന്ദ്രന്റെ 'ഉപ്പുമാവ്' രുചികരം !

കഴിഞ്ഞലക്കം 'എന്റെ അഭിനയസ്മരണകളി'ലെ ഒന്നു രണ്ടു തെറ്റുകൾ ചൂണ്ടിക്കാണിയ്ക്കട്ടെ. കൂക്കി പറമ്പ് ബസ്സപകടമല്ല, പൂക്കി പറമ്പ് ബസ്സപകടമാണ്. നമ്പൂതിരിയുമായുള്ള കാര്യസ്ഥൻ രാമന്റെ സംഭാഷണത്തിൽ 'റാൻ' എന്നാണ് വേണ്ടത്. ഓൻ എന്നല്ല. രണ്ടു മൂന്നു സ്ഥലത്ത് അത് ആവർത്തിച്ചതായി കാണുന്നു !

ഏക തത്ത്വയിലെ എല്ലാ എഴുത്തുകാർക്കും എന്റെ ആശംസകൾ.

സസ്നേഹം
മുക്കം ഭാസി, 9846138693

പ്രിയപ്പെട്ട മുരളിസാർ,

ഏക തത്ത്വ കിട്ടി. വളരെ സന്തോഷം. പുസ്തകനിരൂപണം ഈ ലക്കത്തിൽ ഭംഗിയായി ചേർത്തിരിക്കുന്നു. വളരെ സന്തോഷം. താങ്കളുടെ സ്നേഹത്തിനും കരുതലിനും കടപ്പാടറിയിക്കുന്നു. സന്തോഷം. രചനകൾ എല്ലാ മാസത്തേയും പോലെ ഗംഭീരം. ഇലക്ഷൻ മാമാങ്കം നടക്കുവാൻ പോകുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഇലക്ഷൻ. പൊതുജനത്തിന് വിലയുണ്ടാവുന്ന ഒരേയൊരു സംഭവം ഇലക്ഷൻ മാത്രമാണ്. പക്ഷെ പലപ്പോഴും ജനങ്ങൾ സാർ ചൂണ്ടിക്കാണിച്ച യജമാന ഭക്തിയുള്ള നായയെപ്പോലെയാണ്. മറ്റൊന്ന് അണികളോ ഭാരവാഹികളോ പോലും കോറം തികയാത്ത ചില പാർട്ടികൾ പോലും ഇലക്ഷൻ ഉത്സവമാക്കുന്നു. എന്തിന് ? അവിടെ സാർ പറഞ്ഞ കാര്യത്തിന് പ്രസക്തിയുണ്ട്. പത്തുപണം സമ്പാദിക്കുന്ന ഒന്നായി ഇലക്ഷൻ മാറിയെന്നത്. പൊതുജനം വസ്തുതകൾ പഠിച്ച് സമ്മതിദാനാവകാശം വിനിയോഗിക്കണം. അതാണ് ശരി.

പിന്നെ ഈയിടെ ധാരാളം ലേഖനങ്ങൾ കാണുന്നു. നല്ലത്. ലേഖനങ്ങൾക്ക് വളരെ പ്രസക്തിയുണ്ട്. കഥ, കവിത ഇവയ്ക്കൊപ്പം ലേഖനങ്ങളും വരട്ടെ. നന്നായി. നന്മ. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര 9446118387



# എല്ലാം ഒരു സ്വപ്നം പോലെ !



**കൃഷ്ണ എഴക്കാട്**
**9847469166**

**പൗ**ർണമിരാവ്. മാഞ്ചേരി കുന്നിലെ പാറപ്പുറത്തു നിലാവും കണ്ട് കിടക്കുകയാണ് വാസുദേവൻ. മൂന്ന് മൂർത്തി കുളത്തിലെ ഈറനുടുത്ത കാറ്റ് അവനെ തലോടി. കണ്ണുകൾ താനേ അടയുന്നു. ണിം ണിം ണിം. ദീപാരാധനയുടെ മണിയൊച്ചയാണ്. ഞെട്ടിയുണർന്നു.

എറിഞ്ഞുടക്കുന്ന നാളികേര തുണ്ടിനായി കലപില കൂട്ടുന്ന കുട്ടികളിൽ ഒരാളായി വാസുവും വെളിച്ചപ്പാടിന്റെ കൂടെ വലം വെക്കൽ പ്രസാദമായി കിട്ടുന്ന പായസത്തിനായി ഒരു തിക്കും തിരക്കും.

എല്ലാം കഴിഞ്ഞു വീടെത്തുമ്പോൾ കോലായില് കിടന്നു അച്ഛൻ ഉറങ്ങുന്നത് കാണാം. അച്ഛനോടൊപ്പം ചേർന്നുകിടന്ന് കൂർക്കം വലിയുടെ താളം കേട്ട് കേട്ട് അവനും ഉറക്കമാവും .

അല്ലാതെ അവനെ കാത്തിരിക്കുവാൻ സ്നേഹത്തോടെ ഭക്ഷണം നല്കാൻ കഥകൾ പറയാൻ ആരാണുള്ളത്?

എവിടെയോ തന്റെ 'അമ്മ' ഉണ്ട്, ആരുടെയോ കൂടെ. അതാണ് സങ്കടവും. അച്ഛനെയും തന്നെയും ഇട്ടുപോകാൻ മാത്രം എന്തുണ്ടായി? അപ്പൊ അത്രക്കെ ഉള്ളൂ?

സങ്കടം മറക്കാൻ വായനശാലയിൽ പോയിരിക്കും. അപ്പോൾ അച്ഛൻ പറയും "കഥകളിൽ വായിക്കണതല്ല ജീവിതം. പഠിച്ചു വല്ല ജോലീം നോക്ക്"

എരിഞ്ഞുതീരുന്ന നെരിപ്പോടാണ് അച്ഛൻ എന്ന് തോന്നാറുണ്ട്. ഐ ടി ഐ യിലെ പഠിത്തം കഴിഞ്ഞ് രാജസ്ഥാനിലേക്കു ജോലിക്കായി പോയി വടക്കേലെ നാണുവേട്ടന്റെ കൂടെ സന്തോഷം പങ്കിടാൻ അച്ഛന് യോഗമില്ലായിരുന്നല്ലോ. നാണുവേട്ടൻ നാട്ടിലേക്ക് മടങ്ങി എന്നന്നേക്കുമായി. വാസു ഒരിക്കലും വന്നില്ല. കാത്തിരിക്കാൻ ആരുമില്ലാത്തവന് എന്ത് നാട്?!

രാജസ്ഥാനിലെ ഉഷ്ണക്കാറ്റിൽ ഉരുകുമ്പോൾ നാട്ടിലെ അമ്പലക്കുളം ഓർമ്മ വരും. ഡിസംബറായാൽ വൃശ്ചിക കാറ്റും കർപ്പൂര ഗന്ധവും ഓർമ്മയിലോടിയെത്തും. പിന്നെ കുമ്മാട്ടിക്കളിയുടെ താളം കേൾക്കും ഉറക്കത്തിൽ പോലും... അവന്റെ ശരീത്തിന്റെ ജൈവ ഘടന ഉണരും ഇത്ര ദൂരത്തിരുന്നും. പക്ഷെ നാട്ടിലേക്കുള്ള വണ്ടിയിൽ അവൻ ഉണ്ടായിരുന്നില്ല.

പതിവില്ലാതെ, തന്നെ തേടി വന്ന കത്താണ് അത്ഭുതമായത് ! ആകാംഷയോടെ പൊട്ടിച്ചു. തനിക്കാരാണ് കത്തെഴുതാൻ !?

പ്രിയ വാസു

ഞാൻ മാരിയിലെ ജയനാണ്. നിന്റെ കൂടെ പഠിച്ചതാണ് ഓർമ്മയുണ്ടോ? ഞാൻ ജോലിക്കായി പോയതല്ലേ. ഇപ്പോൾ നാട്ടിൽ സ്ഥിരമായി. ഒരു ഇലക്ട്രിക്കൽ കട നടത്തുന്നു. നാണുവേട്ടൻ ആണ് നിന്നെക്കുറിച്ചു പറഞ്ഞത്. നീ വരാറേയില്ലെന്നും പരിഭവിച്ചു. പൂർവ്വ വിദ്യാർത്ഥിസംഗമം നടത്തുന്നുണ്ട്. നീ തീർച്ചയായും വരണം.

പിന്നെ നമ്മുടെ കാവിലെ പാനമഹോത്സവം അടുത്ത മാസമാണ്. അതിൽ നീ പങ്കെടുക്കണം. വർഷങ്ങൾ കഴിഞ്ഞേ ഇനി പാനയുണ്ടാവൂ. നാട്ടിലെ ചെറുപ്പക്കാർ കളി പഠിച്ചു തുടങ്ങി. നമ്മൾ പണ്ട് പാന കളിച്ചതു ഓർമ്മയുണ്ടോ? കൂട്ടത്തിൽ പറയട്ടെ, ഞാൻ കമ്മിറ്റി സെക്രട്ടറിയാണ് ട്ടോ. തട്ടകത്തിലെ എല്ലാവരേയും വിളിച്ചുചേർക്കണം. അതാണ് നിനക്ക് പ്രത്യേകം എഴുതിയത്.

നിനക്ക് ആരും ഇല്ലെന്ന് കരുതരുത് എത്രകാലം കഴിഞ്ഞാലും കാവിലമ്മ നമ്മളെ കാത്തിരിക്കയല്ലേ. നീ വരും എന്ന പ്രതീക്ഷയോടെ...

നിന്റെ ജയൻ

ദേവീ... ഇതെന്തു പരീക്ഷണം? ആരാണ് കത്തെഴുതാൻ ജയനെ തോന്നിപ്പിച്ചത്? ശരീരം തളരുന്നോ? ഉറക്കത്തിലും ചെണ്ടമേളം കേൾക്കാം, പാനകളിയുടെ താളം കേൾക്കാം. എല്ലാം ഒരു സ്വപ്നം പോലെ....!

●

# വല അയഞ്ഞാൽ



പി. ആർ. ജോസ്
9847946094

വളരെക്കാലമായി കുട്ടികളുമൊത്ത് തിയേറ്ററിൽ പോയി ഒരു സിനിമ കാണണമെന്നുള്ള ഭാര്യയുടെ ആഗ്രഹം അയാൾ അംഗീകരിച്ചു. അടുത്തുവരുന്ന ഞായറാഴ്ച തന്നെ പോകാൻ തീരുമാനമായി. ഞായറാഴ്ചയായപ്പോഴാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ഫുട്ബോൾ കളിയുടെ കാര്യം അയാൾ ഓർത്തത്. അയാൾ പറഞ്ഞു, "സിനിമയ്ക്ക് പിന്നീട് പോകാം. ഇന്ന് പന്ത് കളി കാണണം." എന്നാൽ ഭാര്യയും മക്കളും സമ്മതിച്ചില്ല. പക്ഷേ അവരെ അവഗണിച്ച് അയാൾ പന്തുകളി കാണാൻ പോയി.

അസ്വസ്ഥത നിറഞ്ഞ മനസ്സുമായി അയാൾ പന്തുകളി ശ്രദ്ധിച്ചിരുന്നു. ബ്ലാസ്റ്റേഴ്സിന്റെ പോസ്റ്റിൽ തുരുതുരെ ഗോളുകൾ വീഴുന്നത് അയാളെ നൊമ്പരപ്പെടുത്തി. വലയിൽ വീഴുന്ന പന്ത് അയാൾ ശ്രദ്ധിച്ചു. എത്ര ശക്തിയോടെ അടിക്കുന്ന പന്തായാലും ഗോൾ വല സ്പർശിച്ചാൽ പന്ത് ശാന്തമാകുന്നു. അതിന്റെ കാരണം അയാൾ തന്നെ കണ്ടുപിടിച്ചു. ഗോൾ പോസ്റ്റിന്റെ പിന്നിൽ കെട്ടിയിരിക്കുന്ന വല വളരെ അയഞ്ഞാണ് കെട്ടിയിരിക്കുന്നത്. എന്നാൽ ഗോൾ പോസ്റ്റിലോ ക്രോസ് ബാറിലോ പന്ത് തട്ടിയാൽ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരും. കാരണം ഗോൾ പോസ്റ്റോ ക്രോസ് ബാറോ വളഞ്ഞുകൊടുക്കാനോ അയഞ്ഞു കൊടുക്കാനോ തയ്യാറല്ല.

പന്തുകളി കണ്ട് വീട്ടിലേക്ക് തിരിച്ചപ്പോൾ അയാൾക്ക് ഒരുകാര്യം മനസ്സിലായി. കുടുംബത്തിൽ ഒരാൾ ഒന്നയഞ്ഞു കൊടുത്താൽ കുടുംബാന്തരീക്ഷം കലുഷിതമാകാതെ ശാന്തമാകുമെന്ന്. അതെ, ദമ്പതികളിലൊരാൾ ഒന്നയഞ്ഞുകൊടുത്താൽ കുടുംബാന്തരീക്ഷം സന്തോഷപ്രദമായിരിക്കും, സമാധാനമുണ്ടാകും. അല്ലെങ്കിൽ അത് പിന്നീട് വിവാഹമോചനത്തിനുവരെ വഴിവെച്ചേക്കാം.

●

# പൊതുവിജ്ഞാനം



നൗഷാദ് ഖാൻ
9846454199

1. 1938ൽ നെഹ്റു ആരംഭിച്ച പത്രമേത് ?

ഉ. നാഷണൽ ഹെറാൾഡ്

2. ലിയാനാർഡോ ഡാവിഞ്ചി വരച്ച 'മൊണാലിസ' എന്ന വിശ്വവിഖ്യാത ചിത്രം എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് ?

ഉ. ലൂർ മ്യൂസിയം (പാരീസ്)

3. 'Mathematics' എന്ന വാക്കിന്റെ ഉത്ഭവം Mathemata എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. എന്താണ് ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥം ?

ഉ. പഠിച്ച കാര്യങ്ങൾ (Things that are learned)

4. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ സ്ഥാപിച്ച ആദ്യത്തെ ആശ്രമം ?

ഉ. ഫീനിക്സ് (1904)

5. നീലക്കുയിൽ എന്ന സിനിമയ്ക്ക് തിരക്കഥ എഴുതിയ പ്രശസ്ത സാഹിത്യകാരൻ ?

ഉ. ഉറൂബ്

6. ഭൂകമ്പത്തിന്റെ വ്യാപ്തി (magnitude) അളക്കുന്നത് 'റിക്ടർ സ്കെയിലി'ലാണ്. ഭൂകമ്പത്തിന്റെ തീവ്രത (Intensity) അളക്കുന്നത് ഏത് സ്കെയിലാണ് ?

ഉ. മെർക്കാളി സ്കെയിൽ

7. ലെയ്ക എന്ന നായയാണ് ഭൂമിയിൽ നിന്നും ശൂന്യാകാശത്തെത്തിയ ആദ്യ ജീവി. ഈ നായയെ ശൂന്യാകാശത്തെത്തിച്ച പേടകമേത് ?

ഉ. സ്പുട്നിക് 2

8. ലോകത്തിലുണ്ടാകുന്ന ഭൂകമ്പങ്ങളിൽ ഏകദേശം 80% പസഫിക് സമുദ്രത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. ഈ പ്രദേശം എന്ത് പേരിൽ അറിയപ്പെടുന്നു ?

ഉ. അഗ്നിവളയം (Ring of fire)

9. മൂല്യവർദ്ധിത നികുതി (VAT) ആദ്യമായി പരീക്ഷിക്കുകയും പിന്നീട് പിൻവലിക്കുകയും ചെയ്ത ഇന്ത്യൻ സംസ്ഥാനം ഏത് ?

ഉ. മഹാരാഷ്ട്ര

10. 'ഡെയ്ലി ടെലിഗ്രാഫ്' ഏത് രാജ്യത്ത് നിന്നുള്ള പ്രസിദ്ധീകരണമാണ് ?

ഉ. ബ്രിട്ടൺ.

# നീന്തൽ വിജ്ഞാന കോശം



**വാസുദേവൻ തച്ചോത്ത്**
**9361616688**

**പ**ശ്ചിമ ബംഗാളിൽ ആമ്പൽ കുളങ്ങൾ നിറഞ്ഞുകിടക്കുന്ന ഒരു കൊച്ചു ഗ്രാമമുണ്ട്. പേര് കാലേശ്വർ. ആ ഗ്രാമ സുന്ദരിയുടെ മടിത്തട്ടിലായിരുന്നു അഭിജിത്ത് ഭട്ടാചാര്യയുടെ പിറവി. ഏതൊരു മനുഷ്യന്റെ സംസ്കാരത്തിനും വികാസത്തിനും പുറകിൽ പിറന്ന മണ്ണിന്റെ പ്രാകൃതിക പശ്ചാതലത്തിന് മഹത്തായ പങ്കുണ്ട്. ഭാഷയും, ഭക്ഷണ രീതിയും, സംഗീതവും നൃത്തവും എന്നുവേണ്ട യുദ്ധമുറകളിൽ പോലും പിറന്ന നാടിന്റെ സ്വാധീനമുണ്ടാകും.

പശ്ചിമബംഗാൾ, ജലസമ്പത്തിനാൽ സമൃദ്ധമായ പുണ്യഭൂമി. ഗംഗ, ഹൂഗ്ലി, ബാലേശ്വർ, യമുനാ, സരസ്വതി തുടങ്ങിയ അറുപതിലേറെ നദികൾ കൊണ്ട് അനുഗ്രഹീതമാണ് പശ്ചിമ ബംഗാൾ. ജലസമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല പുണ്യം ചെയ്ത മക്കൾ പിറവിയെടുത്ത അനുഗ്രഹീത ഭൂമിയാണ് ഇത്. രവീന്ദ്രനാഥ ടാഗോറിനേയും ബങ്കിംചന്ദ്ര ചാറ്റർജിയേയും പോലുള്ള വിശ്വസാഹിത്യകാരൻമാരുടെ രചനാശൈലിയിൽ ബംഗാളിന്റെ സൗന്ദര്യമുണ്ട്. ശ്രീരാമകൃഷ്ണ പരമഹംസരുടേയും സ്വാമി വിവേകാനന്ദന്റെയും ആത്മീയ ചിന്തകളിൽ ബംഗാളിന്റെ ആത്മാവുണ്ട്. സുബാഷ് ചന്ദ്രബോസിന്റെ യുദ്ധമുറകളിലും അമർത്യാ സെന്നിന്റെ ധനതത്വശാസ്ത്ര സിദ്ധാന്തങ്ങളിൽ പോലും ബംഗാളിന്റെ സൗരഭ്യം നമുക്ക് അനുഭവപ്പെടുന്നുണ്ട്. ആത്മീയതയുടെ പരമോന്നതി പ്രാപിച്ച ശ്രീരാമകൃഷ്ണ പരമഹംസരുടെ ഇഷ്ടഭോജ്യങ്ങളിൽ മത്സ്യത്തിനും സ്ഥാനമുണ്ടായിരുന്നു എന്നത് ഒരു വിരോധാഭാസമായി തോന്നാമെങ്കിലും അത്രമേൽ ബംഗാളിലെ ജലസമൃദ്ധി അവിടത്തെ ജനതയുടെ മേൽ സ്വാധീനം ചെലുത്തി എന്നതിന് ഒരു ഉദാഹരണമാണ്. പതിമൂന്ന് വരികളുള്ള നമ്മുടെ ദേശീയ ഗാനത്തിന്റെ രണ്ടുവരികളിൽ നദികളെ കുറിച്ച് എഴുതാതിരിക്കാൻ ടാഗോറിന് കഴിഞ്ഞില്ല എന്നത് മറ്റൊരു ഉദാഹരണമാണ്.

അഭിജിത്ത് ഭട്ടാചാര്യ എന്ന ബുദ്ധിജീവി തന്റെ ഗവേഷണ വിഷയമായി നീന്തലിനെ തിരഞ്ഞെടുത്തതിൽ അസ്വാഭാവികതയൊന്നും കാണാനാവില്ല. യൗവനാരംഭം മുതൽ നീണ്ട ഇരുപത്തിയേഴ് വർഷക്കാലമാണ് അദ്ദേഹം നീന്തൽ ഗവേഷണത്തിന് വേണ്ടി ചിലവഴിച്ചത്. അതിനാലാവണം വിവാഹവും കുടുംബജീവിതവുമെല്ലാം മറന്നുപോയത്. നൂറ്റി ഇരുപത്തിമൂന്ന് ലോക രാഷ്ട്രങ്ങളിലാണ് അദ്ദേഹം ഈ പ്രായത്തിനിടെ സഞ്ചരിച്ചത്.

ഇന്ന് തനിക്ക് ലഭിച്ചിട്ടുള്ള എല്ലാ പ്രശസ്തിയുടേയും പിന്നിൽ നിരഞ്ജൻ ദാസ് എന്ന വിശ്വസ്ത സഹയോഗി ആണെന്ന് എത്ര വലിയ സദസ്സിന്റെ മുന്നിലും തുറന്ന് പറയാൻ അഭിജിത്ത് ഭട്ടാചാര്യക്ക് മടിയില്ല, പറഞ്ഞിട്ടുമുണ്ട് അദ്ദേഹം. നിരഞ്ജൻ ദാസിനെ കുറിച്ച് പറയാനാണെങ്കിൽ സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കിയിട്ടില്ല, എങ്കിലും നല്ലൊരു നീന്തൽ വിദഗ്ധനായിരുന്നു. ഇവിടെ തീരുന്നില്ല നിരഞ്ജൻ ദാസിന്റെ കഴിവുകൾ. അദ്ദേഹം നല്ലൊരു പാചകക്കാരനും ഡ്രൈവറും കൂടിയായിരുന്നു.

അഭിജിത്ത് ഭട്ടാചാര്യയുടെ നീന്തൽ വിജ്ഞാനകോശം എന്ന പുസ്തകം നീന്തൽ പഠിക്കാൻ തുടങ്ങുന്ന കൊച്ചു കുട്ടിക്ക് മുതൽ ലോകത്തിലെ ഏറ്റവും പരമോന്നതരായ നീന്തൽ വിദഗ്ധർക്ക് വരെ ഉപകാരപ്രദമായ ഒന്നാണ്. വെള്ളത്തിൽ ജീവിക്കുന്ന അമീബ മുതൽ ഭൂമിയിലെ ഏറ്റവും വലിയ ജീവിയായ നീലത്തിമിംഗലത്തെപ്പറ്റി വരെ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ചരിത്രാതീത കാലം മുതൽ മനുഷ്യന്റെ വളർത്തുമൃഗങ്ങളിൽ ഒന്നായിരുന്നു പട്ടി. ആ പട്ടിയിൽ നിന്നും പരിണാമം സംഭവിച്ചാണ് ഡോൾഫിൻ ഉണ്ടായിരിക്കുന്നതെന്നാണ് ഭട്ടാചാര്യ തന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. തിമിംഗലം എന്ന സസ്തനി കടൽ ജീവി ആയതിനുള്ള കാരണവും തെളിവും തന്റെ ഗവേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്താൻ ഭട്ടാചാര്യ മറന്നില്ല.

ഭട്ടാചാര്യയുടെ മഹത് ഗ്രന്ഥത്തിനെ ലോകത്തിലെ ഏറ്റവും വലിയ നീന്തൽ ഇൻസ്റ്റിറ്റ്യൂട്ടായ അമേരിക്കൻ സ്വിമ്മിങ്ങ് അക്കാദമി നീന്തൽ വിജ്ഞാനകോശമായി അംഗീകരിച്ചു. കൂടാതെ ബ്രിട്ടനും ആസ്ട്രേലിയയും നീന്തലിനെ കുറിച്ചുള്ള ഏറ്റവും നല്ല പുസ്തകത്തിന് അവാർഡുകൾ നൽകി ആദരിക്കുകയുണ്ടായി. ഏതൊരു ബംഗാളിയേയും സംബന്ധിച്ചിടത്തോളം ഇത് തികച്ചും അഭിമാനാർഹമായ ഒരു സംഭവമാണ്. പൊതുവെ നല്ലൊരു ശതമാനം ബംഗാളികളും, സുബാഷ് ചന്ദ്ര ബോസും ടാഗോറും സൗരവ് ഗാംഗുലിയുമൊക്കെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കാനും വീരവാദം മുഴക്കാനും സമയം നഷ്ടപ്പെടുത്തുന്നവരാണ്. ഒരിക്കൽ പോലും തങ്ങൾ ജീവിതത്തിൽ എന്തുനേടിയെന്നോ ലോകത്തിനുവേണ്ടി എന്തു ചെയ്തുവെന്നോ ചിന്തിക്കുന്നവർ കുറവാണ് .

ജനഹൃദയങ്ങൾ കീഴടക്കിയ അഭിജിത്തിനെ ആദരിക്കാൻ മഹാസമ്മേളനം വിളിച്ചുകൂട്ടാൻ സംസ്ഥാന മുഖ്യമന്ത്രി ഉത്തരവിട്ടു. ഈ മഹാസമ്മേളനത്തിന് ഒരു പ്രത്യേക

തയുണ്ട്. സമ്മേളനം നടത്തേണ്ടത് വെള്ളത്തിൽ വച്ചായിരിക്കണം എന്ന കായിക വകുപ്പ് മന്ത്രിയുടെ അഭിപ്രായത്തോട് എല്ലാവരും യോജിക്കുകയും ചെയ്തു.

സമ്മേളനം നടത്താൻ തിരഞ്ഞെടുത്ത സ്ഥലവും ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്. ഹൂഗ്ലീ നദിയിലാണ് ഈ ചടങ്ങ് നടത്താൻ തീരുമാനിക്കപ്പെട്ടത്. പവിത്രമായ ഗംഗോത്രിയിൽ ഉൽഭവിച്ച് 2525 കിലോമീറ്റർ ഒഴുകിയാണ് ഗംഗാനദി ഗംഗാസാഗറിൽ വച്ച് ബംഗാൾ ഉൾക്കടലിൽ ചേരുന്നത്. ബംഗാളിൽ ഗംഗാനദി ഹൂഗ്ലീ എന്നാണറിയപ്പെടുന്നത്. ഇന്ത്യയിലെ ഏറ്റവും ആഴം കൂടിയ നദിയാണ് ഹൂഗ്ലി. നദിയുടെ ഒരു കരയിൽ കൊൽക്കത്തയും മറുകരയിൽ ഒരു കാലത്ത് ഇന്ത്യയുടെ വ്യവസായ തലസ്ഥാനമായ ഹൗറയുമാണ്. ഹൂഗ്ലിയുടെ ആഴം അവിശ്വസനീയമാണ്. നാൽപ്പത് നിലകെട്ടിടം വരെ മുങ്ങി പോകാവുന്നത്ര ആഴമുണ്ട് ഈ നദിക്ക്. ഇതിന്റെ ശരാശരി ആഴം 200 അടിയാണ്. ലോകത്തിലെ ഏറ്റവും നീളം കൂടിയ തൂക്കുപാലമാണ്. ഹൗറയേയും കൊൽക്കത്തയേയും തമ്മിൽ യോജിപ്പിക്കുന്ന രവീന്ദ്ര സേതു എന്നറിയപ്പെടുന്ന ഹൗറാ പാലം. തീർന്നില്ല പാലത്തിന്റെ വിശേഷണങ്ങൾ 26500 മെട്രിക് ടൺ ഉരുക്കാണ് ഇത് പണിയുന്നതിനായ് ഉപയോഗിച്ചത്. 'ഇതിൽ 2300 മെട്രിക് ടൺ ടിസ്ക്രോം എന്ന ലോഹസങ്കരം നിർമ്മിക്കപ്പെട്ടത് ടാറ്റാ സ്റ്റീൽ കമ്പനിയിലായിരുന്നു. 1936ൽ തുടങ്ങി ആറ് വർഷം കൊണ്ടാണ് ഈ പാലത്തിന്റെ പണി പൂർത്തിയായത്. മറ്റൊരു അതിശയം എന്താണെന്നാൽ 1500 അടി നീളമുള്ള ഈ പാലത്തിന് ഒരു കാല് പോലും ഇല്ലയെന്നതാണ്.

അതിഥികൾക്കായി ഗംഭീരമായ വിരുന്നൊരുക്കിയിരുന്നു. അഭിജിത്തിന്റെ സന്തത സഹചാരിയായിരുന്ന നിരഞ്ജൻ ദാസിന്റെ മേൽനോട്ടത്തിലായിരുന്നു വിരുന്ന്. വിഭവസമൃദ്ധമായ സദ്യയിൽ ബംഗാളി വിഭവങ്ങളായ ഈൽ മത്സ്യം, ബേഗൻ ഭാജ, അല്യൂധം, റസ്ഗോള തുടങ്ങിയ പരമ്പരാഗത രുചികളും ഉൾപ്പെടുത്തിയിരുന്നു. അങ്ങനെ നിരവധി പത്രപ്രതിനിധികളും ടെലിവിഷൻ റിപ്പോർട്ടർമാരും അടങ്ങുന്ന 300 ഓളം യാത്രക്കാരേയും കൊണ്ട് ഖിതിർപൂരിൽ നിന്ന് കപ്പൽ യാത്ര തുടങ്ങി.

അഭിജിത്ത് ഭട്ടാചാര്യയെ അനുമോദിക്കുന്ന ചടങ്ങിന് ഒരു നേവി കപ്പലാണ് തിരഞ്ഞെടുത്തത്. ഒരു മണവാട്ടിയെപ്പോലെയായിരുന്നു കപ്പലിനെ അണിയിച്ചൊരുക്കിയത്. ഖിതിർപ്പൂർ മുതൽ പ്രസിദ്ധമായ ദക്ഷിണേശ്വരം വരെ ഈ കപ്പലിനെ ഓടിക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. മുഖ്യമന്ത്രി, ഗവർണർ, വ്യവസായ പ്രമുഖർ, സിനിമാ നടൻമാർ, ക്രിക്കറ്റ് കളിക്കാർ തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള പ്രശസ്തർ ഈ മഹാസമ്മേളനത്തിൽ പങ്കുചേരാൻ എത്തിയിരുന്നു.

അഭിജിത്ത് ഭട്ടാചാര്യയെ പ്രശംസിക്കുക മാത്രമായിരുന്നില്ല പലരുടേയും ലക്ഷ്യം. ചില മുതലെടുപ്പുകളും ഇതിനിടയിൽ അരങ്ങേറുന്നുണ്ടായിരുന്നു. മുഖ്യമന്ത്രി ഈ വിജ്ഞാനകോശത്തെ തന്റെ ഭരണ നേട്ടമായ് കാണിക്കാൻ ശ്രമിച്ചു. മറ്റൊരു വലിയ ഉദ്യോഗസ്ഥനാകട്ടെ അഭിജിത്തിനെ തന്റെ ബാല്യകാല സുഹൃത്തും സഹപാഠിയുമൊക്കെയായി സ്വയം ചിത്രീകരിച്ചു. ഇതിന്റെയെല്ലാം നടുവിൽ സുസ്മേരവദനനായി സ്വർണ്ണത്തിന്റെ ബട്ടനുകൾ തുന്നിച്ചേർത്ത സിൽക്ക് ജുബ്ബയിൽ തിളങ്ങി നിൽക്കുകയാണ് അഭിജിത്ത്. നീണ്ട ഇരുപത്തിയേഴ് വർഷത്തെ കഠിനാദ്ധ്വാനത്തിന് ഈ നാൽപ്പത്തിയേഴുകാരന് ഇതിൽ കൂടുതൽ എന്ത് പാരിതോഷികമാണ് ജന്മനാട്ടിൽ നിന്ന് ലഭിക്കേണ്ടത്. അഭിമാനത്താൽ വീർപ്പുമുട്ടുകയായിരുന്നു അഭിജിത്ത്. സന്ദർഭത്തിന് മാറ്റ് കൂട്ടുവാനായി പ്രസിദ്ധ സംഗീതജ്ഞൻമാരുടെ സംഗീത വിരുന്നുമൊരുക്കിയിരുന്നു. സ്റ്റേജിൽ രവീന്ദ്രസംഗീതത്തിന്റെ അലകൾ ഉയരുന്നുണ്ടായിരുന്നു.

നന്ദി പ്രകടനം കഴിഞ്ഞതും പത്രക്കാർ ഭട്ടാചാര്യയെ വളയുകയായിരുന്നു. പിന്നെ ചോദ്യങ്ങളുടെ പെരുമഴയായിരുന്നു. വിവാഹത്തെപ്പറ്റി പോലും ചോദ്യങ്ങളുയർന്നു. ഭക്ഷണത്തിന് മേൽനോട്ടം വഹിച്ചു കൊണ്ടുനിൽക്കേ നിരഞ്ജൻ ദാസിന്റെ ശ്രദ്ധയിൽ ഒരു കാര്യം പെടുവാൻ ഇടയായി. ഫോട്ടോഗ്രാഫർമാർ ക്യാമറ കൊണ്ടും മറ്റു ചിലർ മൊബൈൽ ഫോൺ കൊണ്ടും നദിയിൽ എന്തോ കാര്യമായ് ഷൂട്ട് ചെയ്യുന്നു. നിരഞ്ജൻ കാര്യം തിരക്കിയപ്പോൾ അറിഞ്ഞത് ഭട്ടാചാര്യ നദിയിൽ ഒരു ഡെമോൺസ്ട്രേഷൻ നടത്താൻ പോകുന്നു, അതും സ്വീമ്മിങ്ങ് സ്യൂട്ടു പോലുമിടാതെ. ഭട്ടാചാര്യ അഭ്യാസപ്രകടനങ്ങൾ തുടങ്ങിയതറിഞ്ഞ നിരഞ്ജൻ സ്വരെ ജാൻ സ്വരെ ജാൻ (മാറി നിൽക്കു) എന്നുറക്കെ പറഞ്ഞുകൊണ്ട് ആളുകളെ തട്ടിമാറ്റിക്കൊണ്ട് കപ്പലിന്റെ വക്കിലേക്കോടി, ഓടുക മാത്രമല്ല "അഭിജിത്ത് ഭട്ടാചാര്യ സത്താർ ജനേന" എന്നു വിളിച്ചുപറയുന്നുമുണ്ടായിരുന്നു. അതായത് ഭട്ടാചാര്യക്ക് നീന്തൽ അറിയില്ല എന്നാണ് നിരഞ്ജൻ വിളിച്ചുപറയുന്നത്. ഭട്ടാചാര്യയുടെ സന്തത സഹചാരിയായ നിരഞ്ജൻ നദിയിലേക്ക് എടുത്തു ചാടി. കപ്പലിലെ രക്ഷാവിഭാഗത്തിന്റെ സഹായവും കൂട്ടിനെത്തി. താമസിയാതെ ഭട്ടാചാര്യയെ കപ്പലിലേക്ക് തിരിച്ച് കയറ്റി. ഭട്ടാചാര്യയെ ജീവിതത്തിന്റെ ഉന്നതിയിലെത്താൻ സഹായിച്ച നിരഞ്ജൻ തന്നെ അദ്ദേഹത്തിന്റെ ജീവന്റെ രക്ഷകനായും മാറി. നേവി വിദഗ്ദ്ധരുടെ പരിചരണം കൂടിയായപ്പോൾ അരമണിക്കൂറിനുള്ളിൽ അദ്ദേഹം പൂർണ്ണമായും സുഖം പ്രാപിച്ചു.

സംഭവങ്ങൾ ഈ നിലയിലെത്തിയപ്പോൾ എല്ലാവരും പറഞ്ഞറിയിക്കാനാകാത്ത ഒരു മാനസികാവസ്ഥയിലായി. മുഖ്യമന്ത്രി പത്രക്കാരെയെല്ലാം വിളിച്ചുകൂട്ടി ഒരു രഹസ്യ ചർച്ച നടത്തി. അഭിജിത്തിന് അപകടം സംഭവിച്ചതല്ലെന്നും പുസ്തകത്തിലെ തിയറികളെ എങ്ങനെ പ്രാക്ടിക്കലാക്കാമെന്ന് കാണിച്ചുതരികയായിരുന്നു യാഥാർത്ഥത്തിൽ സംഭവിച്ചതെന്നുമുള്ള രീതിയിൽ വാർത്തയെ വളച്ചൊടിക്കണമെന്നും

മുഖ്യമന്ത്രി പത്രക്കാരോട് അഭ്യർത്ഥിച്ചു. അഭിജിത്ത് ഭട്ടാചാര്യയുടെ മാത്രമല്ല ബംഗാളിലെ ഓരോ പൗരന്റെയും അഭിമാനത്തെ ബാധിക്കുന്ന കാര്യമായതിനാൽ മാധ്യമ പ്രവർത്തകർ ഏകകണ്ഠേന ഈ അഭ്യർത്ഥനയെ അംഗീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് മുഖ്യമന്ത്രി ഒരു പ്രസ്താവനയിറക്കി. നീന്തൽ അറിയുക എന്നതല്ല പ്രധാനം, നീന്തലിനെക്കുറിച്ചറിയുക എന്നതാണ്. നീന്തൽ അറിയുന്ന കോടിക്കണക്കിന് മനുഷ്യർ ഈ ലോകത്തുണ്ട്. എന്നാൽ നീന്തലിനെ കുറിച്ചുള്ള സർവ്വ പരിജ്ഞാനം ഏറ്റവും കൂടുതൽ നേടിയ വ്യക്തിയാണ് ബംഗാളിന്റെ മഹാനായ പുത്രൻ അഭിജിത്ത് ഭട്ടാചാര്യ. മുഖ്യമന്ത്രിയുടെ ഈ പ്രസ്താവനയെ എല്ലാവരും കൈയടിച്ച് പാസാക്കി. അമേതേർ സോനാർ ബംഗാൾ (സ്വർണ്ണത്തിൽ നിർമ്മിച്ച നമ്മുടെ ബംഗാൾ) എന്നുതുടങ്ങുന്ന രവീന്ദ്രനാഥിന്റെ വാക്കുകൾ മൈക്കിലൂടെ സംഗീതാത്മകമായി ഒഴുകുന്നുണ്ടായിരുന്നു. ഉച്ചഭക്ഷണം അവസാനിച്ചപ്പോഴേക്കും കപ്പൽ തിരികെ ഖിതിർപൂരിൽ എത്തിച്ചേർന്നു. അഭിജിത്തിന്റെ പേരിൽ ജനങ്ങൾക്ക് വേണ്ടി വിരുന്നൊരുക്കാൻ മാധ്യമ ലോകവും മറന്നില്ല. അന്നു വൈകുന്നേരത്തെ ടി.വി ന്യൂസുകളിലും പിറ്റേ ദിവസത്തെ വർത്തമാന പത്രത്തിലെ ആദ്യ പേജിലും ബംഗാളിന്റെ മഹാനായ പുത്രൻ അഭിജിത്ത് ഭട്ടാചാര്യ ഗംഗാനദിയിൽ കാണിച്ച വീരകൃത്യങ്ങൾ കൊണ്ട് നിറഞ്ഞുനിന്നിരുന്നു. ഇതെല്ലാം കണ്ട് അഭിമാനത്തിന്റെ കൊടുമുടിയിൽ എത്തിച്ചേർന്ന ഓരോ ബംഗാളിയും തങ്ങളുടെ ഹൃദയങ്ങളിൽ അഭിജിത്ത് ഭട്ടാചാര്യ എന്ന മഹത് വ്യക്തിയെ ശാശ്വതമായി പ്രതിഷ്ഠിക്കുകയായിരുന്നു. അപ്പോൾ കാലേശ്വർ എന്ന ഗ്രാമ സുന്ദരി പതിവിലും മനോഹരിയായി കാണപ്പെട്ടു. ആമ്പൽ കുളങ്ങളിൽ ആമ്പൽ മൊട്ടുകൾ വിരിയാൻ തുടങ്ങിയിരുന്നു. ആമ്പൽ പൂവുകളുടെ സൗരഭ്യവും പേറി നനുത്ത കുളിരുള്ള കാറ്റ് വീശിക്കൊണ്ടിരുന്നു.

●



# മനസ്സാക്ഷിയുടെ തടവുകാർ

**രോഹിണി**

0491 2572452

**ക**ണ്ണുകൾക്കുമുന്നിൽ അവ്യക്തത പടരുകയും, മനസ്സ് സ്വന്തം ജീവിതത്തെക്കുറിച്ച് ജീവിതാവസാനകാലത്ത് വേവലാതിപ്പെടുകയും ചെയ്യുന്ന ഒരുപാട് ജീവിതങ്ങൾ നമുക്കുചുറ്റുമുണ്ട്. വിഷാദങ്ങളെ തൊട്ടറിയാനും, ഉന്മാദങ്ങളെ താലോലിക്കാനും കഴിയാതെ, തനിക്കുചുറ്റുമുള്ള തന്റെ ആളുകളെ കാണാനും മനസ്സിലാക്കാനുമാകാതെ ഏകാകികളായി ജീവിതം തള്ളിനീക്കുന്ന സ്നേഹസമ്പന്നരായ വയോധികർ, ഇവിടെ ധാരാളമുണ്ട്. ഒരു വൃദ്ധ വള്ളുവനാടൻ ഗ്രാമീണ മനസ്സിന്റെ ആകുലതകൾ വിഷുക്കൈനീട്ടം എന്ന തന്റെ നോവലിലൂടെ പ്രകാശൻ ചുനങ്ങാട് വായനക്കാരനുമുന്നിൽ അവതരിപ്പിക്കുകയാണ്.

ആടിത്തിമിർത്ത ജീവിതത്തിൽ സ്നേഹമെല്ലാം വേദനയായി മാറുകയായിരുന്നു ആ വൃദ്ധ മനസ്സിൽ. പ്രതികരണശേഷിക്കുറവുകാരണം അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളും, മനസ്സിന് അനിഷ്ടം തോന്നുന്നതിന് പ്രതികരിച്ചാൽ കുടുംബ ഭദ്രത തകരുമോ എന്ന ഉൾഭയവും ആ ഗ്രാമീണ വൃദ്ധനെ ഒട്ടൊന്നുമല്ല വലച്ചത്. എല്ലാ സാധാരണ മനുഷ്യരും ആഗ്രഹിച്ചപോലെ തന്റെ മകനും കുടുംബവും സന്തോഷമായി ജീവിക്കണമെന്നേ ആ വയോധികനും ആഗ്രഹിച്ചിട്ടുള്ളൂ. അനുഭവങ്ങളെ നിസ്സംഗതയോടെ ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് സൂക്ഷ്മതയോടെ നയിച്ച് ഒരു അന്തരീക്ഷം ഒരുക്കുകയാണ് കഥാകാരൻ.

പുതിയ സംസ്കാരവുമായി ഇണങ്ങിച്ചേരാൻ മനസ്സുകൊണ്ട് വഴങ്ങാതെവന്ന വൃദ്ധമനസ്സിന്റെ തേങ്ങലുകൾ അനുവാചകഹൃദയങ്ങളിൽ നൊമ്പരങ്ങളുണർത്താൻ പോന്നവയാണ്. അച്ഛനും അമ്മയും കൂടി ആകാംക്ഷയോടെ വളർത്തിയ ഏകമകൻ. അവനായിരുന്നു ആ ഇണമനസ്സുകളുടെ ലോകം. അവനിൽക്കൂടി കെട്ടിപ്പടുത്ത ആഗ്രഹങ്ങളുടെ ചില്ലുകൊട്ടാരം. ആ ഇണകളിലൊന്ന് മറ്റൊന്നിനെ തനിച്ചാക്കി ഇട്ടിട്ടുപോയപ്പോഴുണ്ടായ നനുനനുത്ത നൊമ്പരങ്ങളേ ധാരാളം, അതിന്റെകൂടെ മകനിൽക്കൂടി തനിക്കുലഭ്യമായ രക്തബന്ധങ്ങളുടെ അവഗണന കൂടി ആയാലോ. അത് ആ വൃദ്ധമനസ്സിന് താങ്ങാവുന്നതിലും അധികമായിരുന്നു.

അനുസരിക്കാൻ മാത്രം വശമുള്ള ഭർത്താവ്, അനുസരിപ്പിക്കാൻ കഴിവുള്ള ഭാര്യ. ജീവിതത്തിൽ അഭിപ്രായഭിന്നതകളുണ്ടെങ്കിലല്ലേ വൈവാഹിക ജീവിതത്തിൽ സ്വരച്ചേർച്ച ഇല്ലാതാവൂ. അതില്ലാതാവാൻ തന്നാലാവുന്ന ക്ഷമ പരിശീലിച്ച ഭർത്താവ്. മകനേയും മരുമകളേയും തിരുത്താനും, അവരുടെ സ്വകാര്യ ജീവിതത്തിലേക്ക് എത്തിനോക്കാനും ശ്രമിക്കാതിരുന്ന ശുദ്ധരായ വൃദ്ധ ഗ്രാമീണ ദമ്പതികൾ. ആ അച്ഛനമ്മമാർ അനുഭവിച്ച മനഃപ്രയാസങ്ങൾ മനസ്സിളകാതെ വായനക്കാരന് വായിച്ചുപോകാനാകില്ല. ഈ ഘട്ടങ്ങളിൽ കേരളത്തിലെ പഴയ സാമ്പത്തിക ഘടനയും, കുടുംബബന്ധങ്ങളും, കാർഷിക സംസ്കാരങ്ങളും പറഞ്ഞുഫലിപ്പിക്കുവാൻ ഒളിഞ്ഞും തെളിഞ്ഞും വെളിച്ചം പരത്തുന്നുണ്ട് നോവലിസ്റ്റ്. കഥയുടെ ദൃഷ്ടിപഥം പ്രമേയത്തിനനുസരിച്ച് വിസ്തരിക്കുന്നില്ല, മറിച്ച് സ്വഭാവത്തിനനുസരിച്ച് കഥാശില്പം നിർമ്മിക്കുകയാണ് കഥാകാരൻ. ഇന്നത്തെ സാധാരണ ജീവിതത്തിന്റെ സുതാര്യ കാഴ്ചകളുടെ അടയാളപ്പെടുത്തലുകളാണവ.

ഉറ്റവരും ഉടയവരും ഉണ്ടായിട്ടും, ആരും ഇല്ലാത്തവരായി നമുക്കിടയിൽ ജീവിക്കുന്ന ഒരുകൂട്ടം വൃദ്ധമനസ്സുകളുണ്ട്. അവരിലൊരാളുടെ വ്യാകുലമനസ്സ് ജീവിതയാഥാർ


ത്ഥ്യങ്ങളോട് പരാജയപ്പെട്ട് പകച്ചു നോക്കുകയാണ്. ആ കണ്ണുകളിലെ ദൈന്യത വായനക്കാരന്റെ മനസ്സിനെ ഉലച്ചുവെങ്കിൽ, അതാണ് ഈ കൃതിയുടെ വിജയം. തന്നോടുള്ള സ്നേഹത്തിലും, ജീവിത സാഹചര്യത്തിലും ആശങ്കകളോടെ, വ്യത്യസ്തമായി പെരുമാറാൻ ശ്രമിക്കാത്ത അച്ഛനെ മനസ്സിലാക്കാൻ കഴിയാത്ത മകനും ഭാര്യയുമാണ് ഈ നോവലിലെ മറ്റുപ്രധാന കഥാപാത്രങ്ങൾ.

സ്വന്തങ്ങളും ബന്ധങ്ങളും ഇത്രയൊക്കെയേ ഉള്ളൂവെന്ന് മനസ്സിലാക്കി, കിട്ടാത്ത മനസ്സമാധാനത്തിനായി ഉഴറി നടന്ന വൃദ്ധമനസ്സുകളെ പലരും പലരീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. എങ്കിലും ഈ നോവലിലെ രാഘവൻ നായരെന്ന മുത്തശ്ശനെ കഥാകാരൻ ഹൃദ്യമായി അവതരിപ്പിച്ചിട്ടുണ്ട്. അവഗണനയിൽപ്പെട്ട് ഉഴറുന്ന വൃദ്ധമനസ്സിന്റെ തേങ്ങലുകളിലെ സൂക്ഷ്മഭാവങ്ങൾ ഓർമ്മകളിലൂടെ മടുപ്പില്ലാതെ ആഖ്യാനം ചെയ്തിരിക്കുന്നു. ജീവിതാവസാനത്തിൽ ചതിക്കപ്പെട്ടു എന്ന തിരിച്ചറിവുണ്ടാകുമ്പോൾ, ആ മനസ്സിന്റെ ഏകാന്തത എത്രത്തോളമുണ്ടെന്ന് വായനക്കാരനെക്കൂടി മനസ്സിലാക്കിത്തരുകയാണ് കഥാകൃത്ത്.

ഗ്രാമീണ സംസ്കാരത്തിൽ നിന്ന് ഫ്ളാറ്റ് സംസ്കാരത്തിലേക്കുള്ള ചുവടുമാറ്റം ഉൾക്കൊള്ളാൻ കഴിയാത്ത ഗ്രാമീണ മനസ്സുകളുടെ ആകുലത. മക്കളും മരുമക്കളും പേരക്കുട്ടികളുമായി ഒത്തുചേർന്നുപോകാൻ കഴിയാത്ത മനപ്രയാസം. ഇവയ്ക്കൊപ്പം ഭർത്താവിന്റെ നിലയും വിലയും മനസ്സും അറിഞ്ഞു ജീവിക്കുവാനും, പെരുമാറാനും കൂട്ടാക്കാതെ ജീവിതം മുഴുവൻ അസംതൃപ്തകളായി സ്വന്തം ജീവിതം തന്നെ ഹോമിച്ചും, മനസ്സമാധാനം നശിപ്പിച്ചും ജീവിക്കുന്ന ഭാര്യമാരും നിറഞ്ഞ ഇന്നത്തെ സംസ്കാരത്തിന്റെ ഒരു പരിച്ഛേദമാണ് ഈ നോവൽ. അവരവരുടെ ലോകത്ത് സ്വപ്നം കാണുന്ന കഥാപാത്രങ്ങൾ മാത്രമാണ് ഈ നോവലിലുള്ളത്. താനെഴുതുന്നത് വേണ്ടതിലധികമായാലോ എന്ന ആശങ്ക നോവലിസ്റ്റിനുണ്ട്. ചെറുതാണ് മനോഹരം എന്ന ചിന്തയെ മനസ്സിൽ ഉൾക്കൊണ്ട് എഴുതിയ കൃതി. ഇതുതന്നെ പരത്തിപ്പറഞ്ഞ് വിജയിപ്പിക്കുക എന്നത് വെല്ലുവിളിയാണ്. വായനക്കാരന് മുഷിവുതോന്നരുത് എന്ന നിർബന്ധം കാരണം വാക്കുകളിൽ നിറയെ ആശാംക്ഷ. ഒറ്റവായനക്ക് ഉതകുന്ന തരത്തിൽ മനോഹരമായി എഴുതിയ കൃതിയാണ് പ്രകാശൻ ചുനങ്ങാടിന്റെ വിഷു കൈനീട്ടം എന്ന ഈ നോവൽ.

തന്റെ എഴുത്തിനെക്കുറിച്ചും കഥാപാത്രങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ചും തികച്ചും ബോധവാനാണ് കഥാകാരൻ. വയസ്സുകാലത്തെ ഏകാന്തത പങ്കിടുവാൻ കൂട്ടില്ലാത്ത ഇണ. ഉണ്ടായിട്ടും ആ വൃദ്ധമനസ്സിനെ മനസ്സിലാക്കാനും മനസ്സിരുത്താനും ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്യാതിരുന്ന മകനും മരുമകളും പേരക്കുട്ടികളും. ആ ഏകാന്തത വളർന്നുണ്ടായ അസ്വസ്ഥതകൾ.

പലരും പലപ്പോഴായി പല രീതിയിൽ പറഞ്ഞ കഥ തന്റേതായ രീതിയിൽ ഹൃദയസ്പൃക്കായി, മനോഹരമായി എഴുതിയ ഈ കൃതി ഒറ്റ ഇരുപ്പിൽ വായിച്ചുതീർക്കുവാൻ പറ്റുന്നതാണ്. വായിച്ചുതീർന്നാലോ, വായനക്കാരന്റെ മനസ്സിനേയും ചിന്തകളേയും ഈ വായനാനുഭവം നിശ്ചയമായും നൊമ്പരപ്പെടുത്തും. നല്ലൊരു വായനാനുഭവം.



**വിഷുക്കൈനീട്ടം**

(നോവൽ)

**പ്രകാശൻ ചുനങ്ങാട്**

**വില 70 രൂപ**

ലോഗോസ് ബുക്സിനുവേണ്ടി ഒരു റീഡേഴ്സ് കഫേ പ്രകാശനം.



# ദർപ്പണം



**പങ്കു ജോബി**
**9846253364**

ഒരു പ്രഭാതം കൂടി, പ്രത്യേകിച്ച് ഒന്നും സംഭവിക്കാനില്ലാതെ.. നിരർത്ഥകങ്ങളായ, നിർജ്ജീവങ്ങളായ പ്രഭാതങ്ങൾ. അവയെ അവൾ വെറുത്തു തുടങ്ങിയിരിക്കുന്നു.

മറുവശത്ത് കമിഴ്ന്നുകിടന്ന് ഉറങ്ങുന്ന ഭർത്താവിനെ അവൾ ഒന്ന് ചെരിഞ്ഞു നോക്കി. വിവാഹം കഴിഞ്ഞ അന്ന് നഷ്ടപ്പെട്ട തൻെറ ഇഷ്ടങ്ങളിൽ ഒന്ന്. കിടക്കയുടെ അറ്റത്ത്, പിന്നിയ തലമുടി താഴേക്ക് ഞാത്തിയിട്ട്, കമിഴ്ന്നു കിടന്ന്, പരിസരം മറന്നുള്ള സുഖനിദ്ര. തൻെറ ആ ഇഷ്ടം അയാൾ കവർന്നിരിക്കുന്നു. കിടക്കയുടെ താഴെ ഓരത്തുകൂടി ഭർത്താവിൻെറ ഉറക്കത്തിനു ഭംഗം വരാതെ അവൾ നിലത്തിറങ്ങി.

ജനാല വിരി മാറ്റി, ജനലഴികളിൽ മുഖം ചേർത്ത് പുറത്തേക്ക് നോക്കി നിൽക്കുകയായിരുന്നു ഊർമ്മിള. ഉച്ചവെയിൽ കറുത്തചായം കൊണ്ട് മണ്ണിൽ വരച്ച മിഴിവേകിയ ചിത്രങ്ങൾ മാഞ്ഞുതുടങ്ങിയിരിക്കുന്നു. അങ്ങ് മുകളിൽ മെല്ലെ മെല്ലെ നീങ്ങുന്ന മഴമേഘങ്ങൾ. ഏതുനിമിഷവും ആ അമ്മമേഘങ്ങളുടെ ഉദരം പിളർന്നു ഒരായിരം മഴകുഞ്ഞുങ്ങൾ മണ്ണിലേക്ക് പതിച്ചേക്കാം. ജനലഴികളിൽ കൂടി നിസ്സങ്കോചം അകത്തേക്ക് പ്രവേശിച്ച മഴക്കാറ്റ് പ്രണയാതുരനായ കാമുകനെ പോലെ അവളു

ടെ മുടിയിഴകളെ തഴുകിയൊതുക്കികൊണ്ടിരുന്നു. വഴിതെറ്റിയ ഏതാനും വെയിൽ നാളങ്ങൾ മാത്രം അപ്പോഴും ദിക്കറിയാതെ അങ്ങിങ്ങ് അലയുന്നുണ്ടായിരുന്നു. നിരത്ത് വക്കത്തു ചെറു വ്യാപാരം നടത്തുന്ന നാടോടികൾ സാധനങ്ങൾ പെറുക്കിയെടുത്തുകൊണ്ടിരിക്കുന്നു. നിരത്തിൽ അപ്പോഴും തിരക്കായിരുന്നു.

ഉച്ചഭക്ഷണവും കൈയ്യിലെടുത്തു, ഒരു യാത്രപോലും പറയാതെ ഇറങ്ങിപ്പോകുന്ന ഭർത്താവിൻെറ മടക്കം രാത്രി ഏറെ വൈകിയാണ്, ചിലപ്പോൾ വന്നില്ലെന്നും വരാം. "എന്തുകൊണ്ട്?" ഊർമ്മിള ഒരിക്കലും ചോദിച്ചിരുന്നില്ല. അയാളുടെ അഭാവം അത് അവളും ആഗ്രഹിച്ചിരുന്നുവോ? അയാളുടെ അഭാവത്തേക്കാൾ വിരസതയും, ഏകാന്തതയും അയാൾ കൂടെ ഉള്ളപ്പോൾ ആണെന്ന് അവൾ അത്ഭുതത്തോടെ ഓർത്തു.

"വിരസമായ ഈ ജീവിതത്തിൽ നിന്നും എന്തുകൊണ്ട് താൻ ഒളിച്ചോടുന്നില്ല? അദൃശ്യമായ ഒരു ചങ്ങല തന്നെ ഈ ജീവിതവുമായ് ബന്ധിച്ചിരിക്കുന്നത് പോലെ."

കോളിംഗ് ബെല്ലിൻെറ ശബ്ദം.

"ആരാവും ഈ സമയത്ത്? ദത്തൻ ആയിരിക്കില്ല. അയാൾ ഈ സമയത്ത് വരാൻ സാധ്യതയേ ഇല്ല. അതിഥിയായി ഒരു എട്ടുകാലി പോലും കടന്നുവരാത്ത ഈ വാതിൽക്കൽ..." അവൾ ഒട്ടൊരു ഉദ്യോഗത്തോടെ വാതിൽ തുറന്നു. വാതിൽക്കൽ കണ്ട മുഖം ഒരു നിമിഷം അവളെ നിശ്ചലയാക്കി.

"കൃഷ്ണൻ.."

ആയാളും അതേ അവസ്ഥയിൽ തന്നെ ആയിരുന്നു. മിസ്റ്റർ വർമ്മയുടെ വീടന്വേഷിച്ച്, തൻെറ കോളിംഗ് ബെല്ലിൽ വിരലമർത്തിയ, തൻെറ ബാല്യകാല സൗഹൃദം. ഒരു വിവാഹം കൊണ്ട് മുറിച്ചുമാറ്റപ്പെട്ട ഒത്തിരി ബന്ധങ്ങളിൽ ഒന്ന്.

"ഊർമ്മിള ഏറെ മാറിയിരിക്കുന്നു, തിരിച്ചറിയാനാവാത്ത വിധം." ദർപ്പണത്തിൽ പതിയുന്ന തൻെറ തന്നെ പ്രതിബിംബം താൻ പോലും തിരിച്ചറിയുന്നില്ല എന്ന് അവളോർത്തു.

കൃഷ്ണൻ മിസ്റ്റർ വർമ്മയുടെ വീട്ടിലേക്കു കയറിപ്പോകുന്നത് ജാലകത്തിലൂടെ നോക്കി നിൽക്കുകയായിരുന്നു അവൾ. വർമ്മയുടെ പഞ്ചവർണ്ണ തത്ത കൂടിനുള്ളിൽ ശാന്തയായി കാണപ്പെട്ടു. ആകാശത്തേക്ക് നോക്കി അത് നിശ്ചലം ഇരിക്കുന്നു. അതിനെ കൂട്ടിലടച്ച ദിവസം അത് എന്ത് മാത്രം അസ്വസ്ഥയായിരുന്നു. ആ കൂട്ടിൽനിന്നും ഒരു രക്ഷപ്പെടൽ അസാധ്യമാണെന്ന് അത് മനസ്സിലാക്കിയ പോലെ. ആ സാഹചര്യങ്ങളുമായി അത് പോരുത്തപ്പെട്ടത് പോലെ...

മെല്ലെ മെല്ലെ കൃഷ്ണൻ പതിവ് സന്ദർശകനായി. ഊർമ്മിള അയാളുടെ വരവ് കാത്തിരിക്കാൻ തുടങ്ങി. ആ വീടിൻെറ നാല് ചുമരുകൾക്കുള്ളിൽ നിന്നും അയാൾ അവളെ നഗരകാഴ്ചകളിലേക്ക് കൂട്ടിക്കൊണ്ട് പോകാൻ തുടങ്ങി. അങ്ങനെ ഒരു സായഹ്നത്തിലാണ് കടൽ തീരത്തെ തിരക്കിനിടയിൽ തൻെറ ഭർത്താവിനെ അവൾ കാണാനിടയായത്. കൂടെ സുന്ദരിയായ ഒരു യുവതി. അയാളുടെ തോളിലേക്ക് മുഖം ചേർത്ത് തിരയിലേക്ക് നോക്കിയിരിക്കുന്നു. ആയാളും എത്ര സന്തോഷവാനാണ്. നാളിതുവരെ അവൾ കാണാതിരുന്ന അയാളുടെ മനോഹരമായ പുഞ്ചിരി അന്ന് ആദ്യമായി അവൾ കാണുകയായിരുന്നു.

അവൾക്ക് അത്ഭുതം തോന്നി. തൻെറ ഭർത്താവ്, മറ്റൊരു സ്ത്രീയോടൊപ്പം, തനിക്കു ദുഃഖം തോന്നേണ്ടതാണ്, താൻ കരയേണ്ടതാണ്, ദേഷ്യപ്പെടെണ്ടതാണ്. പക്ഷെ തനിക്കു തോന്നിയത് സന്തോഷമാണ്, ആശ്വാസമാണ്. തൻെറ കാലുകളെ ബന്ധിച്ചിരുന്ന അദൃശ്യമായ ആ ചങ്ങല അഴിഞ്ഞു വീണതുപോലെ. ഒരു വിവാഹം താനൊരിക്കലും ആഗ്രഹിച്ചിരുന്നില്ല. തൻെറ കുടുംബത്തിനു വേണ്ടി, തൻെറ മൂന്ന് സഹോദരിമാരുടെ ഭാവിക്ക് വേണ്ടി, തൻെറ ഇഷ്ടങ്ങളെ ത്യാഗം ചെയ്ത്, തൻെറ നാടും വീടും ഉപേക്ഷിച്ച്, ദത്തനൊപ്പം ഈ നഗരത്തിലേക്ക്...

അന്ന് അവൾ തന്റെ ഇഷ്ടങ്ങളിലേക്ക് ഒരു തിരിച്ച് പോക്കിനൊരുങ്ങി. അതിന് അവൾക്കിപ്പോൾ ഒരു കാരണം കിട്ടിയിരിക്കുന്നു. അക്ഷരങ്ങളിൽക്കൂടി ജീവിച്ച് അക്ഷരങ്ങളിൽ മരിക്കാൻ മാത്രം ആഗ്രഹിച്ചിരുന്ന അവൾ ചിന്തകളിൽ പോലും ഇല്ലാതിരുന്ന വിവാഹ ജീവിതത്തിലേക്ക് നടന്ന് കയറുമ്പോൾ ഏറ്റവും കൂടുതൽ അകറ്റി നിർത്തിയതും അക്ഷരങ്ങളെ തന്നെയായിരുന്നു. വിരസമായ ആ ജീവിതത്തോടൊപ്പം അക്ഷരങ്ങളെ കൂടെ കൂട്ടാൻ അവൾ ഒട്ടും തന്നെ താൽപര്യപ്പെട്ടില്ല. അന്ന് അവൾ ആ കാരണത്തെ കൂട്ട് പിടിച്ച് മുന്നോട്ട് നടന്നു, തന്റെ വിവാഹ ജീവിതത്തെ പിന്നിൽ ഉപേക്ഷിച്ചുകൊണ്ട് തന്നെ.

വർഷങ്ങളായുള്ള പൊടി പിടിച്ചിരുന്ന തൻെറ ആ പഴയ ഡയറി അവൾ കണ്ടെടുത്തു. അതിൻെറ ഒഴിഞ്ഞ താളുകളിൽ അന്നുവരെ മനസ്സിൽ സൂക്ഷിച്ചിരുന്ന അക്ഷരങ്ങളെ പകർത്തികഴിഞ്ഞപ്പോൾ അവൾക്കെന്തെന്നില്ലാത്ത ആശ്വാസം തോന്നി. അന്ന് ദർപ്പണത്തിൽ കണ്ട തൻെറ പ്രതിബിംബത്തിൽ ആ പഴയ ഊർമ്മിളയെ അവൾ തിരിച്ചറിഞ്ഞു.

അവളുടെ അക്ഷരങ്ങൾ ഇന്നൊരു പുസ്തകമായിരിക്കുന്നു. ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു കഥാസമാഹാരം. എല്ലാത്തിനും സഹായിയായത് കൃഷ്ണനും. ആദ്യമായി അവളുടെ അക്ഷരങ്ങളിൽ അച്ചടിമഷി പുരളാൻ സഹായിച്ചതും അയാളുടെ സൗഹൃദമായിരുന്നു.

ഇന്ന് സാഹിത്യ ലോകത്ത് അവൾക്കും ഒരു ഇരിപ്പിടം ലഭിക്കുന്ന ദിനം. അവളുടെ അക്ഷരങ്ങളെ അംഗീകരിക്കുന്ന ദിനം, ആദ്യമായ് അവൾക്ക് ഒരു അവാർഡ് ലഭിക്കുന്ന ദിനം. ദർപ്പണത്തിൽ പ്രതിഫലിച്ച അവളുടെ പ്രതിച്ഛായ ഇപ്പോൾ അവൾക്കു ചിരപരിചിതമായ ആ പഴയ ഊർമ്മിള തന്നെ ആയിരിക്കുന്നു. വളരെ കാലങ്ങൾക്ക് ശേഷം ഇന്ന് എന്തുകൊണ്ടോ അയാളുടെ, ദത്തൻെറ ഓർമ്മകൾ അവളെ അസ്വസ്ഥയാക്കികൊണ്ടിരുന്നു.

അയാൾ ഒരു പുതിയ ജീവിതം തുടങ്ങിയിട്ടുണ്ടായിരിക്കും, ആ യുവതിയുമൊത്ത്. എന്നേ അടച്ച താളുകൾ, അത് വീണ്ടും തുറന്നാൽ വേദനയല്ലാതെ ഒന്നും ലഭിക്കാനില്ല. തൻെറ ജീവിതത്തിൻെറ ഏറ്റവും സുന്ദര നിമിഷങ്ങൾ, അത് ഏറ്റവും സന്തോഷത്തോടെ തന്നെ കടന്നുപോകണം.

അവാർഡ് ദാന ചടങ്ങിനു ശേഷം അഭിനന്ദനങ്ങൾ അറിയിക്കാൻ എത്തിയവരുടെ തിരക്ക്. മാധ്യമങ്ങളുടെ തിരക്ക്. എല്ലാ തിരക്കുകളുമൊഴിഞ്ഞ് മടങ്ങാൻ തുടങ്ങുമ്പോഴാണ് അങ്ങ് ദൂരെ ചെമ്പകമരച്ചോട്ടിൽ ഒരാൾ അവളെ തന്നെ നോക്കി നിൽക്കുന്നത് അവൾ ശ്രദ്ധിച്ചത്. മുടിയിഴകൾ നരച്ചു തുടങ്ങിയിരിക്കുന്നു. മുഖത്ത് ഒരു കണ്ണട സ്ഥാനം പിടിച്ചിരിക്കുന്നു. എങ്കിലും ഒറ്റ നോട്ടത്തിൽ അവൾ ആ മുഖം തിരിച്ചറിഞ്ഞു.

"ദത്തൻ."

അവൾ സ്വയം അറിയാതെ തന്നെ അയാൾക്കരികിലേക്കു നീങ്ങി.

"അഭിനന്ദനങ്ങൾ നേരിട്ടറിയിക്കണമെന്ന് തോന്നി. അതാ കാത്തുനിന്നത്."

"വന്നല്ലോ സന്തോഷം. ഒറ്റയ്ക്കാണോ വന്നത്? കുടുംബത്തെ ഒപ്പം കൂട്ടിയില്ലേ?"

"അമ്മ കിടപ്പിലാണ്. അച്ഛൻ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു."

"ഒന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഒരു തിരിഞ്ഞു നോട്ടം, അത് രണ്ടാൾക്കും ഭാരമാകും എന്ന് കരുതി അറിഞ്ഞുകൊണ്ടുതന്നെ ഒഴുവാക്കുകയായിരുന്നു. ഭാര്യയെ ഒപ്പം കൂട്ടാമായിരുന്നില്ലേ."

"ഭാര്യയോ?"

"അതെ. അന്ന് കടപ്പുറത്ത് ഒരു യുവതിയെ ഒപ്പം കണ്ടിരുന്നു."

"ഞാൻ ഒരു വിവാഹമേ ചെയ്തുള്ളൂ. ഒരു ഭാര്യയെ ഉണ്ടായിരുന്നുള്ളൂ. ഒരിക്കൽ മാത്രമേ സ്നേഹിച്ചിരുന്നുള്ളൂ. വിവാഹം കഴിഞ്ഞ ആദ്യ നാളിൽ തന്നെ ഞാൻ തിരിച്ചറിഞ്ഞു, താൻ ഒരു വിവാഹ ജീവിതം ഇഷ്ടപെടുന്നില്ല എന്ന്. താൻ സ്നേഹിക്കുന്നത് അക്ഷരങ്ങളെ മാത്രമാണെന്ന്.

തൻെറ വഴിയിൽ ഒരു തടസ്സമാവാതിരിക്കാൻ, കുറ്റബോധമില്ലാതെ തന്നെ തനിക്ക് തൻെറ ഇഷ്ടങ്ങളിലേക്ക് തിരികെ പോകാൻ, എല്ലാം അതിനായി മാത്രം. സ്വയം ഒരു ഇറങ്ങിപ്പോക്ക് അത് എനിക്ക് കഴിയുമായിരുന്നില്ല. അന്നും ഇന്നും...

പുസ്തകങ്ങൾ എല്ലാം ഞാൻ വായിക്കാറുണ്ട്. ഇനിയും ഉയരങ്ങളിൽ എത്തട്ടെ."

ദൂരേക്ക് നടന്നകലുന്ന ദത്തൻെറ ചിത്രത്തെ നീർപ്പാളികൾ അവളുടെ മിഴികളിൽ നിന്ന് മറച്ചുകളഞ്ഞു. സ്നേഹം നീറുന്ന വേദന കൂടി ആണെന്ന് ആ അശ്രുകണങ്ങൾ അവളോട് മെല്ലെ ചൊല്ലിയോ?

അന്ന് ആദ്യമായി അവൾക്കുതോന്നി, ദർപ്പണത്തിൽ പ്രതിഫലിച്ച തൻെറ പ്രതിബിംബം അപൂർണ്ണമാണെന്ന്, എല്ലാ നേട്ടങ്ങൾക്കുമൊടുവിൽ തൻെറ ജീവിതം വലിയൊരു നഷ്ടമാണെന്ന്.

●

# മഴക്കാലസന്ധ്യകൾ

ശങ്കരൻ കോറോം
9496314677


മഴക്കാല സന്ധ്യകൾ,
മധുരമോഹന സന്ധ്യകൾ
നിറവർണ്ണ സന്ധ്യകൾ...

മനമറിഞ്ഞുപാടിടാം,
ചെറുതാളമിട്ട് കവിതകൾ...

മഴക്കാല സന്ധ്യകൾ,
ഇമ്പമകന്ന് പെയ്യവെ,
ഉള്ളിലാളുന്നു, ചെറുഭീതി...

പതിവ് കാഴ്ചകൾ മായുന്നു,
മഴ, നോവിൻ പ്രവാഹമാകുന്നു...

# മഴ മേഘങ്ങളേ...



ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

വൃഷ്ടി
അലിവിൻ
നിലാവായെൻ
ഹൃത്തടങ്ങളിൽ

വൃഷ്ടി
പ്രത്യാശ തൻ
മാലാഖയായവളുടെ
വെളുവെളുത്ത്
കുഞ്ചുകളെന്മാറിടത്തിൻ,
ദിവാസ്വപ്നങ്ങളിലെ
അമ്പിളിയായുമെന്റുള്ളകത്ത്.

വൃഷ്ടി
പ്രണയത്തിൻ മഹാ-
ദാരുശില്പമായ്
പകൽ കിനാവായ്
പതിഞ്ഞെൻ
നെഞ്ചകത്ത്

വൃഷ്ടി
അനുരാഗത്തിൻ
ദുഃഖഛവി
യായലിഞ്ഞെൻ
ഹൃദയധമനികളിൽ

വൃഷ്ടി
തോരാ മഴയായ്
പ്രളയതാണ്ഡവ
നടനമാടി
യെന്നന്തരാളങ്ങളിൽ

വൃഷ്ടി
തീമഴയായൊരു
വിങ്ങലോടെ
പൊട്ടിത്തകർന്നെൻ
സിരകളിൽ

വൃഷ്ടി ദീപ്തമായ്
പ്രണയോപഹാരമായ്
മൃദുലമായ്
തലോടിയെൻ,
വ്രണിതമാമാത്മാവിനെ
മഴമേഘങ്ങളെ
നിങ്ങളെ
ഞാൻ
കാമിച്ചിടട്ടെ...

# ഗതിവിഗതികൾ അഥവാ പൊന്നിൻകുരിശ്



ഇന്ദു മാരാത്ത്
9947678213

**ഒ**രു നാട്ടിൽ പൊന്നുവെന്ന സ്ത്രീയും കുടുംബവും താമസിച്ചിരുന്നു. എന്നും മുന്നൂറ്ററുപത്തഞ്ചും മുപ്പത്തിമുക്കോടി ദൈവങ്ങളേയും കൂട്ടുപിടിച്ച് സകലമാന അമ്പലങ്ങളും കേറിയിറങ്ങുന്ന ആയമ്മയുടെ ഭർത്താവ് പൊടുങ്ങനെ ഒരുദിനം മരണപ്പെട്ടു. പൊന്നുമ്മ നെഞ്ചത്തടിച്ച് നിലവിളിച്ചു.

''ഏതുനേരോം ദൈവത്തിന്റെയടുക്കല് വന്നുപോണ നല്ലോളായ എനിക്കീ വിധി വരുത്തിയല്ലോ... ഞങ്ങടെ കുടുമ്മത്ത് മാട്ടും മാരണോം ചെയ്ത് ദ്വേഷിക്കാൻ ഏതവര് നോക്കിയാലും നശിച്ചേ പോകൂ. എല്ലാരേം നല്ലത് മാത്രം വിചാരിക്കണ, സത്യം മാത്രം പറയണ, എന്നെ കൂടോത്രം ചെയ്യാനൊരുങ്ങി നിക്ക്ന്ന എല്ലാതുങ്ങളും പുഴുത്തു ചാകും ...''

ആയമ്മക്കിഷ്ടമില്ലാത്ത പെണ്ണുങ്ങളെല്ലാം വിധവകളാകാനും ആണുങ്ങളെല്ലാം ഭ്രാന്തായിപ്പോകാനും മുടങ്ങാതെ വഴിപാടുകൾ ദൈവത്തിന്ന് നടത്തികൊണ്ടിരുന്നു.

''... എന്റെ പിള്ളേരേ കഷ്ടപ്പെട്ട് വളർത്തി പാകമാക്കി സമ്പാദിക്കാറാക്കിയത് കണ്ടോർക്ക് തിന്നാനും കൊടുക്കാനുമല്ല. ആരോട് വേണേങ്കിലും ചോദിക്ക് എന്നേം മക്കളേം പോലെ നല്ലോര്ണ്ടോ ഈ നാട്ടിലെന്ന്. ആ ഞങ്ങളെ പഴി വിചാരിക്കാൻ മുതിരുന്നോരെ വെഷപ്പാമ്പ് കൊത്തിപ്പോവും. അസൂയക്കൂട്ടങ്ങള്.''

പൊന്നുനാവിൻ വിളയാട്ടത്തിന് മുന്നിൽനിന്ന് നാട്ടുകാരും ബന്ധുക്കളും ദൂരെ മാറിപ്പോയി. അബദ്ധത്തിന് അവരുടെ കണ്ണിൽ പെട്ടവർ ഒരുവിധം രക്ഷപ്പെടാൻ നോക്കിയാൽ ''നീയൊക്കെ മനസ്സിലൊന്ന് വെച്ച് വെളിയിൽ പുന്നാരം പറയല്ലേ.. എല്ലാം ഇടിവെട്ടിയും കാലൻപോത്ത് കുത്തിയും പണ്ടാരടങ്ങും, നോക്കിക്കോ. ഞാൻ വിളിക്കണ ദൈവങ്ങൾക്ക് അത്രക്കാ ശക്തി.'' എന്ന് പൊന്ന് ഹൃദയം നാക്കിലൂടെ പുറത്തു വരും.

പിന്നെ, നാട്ടുകാർ കേട്ടു പൊന്നുവിന്റെ മകൾക്ക് അകാല വൈധവ്യം സംഭവിച്ചതും കരൾരോഗം മൂർച്ഛിച്ച് ചികിത്സയിലെന്നും ഒരു മകൻ പേപ്പട്ടിയുടെ കടിയേറ്റ് വല്ലാത്തയവസ്ഥയിലാണെന്നും, മറ്റൊയാൾ ലോറിയിടിച്ച് അബോധാവസ്ഥയിൽ ശ്വാസം മാത്രമായി കിടപ്പിലാണെന്നതും. ആയമ്മ ദേഹമാകെ വ്രണം നിറഞ്ഞ് പഴുത്ത് ആരും തിരിഞ്ഞ് നോക്കാനില്ലാതെ വീടിനകത്ത് ഇഴ ഞ്ഞു നടക്കുന്നതും.

എന്നാലും ഇത്രയൊക്കെ ദൈവത്തിന് നല്ലത് ചെയ്തിട്ടും നല്ലവരായ അവർക്ക് ദൈവം ഈ ഗതി വരുത്താൻ പാടുണ്ടോ...?!

---

ഓർക്കുവാനും ഓമനിയ്ക്കുവാനും

## ചില പഴമൊഴികൾ

**തുപ്പത്ത് അപ്പുക്കുട്ടൻ നായർ**
**തൃക്കേപ്പറ്റ, 9446630412**


1. കർത്താവ് കുരുടനുപോലും കാഴ്ച നൽകിയിരുന്നു. ആ ഒരേ ഒരു വിശ്വാസമാണ് സത്യക്രിസ്ത്യാനികളെ കണ്ണാശുപത്രികൾ ആരംഭിക്കുവാൻ പ്രേരിപ്പിച്ചത്. വിശ്വാസം രക്ഷിക്കും.

2. തീണ്ടാരിയായ സ്ത്രീകൾ നിർമ്മിക്കുന്ന ചന്ദനത്തിരികളും കർപ്പൂരവും കത്തിക്കുന്നതിൽ ദൈവത്തിനുപോലും പരാതിയില്ല പിന്നെ എന്തിനീ മനുഷ്യർക്ക് അശുദ്ധം?

3. കല്യാണം കഴിഞ്ഞാൽ സ്ത്രീകളുടെ ജീവിതം ആരംഭിക്കുന്നു. പുരുഷന്മാരുടെ ജീവിതാവസാനവും.

---

■ ദൈവനാമത്തിൽ



## പൂർത്തീകരണം

**ഇ**സ്ലാമെന്നത് ഒരു മതമല്ല, അറേബ്യയിൽ നിന്നും വന്നതുമല്ല. പരബ്രഹ്മത്തിന്റെ ഇഷ്ടക്കാരാവാനുള്ള മാർഗ്ഗത്തെ അറബി ഭാഷയിൽ 'ഇസ്ലാ'മെന്ന് പറയുന്നു. 'എല്ലാ പ്രപഞ്ചഘടകങ്ങൾക്കും കാരണഭൂതനായ എന്നെ മാത്രം ധ്യാനിച്ചുകൊണ്ട് പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യുന്നവനെയാണെനിക്കിഷ്ടം' എന്ന ഗീതാ വചനത്തിന്റെ പൂർത്തീകരണം മുഹമ്മദ് നബിയിലൂടെ അല്ലാഹു (പ്രപഞ്ചനാഥൻ) നിർവ്വഹിച്ചുവെന്നുമാത്രം.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

## ഏക തത്ത്വ പുസ്തകപ്രകാശനം 2019 ഏപ്രിൽ 21. കൊച്ചിയിലെ വേദി...



### ഡോ. ആശ ജയകുമാർ കൈലാസിയുടെ യാത്രാവിവരണം

# കൈലാസ്-മാനസരോവർ-നേപ്പാൾ യാത്ര

ഡോ. ആശ ജയകുമാർ കൈലാസിയുടെ യാത്രാവിവരണം ‘കൈലാസ്-മാനസരോവർ-നേപ്പാൾ യാത്ര’ എന്ന പുസ്തകം 2019 ഏപ്രിൽ 21ന് കൊച്ചിയിലെ പള്ളുരുത്തിയിലുള്ള ധന്വന്തരി ക്ഷേത്ര ഹോളിൽ വൈകുന്നേരം 3.30ന് പ്രകാശിതമായി. ഏക തത്ത്വ എഡിറ്റർ ഇ. ടി. മുരളീധരൻ അദ്ധ്യക്ഷനായ ചടങ്ങിൽ ശ്രീ. പി. ആർ. ദിവാകർ ശ്രീ. ദയാനന്ദ് ദാസിന് നല്കിക്കൊണ്ട് പുസ്തകം പ്രകാശനം ചെയ്തു. ശ്രീ. വേണുഗോപാൽ കൈലാസി പുസ്തകം പരിചയപ്പെടുത്തി. തുടർന്ന് ആശ ഡോക്ടറുടെ കുടുംബമാസികയായ കുടുംബശ്രീയുടെ നൂറ്റിയിരുപതാം പതിപ്പ് ശ്രീമതി. പുഷ്പ നവീൻ ശ്രീമതി. സൂര്യാ അശോകിന് നല്കിക്കൊണ്ട് പ്രകാശിപ്പിച്ചു. ബേബി ദുർഗ്ഗാ ദിലീപിന്റെ പ്രാർത്ഥനയോടെ ചടങ്ങുകൾ ആരംഭിച്ചു. പി. എസ്. ആർ. ഷേണായി -വത്സലയുടെ മക്കൾ ദീപം തെളിയിച്ചു. ശ്രീമതി. പുഷ്പ നവീൻ സരസ്വതി സ്തുതിയും പള്ളുരുത്തി ശ്രീനിവാസ് സിസ്റ്റേഴ്സ് കാവ്യാർച്ചനയും നടത്തി. ചടങ്ങിന് ഡോ. ജയകുമാർ സ്വാഗതവും ഡോ. ആശ ജയകുമാർ മറുപടിയും നന്ദിയും പ്രകാശിപ്പിച്ചു. ഏക തത്ത്വ മാനേജിംഗ് എഡിറ്റർ ശ്രീമതി. ബിന്ദു, ശ്രീമതി. ഓമന തുടങ്ങി നിരവധി പേർ ആശംസകൾ നല്കി. ബേബി ദേവി കൃഷ്ണ കവിത ആലപിച്ചു. ബേബി നന്ദന സിനിമാഗാനമാലപിച്ചു. വൈകീട്ട് ആറിന് ലഘുഭക്ഷണത്തോടെ പരിപാടികൾക്ക് വിരാമമായി. ഏക തത്ത്വയാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.



വേദി



സദസ്സ്

Published on 15/04/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 6, May 2019, Rs15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019




For Typing, Designing, Printing and Publishing Contact

ഏകതത്വ

9446443321,9387118131

Eka Thathwa assure you the quality and honesty in printing and publishing

